‘ആവർത്തിക്കുന്ന സംസാരേ ചാവുന്നേവൻജനിച്ചിടാ
ഏവൻ കുലമുയർത്തിടുമവനത്രേ ജനിച്ചവൻ’

**Kshatra Sandesam**
Quarterly News Magazine of
Kshatriya Kshema Sabha
July-September 2011
Me 1186 Karkidakam - Kanni
Volume 11 Issue 3

ക്ഷാത്രസന്ദേശം
ക്ഷത്രിയ ക്ഷേമ സഭയുടെ
ത്രൈമാസ വാർത്താപത്രിക
ജൂലൈ - സെപ്റ്റംബർ 2011
1186 കർക്കിടകം - കന്നി
വാല്യം 11, ലക്കം 3

# വിഷയവിവരം


| | |
|---|---|
| പത്രാധിപക്കുറിപ്പ് | 1 |
| വായനക്കാരുടെ കത്തുകൾ | 2 |
| ഉറച്ച കാൽവെയ്പുകളോടെ മുന്നേറാം | 3 |
| **പി. ജി. ശശികുമാരവർമ്മ** | |
| ശ്രീപത്മനാഭ കനകപ്രഭോ | 4 |
| **ജസ്റ്റീസ് സി. എസ്. രാജൻ** | |
| വേണാട് (തിരുവിതാംകൂർ രാജവംശം) | 7 |
| **ഡോ. ആർ. പി. രാജാ** | |
| കൊടുങ്ങല്ലൂർ രാജവംശം - വിദ്വാന്മാരും വിദുഷികളും | 10 |
| **കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ** | |
| കൂപമണ്ഡൂകങ്ങൾ | 13 |
| **കെ. സി. വി. ഇ. രാജ ബാംഗ്ലൂർ** | |
| ഭാഗവതഹംസം മള്ളിയൂർ | 15 |
| **കെ. രവിവർമ്മ, കിളിമാനൂർ** | |
| എന്റെ മുതലാളി | 16 |
| **കെ. എൻ. എസ്. വർമ്മ** | |
| ശുദ്ധ സംഗീതത്തിന്റെ സ്വരരാഗസുധയ്ക്ക് പ്രണാമം | 17 |
| **ആർ. വി. രാമഭദ്രൻ തമ്പുരാൻ, തൃപ്പൂണിത്തുറ** | |
| രാജവീഥികളിലൂടെ | 18 |
| **രാജകൃഷ്ണൻ** | |
| ഓണത്തിന്നവധി | 18 |
| **പി. കെ. എസ്. രാജ** | |
| ശ്രീകൃഷ്ണവിലാസത്തിലെ സുമേരുശൈലം - ഒരു പഠനം | 19 |
| **ഡോ. കെ. സി. എം. രാജ** | |
| മംഗളപത്രം | 21 |
| **പ്രൊഫ. ടി. കെ. ഭാസ്ക്കരവർമ്മ** | |
| തിരുമുല്പാട് | 22 |
| **പി. കേരളവർമ്മ** | |
| തീർത്ഥയാത്ര | 23 |
| **ഹൈമവതി വർമ്മ** | |
| ശ്രീകൃഷ്ണ സ്തുതി | 26 |
| **കുഞ്ഞനുജത്തി തമ്പുരാട്ടി** | |
| പാഠശാല | 27 |
| **കെ. ഹരികൃഷ്ണ വർമ്മ** | |
| ഷോഡശക്രിയ കർമ്മപദ്ധതി | 29 |
| വളരുന്ന പ്രതിഭകൾ | 32 |
| പുസ്തകജാലകം | 25 |
| **ശ്രീലക്ഷ്മി. എസ്.** | |
| വാർത്തകൾ - വിശേഷങ്ങൾ | 34 |
| വൈവാഹികം | 40 |


പത്രാധിപക്കുറിപ്പ്

## എലിയെ തോൽപ്പിച്ച് ഇല്ലം ചുടുകയോ ?

കേരളത്തിൽ വികസനം വളരുന്നതിനെക്കാൾ വേഗത്തിലാണ് സമരം വളരുന്നതെന്ന പല്ലവി പണ്ടേ കേൾക്കുന്നതാണ്. ജനജീവിതം താറുമാറാക്കുന്നവിധം സമരങ്ങൾ അക്രമാസക്തമാവുകയും പൊതുമുതൽ നശിപ്പിക്കുന്നതുപോലുള്ള ഹീനകൃത്യങ്ങളിലേക്ക് അവ വ്യാപിക്കുകയും ചെയ്യുന്നത് സംസ്കാരം കൊണ്ടും വിദ്യാഭ്യാസം കൊണ്ടും പ്രബുദ്ധതയാർജ്ജിച്ച കേരളം നേരിടുന്ന വലിയ ശാപമാണ്. ഭരണകൂടങ്ങൾ സ്വീകരിക്കുന്ന തെറ്റായ നയങ്ങളും തീരുമാനങ്ങളുമാണ് സമരങ്ങൾക്ക് ഇടയാക്കുന്നതെന്ന് ഭരിക്കുന്ന പാർട്ടികൾക്കും അവർ നേതൃത്വം കൊടുക്കുന്ന സംഘടനകൾക്കും അറിവുള്ളതായിട്ടും ഇവിടെ നിയമവാഴ്ചയെ മറികടന്നുകൊണ്ട് സമരങ്ങൾ മുന്നേറുന്ന കാഴ്ചയാണ് നിത്യേന കാണുന്നത്. പൊതുമുതൽ നശിപ്പിക്കുന്നത് ഒന്നിനും ഒരു പരിഹാരമാകുന്നില്ല; മറിച്ച് അതുമൂലം സർക്കാരിനുണ്ടാക്കുന്ന നഷ്ടം നികത്തേണ്ടതിന്റ ഉത്തരവാദിത്വം ജനങ്ങൾക്കാണെന്നത് സമരക്കാരെയും ബാധിക്കുന്നതാണെന്ന യാഥാർത്ഥ്യം പോലും അവർ വിസ്മരിക്കുന്നു. ജനാധിപത്യമര്യാദകളുടെ ലക്ഷ്മണരേഖ ലംഘിച്ചുകൊണ്ട് സംഘടനകളെ–വിശിഷ്യ വിദ്യാർത്ഥി സംഘടനകളെ–തെരുവുകളിലേക്കിറക്കിവിടുന്നത് കണ്ട് സഹികെട്ടിട്ടാണ് നീതിപീഠം ഇപ്പോൾ രംഗത്തുവന്നിരിക്കുന്നത്. പൊതുമുതൽ നശിപ്പിക്കുന്നതുമൂലം ഉണ്ടാകുന്ന നഷ്ടം അത് ചെയ്യുന്ന സമരക്കാരിൽനിന്നുതന്നെ ഈടാക്കണമെന്ന കോടതി വിധി ഏറെ വൈകിയാണ് വന്നതെങ്കിലും സ്വാഗതാർഹം തന്നെ. കുറ്റം ചെയ്യുന്നവരും കുറ്റകൃത്യത്തിനു പ്രേരിപ്പിക്കുന്നവരും ശിക്ഷാർഹരാണെങ്കിലും രണ്ടാമത്തെ കൂട്ടർ– അതായത് രാഷ്ട്രീയ നേതാക്കൾ–നിർബാധം ഇവിടെ സമരങ്ങൾ അഴിച്ചുവിടാൻ പ്രേരണ നൽകുന്നതിൽ വ്യാപൃതരാണ്. ഏതു സർക്കാർ ഭരിച്ചാലും ഇതുതന്നെയാണ് ഈ നാട്ടിലെ സ്ഥിതി. നീതിപീഠത്തിന്റെ ഈ ഉത്തരവെങ്കിലും ഇവരുടെ കണ്ണുതുറപ്പിച്ചെങ്കിൽ!

“ ഒരുത്തൻ പാപകർമ്മം ചെയ്തീടിലതിൻ ഫലം
പരക്കെയുള്ള മഹാജനങ്ങൾക്കൊക്കെ കിട്ടും ” എന്ന നീതിസാരം സമരനേതാക്കൾ ഓർക്കുക.

**പത്രാധിപ സമിതി**
**എം. രവിവർമ്മ രാജാ**
*മുഖ്യപത്രാധിപർ*
**ഡോ. എഴുമറ്റൂർ രാജരാജവർമ്മ**
**ദിനേശ്**
**സെക്രട്ടറി, ക്ഷത്രിയക്ഷേമസഭ**
**ടി.എൻ. ആദിത്യവർമ്മ തമ്പാൻ**
**ആർ. കിഷോർ കുമാർ വർമ്മ**

ഓഫീസ് നിർവഹണം : ആർ. രാജരാജവർമ്മ

**മുഖചിത്രം: കാലകേയ വധത്തിൽ അർജുനൻ. വേഷം: ഫാക്ട്, ജയദേവവർമ്മ**

# വായനക്കാരുടെ കത്തുകൾ

ഇടപ്പള്ളിയിൽ വച്ച് നടന്ന ക്ഷത്രിയക്ഷേമസഭയുടെ വാർഷിക പൊതുയോഗത്തിൽ ക്ഷാത്രസന്ദേശത്തെക്കുറിച്ച് നടന്ന ചർച്ചയിൽ വായനക്കാരുടെ പ്രതികരണക്കുറവിനെപ്പറ്റിയുള്ള പരാമർശമാണ് ഈ കത്തെഴുതാൻ പ്രേരണ.

ക്ഷാത്രസന്ദേശം ഏപ്രിൽ–ജൂൺ ലക്കത്തിൽ ക്ഷത്രിയരുടെ സാംസ്ക്കാരിക ഐക്യത്തിന്റെ പ്രസക്തിയെക്കുറിച്ച് പ്രസിഡന്റിന്റെ കത്ത് വളരെ ശ്രദ്ധേയമായി. ഇക്കാര്യത്തിൽ ഗൗരവപൂർണ്ണമായ പ്രവർത്തനം ഉറപ്പു വരുത്തുന്നതിന് ചില മുന്നൊരുക്കങ്ങളുടെ ആവശ്യകതയും കത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു.

ഈ അവസരത്തിൽ ഒരു നിർദ്ദേശം മുന്നോട്ടു വയ്ക്കുവാൻ ആഗ്രഹിക്കുന്നു. ഇപ്പോൾ ക്ഷാത്രസന്ദേശത്തിൽ വാർത്തകൾ, വിശേഷങ്ങൾ എന്ന പംക്തിയിൽ പ്രധാനമായും ജില്ലാ പ്രാദേശിക യൂണിറ്റുകളുടെ കഴിഞ്ഞുപോയ മീറ്റിംഗുകളുടെയും പ്രവർത്തനങ്ങളുടെയും റിപ്പോർട്ടാണ് കണ്ടുവരുന്നത്. എന്നാൽ ഇവയ്ക്കുപുറമേ അടുത്ത ഒരു ക്വാർട്ടറിൽ നടത്തുവാൻ മുൻകൂട്ടി നിശ്ചയിക്കുന്ന പ്രാദേശിക യൂണിറ്റുകളുടെ വാർഷിക/വിശേഷാൽ യോഗങ്ങളുടെ വിവരം പ്രസിദ്ധപ്പെടുത്തുകയും പ്രസ്തുത യോഗങ്ങളിലേക്ക് സമീപസ്ഥലത്ത് തത്സമയങ്ങളിൽ എത്തിച്ചേരാൻ ഇടയുള്ള മറ്റു യൂണിറ്റ് അംഗങ്ങളെ ക്ഷണിക്കുകയും ചെയ്താൽ കൂടുതൽ ഐക്യം ഉറപ്പാക്കാൻ കഴിയും. ഇതിനു വേണ്ട അറിയിപ്പുകൾക്ക് ക്ഷാത്രസന്ദേശത്തിൽ ഒരു കോളം നീക്കിവയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഒന്നുരണ്ടു കാര്യങ്ങൾ കൂടി. ഒന്ന്, ക്ഷത്രിയക്ഷേമസഭ വിവാഹ രജിസ്ട്രേഷൻ ആരംഭിക്കുമ്പോൾ സഭാംഗങ്ങളുടെ വിവാഹം നിർബന്ധമായും രജിസ്റ്റർ ചെയ്യണമെന്ന് ഒരു നിർദ്ദേശം ക്ഷാത്രസന്ദേശം വഴിയും യൂണിറ്റുകൾ മീറ്റിംഗുകൾ വഴിയും നടത്തുക എന്നുള്ളതും രജിസ്റ്റർ ചെയ്യുന്ന എല്ലാ വിവാഹങ്ങളും ക്ഷാത്രസന്ദേശത്തിൽ 'വിവാഹിതരായി' എന്ന പംക്തിയിൽ ആരംഭിച്ച് പ്രസിദ്ധീകരിക്കുക എന്നതുമാണ്.

മറ്റൊരു കാര്യം ക്ഷാത്രസന്ദേശത്തിൽ പരസ്യനിരക്കുകൾ പ്രസിദ്ധപ്പെടുത്തുകയും സാധിക്കുമെങ്കിൽ വാർഷികത്തോടനുബന്ധിച്ച് ഒരു വിശേഷാൽ പ്രതി പുറത്തിറക്കാൻ ശ്രമിക്കണം എന്നുള്ളതുമാണ്.

**കെ. അശോകൻ,**
**വെള്ളാരപ്പള്ളി യൂണിറ്റ്**




ക്ഷാത്രസന്ദേശം – ശ്രീപത്മനാഭന്റെ മുഖചിത്രമുള്ളത്–ലഭിച്ചു. കൊടുങ്ങല്ലൂർ കോവിലകത്തിന്റെ ചരിത്രവും അവിടുത്തെ വിദ്വാന്മാരെയും വിദുഷികളെയും പറ്റി എഴുതിവരുന്ന ലേഖനവും – വിശിഷ്യ കവി സാർവ്വഭൗമൻ കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ അന്ത്യനാളുകൾ പ്രതിപാദിച്ചത്–വായനക്കാർക്ക് വളരെയേറെ പ്രയോജനപ്രദവും പുതിയ പല വായനാനുഭൂതികൾ സൃഷ്ടിക്കാൻ പര്യാപ്തവുമായി. ഈ ലേഖനത്തെപ്പറ്റി പത്രാധിപർക്ക് എഴുതാമെന്നു വിചാരിച്ചിരിക്കുമ്പോഴേക്കും കൊടുങ്ങല്ലൂർ കോവിലകത്തിന്റെ ചരിത്രം സവിസ്തരം പ്രതിപാദിച്ച ആ മഹദ് വ്യക്തി –കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ–ഈശ്വരപദം പ്രാപിച്ച വാർത്ത അറിഞ്ഞു. ആ മഹാത്മാവിന് നിത്യശാന്തി നേർന്നുകൊള്ളട്ടെ. അദ്ദേഹം ക്ഷാത്രസന്ദേശത്തിൽ തുടർച്ചയായി എഴുതിയ ലേഖനങ്ങൾ ഉൾക്കൊള്ളിച്ച് ഒരു പുസ്തകം പ്രസിദ്ധീകരിക്കുന്നത് വളരെയേറെ പ്രയോജനപ്രദമായിരിക്കും എന്നു കരുതുന്നു.

കുട്ടിയനിയൻ രാജ
ചെർപ്പുളശ്ശേരി.

## സാക്ഷിപത്രം

ക്ഷാത്രസന്ദേശം ഒക്ടോബർ –ഡിസംബർ 2010ലെ ത്രൈമാസികയിലെ വൈവാഹിക പംക്തിയിൽ ഞങ്ങളുടെ മകൻ ശ്രീ. അജയൻ നെടുങ്ങാടിയുടെ വിശദവിവരങ്ങൾ കൊടുക്കുവാനുള്ള ഒരവസരം ലഭിച്ചു. ശേഷം വടകര നട്ട് സ്ട്രീറ്റിലെ വൃന്ദാവനത്തിൽ ആയിരനാഴി കോവിലകം തങ്കമണി തമ്പുരാട്ടിയുടേയും പരേതനായ ശ്രീ. ഇ.കെ. ചന്ദ്രശേഖരൻ തമ്പുരാന്റേയും (എടവലത്ത് കോവിലകം, കടത്തനാട്) മകൾ മഞ്ജുളയുമായുള്ള അജയന്റെ വിവാഹം മെയ് 5,2011ന് അങ്ങാടിപ്പുറം തിരുമാന്ധാംകുന്ന് ഭഗവതി ക്ഷേത്രത്തിൽ നടന്നു എന്ന വിവരം സസന്തോഷം അറിയിക്കുന്നു.

ക്ഷാത്രസന്ദേശത്തിനും, പ്രത്യേകിച്ച് മാസിക മുഖ്യ പത്രാധിപർ എം. രവിവർമ്മ രാജ അവർകൾക്കും ഞങ്ങളുടെ ഹൃദയംഗമമായ നന്ദി രേഖപ്പെടുത്തുന്നു. പിന്നെ, മറക്കാനാവാത്ത ഒരു കാര്യം ശ്രീമാൻ രാജ ഈ മാസിക മെമ്പർഷിപ്പ് കാര്യത്തിലും അതുപോലെ വൈവാഹിക പംക്തിയെപ്പറ്റിയുള്ള വിവരങ്ങൾ വേണ്ടപോലെ ഞങ്ങളെ സഹായിച്ചു എന്നതിൽ വളരെ സന്തോഷമുണ്ട്. കാരണം കഴിഞ്ഞ രണ്ട്മൂന്ന് വർഷങ്ങൾക്കകമാണ് ഞങ്ങൾ കേരളത്തിൽ സ്ഥിരതാമസമാക്കിയത്.

*ശേഷം പേജ് 5–ൽ*

പ്രസിഡന്റിന്റെ കത്ത്

# ഉറച്ച കാൽവെയ്പുകളോടെ മുന്നേറാം

ക്ഷത്രിയക്ഷേമസഭയുടെ ചരിത്രത്തിലെ സുപ്രധാനമായ ഒന്നായി വിശേഷിപ്പിക്കാവുന്നതായിരുന്നു ആഗസ്റ്റ് 14ന് ഇടപ്പള്ളിയിൽ ചേർന്ന സംസ്ഥാന വാർഷിക പൊതുയോഗം. ദീർഘകാലമായി ചല അഭ്യുദയകാംക്ഷികളും ഏതാനും യൂണിറ്റുകളും ഉന്നയിച്ചുവന്ന ആശങ്കകൾക്കും സംശയങ്ങൾക്കും ശാശ്വതമായ പരിഹാരം നിർദ്ദേശിച്ചുകൊണ്ട് സഭയുടെ നിയമാവലി ഭേദഗതികൾ ഐകകണ്ഠ്യേന അംഗീകരിച്ചതായിരുന്നു ഈ പൊതുയോഗത്തെ സുപ്രധാനമാക്കിയതെന്നു ഞാൻ കണക്കാക്കുന്നു.

ദശാബ്ദങ്ങൾക്കു മുമ്പ് ഈ സഭ രൂപീകരിക്കുമ്പോൾ വളരെ കുറച്ച് സ്ഥലങ്ങളിൽ മാത്രമേ ക്ഷത്രിയരുടെ കൂട്ടായ്മയ്ക്ക് സംഘടിതരൂപം കൈവന്നിരുന്നുള്ളു. ദീർഘമായ ചർച്ചകൾക്കും അഭിപ്രായ രൂപീകരണങ്ങൾക്കും ശേഷം അംഗീകരിച്ച നിയമാവലിയിൽ കാലത്തിനനുസൃതമായി മാറ്റം വരുത്തേണ്ടത് അനിവാര്യമായിരുന്നു. സഭയുടെ പ്രാരംഭ കാലത്ത് പ്രവർത്തന സൗകര്യാർത്ഥം മറ്റേതൊരു സംഘടനയും ചെയ്യുന്നതുപോലെ ആജീവനാംഗങ്ങളെ ചേർത്തിരുന്നു. ആരംഭപ്രവർത്തനങ്ങൾക്ക് പണം സ്വരൂപീക്കുവാനുള്ള മാർഗ്ഗമായാണതിനെ കണ്ടത്. എന്നാൽ പിന്നീട് കേന്ദ്രസഭയിൽ അഫിലിയേറ്റു ചെയ്യപ്പെട്ട യൂണിറ്റുകളുടെ അഭിപ്രായം കണക്കിലെടുത്ത് കേന്ദ്രീകൃത രീതി എന്നതുമാറ്റി ഫെഡറൽ സംവിധാനമായി. അഫിലിയേറ്റു ചെയ്യപ്പെട്ട യൂണിറ്റുകൾ അവരുടേതായ നിയമാവലിയുടെ അടിസ്ഥാനത്തിൽ പ്രവർത്തിക്കുവാനും സ്ഥാവരജംഗമ സ്വത്തുക്കൾ സമ്പാദിക്കുവാനും സംരക്ഷിക്കുവാനുമുള്ള അധികാരത്തോടെ കേന്ദ്രസഭയുടെ പ്രവർത്തനത്തിൽ സഹായിക്കുവാനും ഇതോടെ സാധിച്ചു. അതോടെ കേന്ദ്രസഭയിൽ ആജീവനാംഗങ്ങളെ ചേർക്കുന്നത് അവസാനിപ്പിച്ചു. ആജീവനാംഗങ്ങളെ ഒഴിവാക്കുന്നതുൾപ്പെടെ നിയമാവലിയിൽ ഭേദഗതികൾ നിർദ്ദേശിക്കുവാൻ പ്രവർത്തക സമിതി നിയോഗിച്ച ഉപസമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഭേദഗതികൾ അംഗീകരിച്ചത്. ആജീവനാംഗങ്ങളെ ഒരു പ്രത്യേക യൂണിറ്റായി കണക്കാക്കുവാനും മറ്റേതൊരു യൂണിറ്റിൽ നിന്നെന്നപോലെ കേന്ദ്രസഭയിലേക്കും പ്രതിനിധികളെ അയയ്ക്കാനുമാണ് ഭേദഗതി വിഭാവനം ചെയ്തിരിക്കുന്നത്. അതായത്, സഭയിൽ അഫിലിയേറ്റു ചെയ്യപ്പെട്ട യൂണിറ്റുകളുടെ അധികാരാവകാശങ്ങളെ ഒരു തരത്തിലും ബാധിക്കാതെയും എന്നാൽ വന്ദ്യവയോധികരായ അവരെ പൂർണ്ണമായും ഒഴിവാക്കാതെയുമാണ് മാറ്റങ്ങൾ വരുത്തിയിട്ടുള്ളത്. കേന്ദ്രസഭയിൽ അഫിലിയേറ്റു ചെയ്യുന്നതിന് തടസ്സമായി ഈ പ്രശ്നം ഉന്നയിച്ചവർ ഈ മാറ്റം ഉൾക്കൊണ്ട് ക്ഷത്രിയരുടെ മുഖ്യധാരയിലേക്ക് വരണമെന്ന് സംഘടനയുടെ പ്രസിഡന്റെന്ന നിലയിൽ ആദ്യമായി അഭ്യർത്ഥിക്കുന്നു. ഇതു സംബന്ധിച്ച് ഇനിയും സംശയങ്ങൾ ഉണ്ടെങ്കിൽ ചർച്ചയിലൂടെ ദൂരീകരിക്കാവുന്നതേയുള്ളൂവെന്നും അറിയിക്കട്ടെ.

പൊതുയോഗത്തിൽ ഉയർന്നുവന്ന പ്രധാന വിഷയങ്ങളിൽ ഒന്ന് ത്രൈമാസികയായി പ്രസിദ്ധീകരിക്കുന്ന ക്ഷാത്രസന്ദേശം ദ്വൈമാസികയെങ്കിലും ആക്കണമെന്നുള്ള നിർദ്ദേശമായിരുന്നു. തികച്ചും ന്യായമായ നിർദ്ദേശമാണത്. സമാന സംസ്ക്കാരമുള്ള സംഘടനകളുടെ മുഖപത്രങ്ങൾ മാസികകളാണ്. നമുക്കും ക്ഷാത്രസന്ദേശത്തെ ദ്വൈമാസികയും പിന്നീട് മാസികയുമാക്കി മാറ്റാൻ കഴിയുമെന്നാണെനിക്ക് തോന്നുന്നത്. അതിന് നാം ചില കാര്യങ്ങൾ ചെയ്യേണ്ടതുണ്ട്. കേരളത്തിനകത്തും പുറത്തുമുള്ള എല്ലാ ക്ഷത്രിയ കുടുംബങ്ങളിലും ക്ഷാത്രസന്ദേശം എത്തിക്കുവാൻ കഴിഞ്ഞാൽ വരിക്കാരുടെ എണ്ണം ഏറ്റവും കുറഞ്ഞത് മൂന്നിരട്ടിയെങ്കിലുമായി വർദ്ധിപ്പിക്കാം. വരിസംഖ്യ തരുന്ന വരിക്കാരുടെ എണ്ണം 1000 എങ്കിലുമാക്കാൻ കഴിഞ്ഞാൽ ദ്വൈമാസിക ആക്കാൻ കാലതാമസം വേണ്ടിവരില്ല.

ക്ഷാത്രസന്ദേശത്തിന്റെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് കേന്ദ്രസർക്കാരിൽനിന്നും അനുകൂലമായ ഉത്തരവ് ഉടൻ ലഭ്യമാകുമെന്നു കരുതുന്നു. രജിസ്ട്രേഷൻ ലഭിക്കുന്നതോടെ പോസ്റ്റേജ് ചെലവ് നാലിലൊന്നായി കുറയ്ക്കാൻ കഴിയും.

നാല്പതു പേജുവരുന്ന ക്ഷാത്രസന്ദേശത്തിന്റെ നാലിലൊന്നു പേജിലെങ്കിലും (10 പേജ്) പരസ്യം സംഘടിപ്പിക്കണം. സമുദായാംഗങ്ങളുടെ ഉടമസ്ഥതയിലുള്ളതും പങ്കാളിത്തമുള്ളതുമായ സ്ഥാപനങ്ങൾ വർഷത്തിലൊരിക്കൽ ഒരു പരസ്യമെങ്കിലും നല്കുവാൻ തയ്യാറാകണം. വിവാഹം നടത്തുന്നതിനുവേണ്ടിവരുന്ന ചെലവിൽ നിന്നും, ഒരു ചെറിയ തുക ക്ഷാത്രസന്ദേശത്തിൽ 'വിവാഹമംഗളാശംസ' അല്ലെങ്കിൽ 'ഇവർ വിവാഹിതരായി' എന്ന പംക്തിയിൽ ഫോട്ടോ സഹിതം പ്രസിദ്ധീകരിക്കുവാൻ നീക്കിവെയ്ക്കണം. മാട്രിമോണിയൽ പംക്തിയിൽ യുവതീയുവാക്കളുടെ വിശദവിവരങ്ങൾ പ്രസിദ്ധീകരിക്കുക, ഷഷ്ഠിപൂർത്തി, സപ്തതി, ശതാഭിഷേകം, നവതി, വിവാഹവാർഷികം, സ്ഥാനലബ്ധി എന്നീ വേളകളിൽ ഫോട്ടോ സഹിതം ആശംസകൾ പ്രസിദ്ധീകരിക്കുക, പ്രിയപ്പെട്ടവരുടെ ചരമവാർഷിക വേളകളിൽ ചിത്രം സഹിതം ഓർമ്മക്കുറിപ്പു നല്കുക എന്നിങ്ങനെയുള്ള പ്രവർത്തനങ്ങളിലൂടെ ക്ഷാത്രസന്ദേശത്തിന്റെ സാമ്പത്തിക ഭദ്രത ഉറപ്പുവരുത്താൻ കഴിഞ്ഞാൽ ഒരുവർഷം കൊണ്ട് ദ്വൈമാസികയായും അടുത്ത ഒരു വർഷംകൊണ്ട് മാസികയായും മാറ്റാൻ കഴിയുമെന്നെനിക്കു ശുഭാപ്തി വിശ്വാസ

*ശേഷം പേജ് 22ൽ*



# ശ്രീപത്മനാഭ കനകപ്രഭോ

**ജസ്റ്റീസ് സി.എസ്. രാജൻ**

കേരളം മാത്രമല്ല ഭാരതവും ലോകവും അത്ഭുതത്തോടെ അനുഭവിച്ചറിഞ്ഞ ഏഴു ദിവസങ്ങൾ. പത്രങ്ങളും ചാനലുകളും ജനങ്ങളെ ആകാംക്ഷയുടെ മുൾമുനയിൽ നിർത്തിയ നിമിഷങ്ങൾ. നിറം പിടിപ്പിച്ച കഥകൾ നിറഞ്ഞുനിന്ന പത്രത്താളുകൾ. ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ സ്വത്തുക്കളുടെ കണക്കെടുപ്പിൽ പങ്കുചേരാൻ കഴിഞ്ഞത് ഒരു മഹാഭാഗ്യമായി ഞാൻ കരുതുന്നു. നിങ്ങൾക്കെല്ലാം സുപരിചിതനായ ശ്രീ. രവിവർമ്മയും (കുട്ടൻ ചേട്ടൻ) ഈ പ്രക്രിയയിൽ പങ്കാളിയായിരുന്നു എന്നത് നമുക്കെല്ലാവർക്കും ആഹ്ലാദവും അതിനുപരി അഭിമാനവും നല്കുന്നു.

രാവിലെ ശ്രീപത്മനാഭസ്വാമിയെ തൊഴുത് തുടങ്ങുന്ന കണക്കെടുപ്പ് വൈകിട്ട് ദീപാരാധന വരെ നീണ്ടുനിന്നു. ആറ് അറകളാണ് തുറക്കാനുണ്ടായിരുന്നത്. ഞങ്ങൾ ആദ്യം തുറന്നത് 'സി' കല്ലറയാണ്. അതിൽ അധികവും സ്വർണ്ണം കൊണ്ടും വെള്ളി കൊണ്ടുമുള്ള കലശക്കുടങ്ങളും വലിയ നിലവിളക്കുകളുമായിരുന്നു. കൂടാതെ പായസം നിവേദിക്കുന്ന രത്നഖചിതമായ പാത്രങ്ങളും കണ്ടു. ഈ അറ അല്പശി (തുലാം) പൈങ്കുനി (മീനം) ഉത്സവങ്ങളുടെ ആവശ്യത്തിനായി കലശക്കുടങ്ങളും പൂജാപാത്രങ്ങളും എടുക്കാനായി തുറക്കാറുള്ളതാണ്. 'ഡി' അറയിലും ഉത്സവങ്ങൾക്കുള്ള സാമഗ്രികൾ സൂക്ഷിച്ചിരിക്കുന്നു. 'ഇ' അറയിലാണ് ശ്രീനരസിംഹ മൂർത്തിയുടെ പൂജാസാധനങ്ങൾ സൂക്ഷിച്ചിരിക്കുന്നത്. ഇതിന്റെ താക്കോൽ തെക്കേടത്തു നമ്പിയുടെ (മേൽ ശാന്തി)യുടെ കൈവശമാണ്. ഞങ്ങളത് പുറത്തു നിന്നു കണ്ടതേയുള്ളൂ. തൊട്ട് അശുദ്ധമാക്കാൻ പാടില്ല. 'എഫ്' അറയിലാണ് ശ്രീപത്മനാഭസ്വാമിയുടെ പൂജാസാമഗ്രികൾ സൂക്ഷിച്ചിരിക്കുന്നത്. ഈ അറയുടെ താക്കോൽ പെരിയ നമ്പിയുടെ കൈവശമാണ്. ഇതും ഞങ്ങൾ പുറത്തു നിന്നും കാണുക മാത്രമാണ് ചെയ്തത്.

ഏറെ വിവാദങ്ങൾ സൃഷ്ടിച്ചതിനുശേഷമാണ് 'ബി' കല്ലറ തുറക്കാൻ തുനിഞ്ഞത്. ഗ്രില്ലിന്റെ ആദ്യ വാതിൽ തുറന്നപ്പോൾ മരം കൊണ്ടുള്ള ഒരു വാതിൽ കൂടി കണ്ടു. അതു തുറന്നപ്പോൾ അവിടെ നിറയെ വെള്ളി കൊണ്ടുള്ള കലശക്കുടങ്ങൾ നിരത്തിവെച്ചിരിക്കുന്നതു കണ്ടു. ഈ അറയുടെ വലതുവശത്ത് ഉറപ്പുള്ള ഒരു വാതിലും ഓടാമ്പലുള്ള പഴയ ജാതി പൂട്ടും (മണിച്ചിത്രത്താഴ്) കണ്ടു. അതിന് മൂന്നു ലിവർ ഉണ്ടായിരുന്നു. കൂടെ ഉണ്ടായിരുന്ന കരുമാൻ അതിൽ രണ്ടെണ്ണം പൊക്കി. പക്ഷെ മൂന്നാമത്തെ ലിവർ തുരുമ്പുപിടിച്ച് മുറുകിയിരിക്കുകയാണ്. എന്തു ചെയ്തിട്ടും അത് തുറക്കാൻ കരുമാന് സാധിച്ചില്ല. പൂട്ടു ബലമായി അറുക്കുവാനോ വാതിൽ വെട്ടിപ്പൊളിക്കാനോ ഞങ്ങൾ മുതിർന്നില്ല. അങ്ങിനെ ചെയ്യുന്നത് ശരിയല്ലെന്നും പെരിയ നമ്പി പറഞ്ഞു. മഹാരാജാവിന്റെ പ്രതിനിധി രവിവർമ്മയും ഹർജിക്കാരനായ സുന്ദരരാജനും അതു ശരിവെച്ചു. വീഡിയോഗ്രാഫി വേണ്ട എന്ന അഭിപ്രായവും ഇവർ പ്രകടിപ്പിച്ചു. അങ്ങനെ ഞങ്ങൾ ആ ശ്രമം ഉപേക്ഷിച്ചു. അന്ന് അത് തുറക്കുന്നതിനു മുമ്പ് ഞങ്ങൾ ശ്രീപത്മനാഭസ്വാമിയെ തൊഴുതില്ല. അതുകൊണ്ടാണോ 'ബി' കല്ലറ തുറക്കാൻ പറ്റാതെ പോയത് എന്ന് ഒരു 'അജ്ഞാനം' മനസ്സിൽ കുടിയിരിക്കുന്നു.

**അവിസ്മരണീയം അവർണ്ണനീയം**

'ബി' 'സി' കല്ലറകൾ ശ്രീകോവിലിന്റെ പിന്നിലുള്ള നീളമുള്ള തറയുടെ രണ്ടറ്റത്തുമായിട്ടാണ് സ്ഥിതി ചെയ്യുന്നത്. മഹാഭരതക്കോണം എന്ന വിളിക്കുന്ന ഈ തറയിലാണ് എട്ടരയോഗം കൂടാറുള്ളത്. 'എ' കല്ലറ ശ്രീകോവിലിന്റെ തെക്കുവശത്തു ചന്ദനം അരയ്ക്കുന്ന മുറിയുടെ പടിഞ്ഞാറെ അറ്റത്താണ് അവിടെയും ഒരു ഗ്രിൽ വാതിലും മരം കൊണ്ടുള്ള വാതിലും ഉണ്ട്. അതും തുറന്ന് അകത്തു കടന്നാൽ ഒരു കരിങ്കൽ അറ കാണാം. അവിടെ മൂന്ന് കൂറ്റൻ കരിങ്കല്ലുകൾ ഉണ്ട്. ഈ കരിങ്കല്ലുകൾ നീക്കിയാൽ താഴേക്ക് ഇറങ്ങാനുള്ള ഒരു ദ്വാരം കാണാം. അഞ്ചാറ് മല്ലന്മാർ അരമണിക്കൂർ അത്യദ്ധ്വാനം ചെയ്തിട്ടാണ് ഈ കരിങ്കല്ലുകൾ മാറ്റാൻ കഴിഞ്ഞത്. നാലു പടികൾ ഇറങ്ങിയാൽ ഒരു ചെറിയ അറയിലേക്കെത്തും. കഷ്ടിച്ച് ഒരാൾക്ക് എഴുന്നേറ്റ് നില്ക്കാനുള്ള ഉയരമേ ഉള്ളു. അവിടെ പല തട്ടുകളിലായി ഭരണികളിലും കുട്ടകങ്ങളിലും കാൽ പെട്ടികളിലുമാണ് അമൂല്യങ്ങളായ ആഭരണങ്ങളും രത്നങ്ങളും സൂക്ഷിച്ചിരിക്കുന്നത്. അവിസ്മരണീയമായ കണ്ണഞ്ചിപ്പിക്കുന്ന ഒരു കാഴ്ചയാണ് ഞങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെട്ടത്. അതെല്ലാം പുറത്തെടുത്ത് എണ്ണി തിട്ടപ്പെടുത്തുവാൻ കൈവന്ന അവസരം ചരിത്രത്തിന്റെ ഒരു നിയോഗമായി ഞാൻ കരുതുന്നു. കുട്ടൻ ചേട്ടന്റെ കൈകളിലൂടെ കടന്നുപോയ രത്നങ്ങളും വൈഡൂര്യവും മരതകവുമെല്ലാം അനിർവ്വചനീയമായ ഒരനുഭവം അദ്ദേഹത്തിന്റെ മനസ്സിൽ രൂപപ്പെടുത്തിക്കാണണം.

**ചരിത്രത്തിലേക്ക് ഒരു തിരിച്ചുപോക്ക്**

തിരുവിതാംകൂർ രാജാക്കന്മാരുടെ കുലദൈവം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന്റെ ഉത്ഭവവും മറ്റും ഐതിഹ്യങ്ങളിലും കെട്ടുകഥകളിലും പുതഞ്ഞു കിടക്കുന്നു. വില്വമംഗലത്തു സ്വാമിയാരും, അനന്തൻ കാടും, പുലക്കള്ളിയുമെല്ലാം (ആദ്യത്തെ നിവേദ്യം കഴിച്ച ചിരട്ടയുടെ സ്വർണ്ണരൂപം ഇപ്പോഴും അവിടെ ഉണ്ട്) നമ്മൾ തലമുറകളായി കൈമാറിവന്ന കഥകളിലെ കഥാപാത്രങ്ങളാണ്. കർണ്ണാടകത്തുനിന്ന് വന്ന ദിവാകര മുനിയുമായി ഈ ക്ഷേത്രോത്പത്തി കെട്ടുപിണഞ്ഞുകിടക്കുന്നുണ്ട്. ശ്രീപത്മനാഭനുമുമ്പു തന്നെ പ്രതിഷ്ഠിച്ചതായി വിശ്വസിക്കുന്ന അമ്പാടി കൃഷ്ണൻ ദിവാകരമുനിയുടെ തേവാര വിഗ്രഹമായിരുന്നുവത്രെ. ദിവാകരമുനിയും വില്വമംഗലത്തു സ്വാമിയാരും ഒരാളാണെന്നും ഒരു പണ്ഡിത മതമുണ്ട്.

കഴിഞ്ഞ ഏപ്രിലിൽ സുപ്രീം കോടതി ഈ ചുമതല ഏല്പിച്ചവരിൽ ഒരാളാണ് ഞാൻ. അവധിക്കാലത്ത് എറണാകുളത്തുവന്നപ്പോൾ തിരുവിതാംകൂറിന്റെയും ശ്രീപത്മനാഭ സ്വാമിക്ഷേത്രത്തിന്റേയും ചരിത്രങ്ങൾ പഠിക്കാൻ ഒരു ശ്രമം നടത്തി. ഡോ. കെ. മഹേശ്വരൻനായരുടെ ക്രോണിക്കിൾസ് ഓഫ് ട്രിവാൻഡ്രം പെഗോഡ, പി. ശങ്കുണ്ണി മേനോന്റെ തിരുവിതാംകൂർ ചരിത്രം, ഡോ. എ.ജി. മേനോന്റെ ശ്രീപത്മനാഭസ്വാമിക്ഷേത്രചരിത്രം എന്നിവ ഒന്നോടിച്ചു വായിച്ചു. എന്നാൽ കൂടുതൽ സമഗ്രമായി വായിച്ചത് സഹൃദയയും സുഹൃത്തുമായ അശ്വതി തിരുനാൾ തമ്പുരാട്ടിയുടെ ശ്രീപത്മനാഭ സ്വാമി ക്ഷേത്രം എന്ന മഹത് ഗ്രന്ഥമാണ്. ഇനി പറയാൻ പോകുന്ന പല ചരിത്ര സംഭവങ്ങളും ആ ഗ്രന്ഥത്തെ അടിസ്ഥാനമാക്കിയുള്ളതാണ്.

**എട്ടര യോഗം**

ആറു പോറ്റിമാരും, കരനാട്ടുകുറുപ്പും, പുഷ്പാഞ്ജലി സ്വാമിയാരും മഹാരാജാവും ചേർന്നതാണ് എട്ടരയോഗം. 'അര' എന്നത് പകുതി എന്ന അർത്ഥത്തിലല്ല 'അരചൻ' എന്നർത്ഥത്തിലാണ് എന്ന് മഹാകവി ഉള്ളൂർ പറയുന്നു. ഈ പോറ്റിമാരുടെ സഹായികളായിരുന്നു രാമനാമഠം, മാർത്താണ്ഡമഠം, കുളത്തൂർ, കഴക്കൂട്ടം, പള്ളിച്ചൽ, കുടമൺ, ചെമ്പഴന്തി, വെങ്ങാനൂർ എട്ടുവീട്ടിൽ പിള്ളമാർ. ഇവരുടെ കയ്യൂക്കിന്റെ ശക്തി കൊണ്ടാണ് പോറ്റിമാർ പലപ്പോഴും മഹാരാജാക്കന്മാരെ ധിക്കരിച്ചു പോന്നിരുന്നത്. മാർത്താണ്ഡവർമ്മ മഹാരാജാവിനു മുമ്പ് ചുരുക്കം ചില മഹാരാജാക്കന്മാർ മാത്രമെ എട്ടരയോഗക്കാരെ നിലക്കു നിർത്തിയിരുന്നുള്ളു.

ക്രി.വ. 1045ൽ എട്ടരയോഗം കൂടിയതിനു മതിലകം രേഖയുണ്ട്.1168 ൽ മഹാരാജാവ് നടത്തിയ ഒരു ദാനത്തിന് സാക്ഷ്യം വഹിച്ചത് തരണനല്ലൂർ മനക്കലെ കേശവൻ ദാമോദരനായിരുന്നു. വീര ഉദയ മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്താണ് തരണനല്ലൂർ നമ്പൂതിരിപ്പാടിനെ തന്ത്രിയായി നിയമിച്ചത്. കൊ.വ. 743 കുംഭം 17നു ഈ മഹാരാജാവു തന്നെയാണ് ആദ്യമായി പത്മനാഭദാസൻ എന്ന് സ്വയം വിശേഷിപ്പിച്ചത്. കൊല്ലവർഷം തുടങ്ങാൻ തീരുമാനം എടുത്തതും ശ്രീപത്മനാഭ സ്വാമിക്ഷേത്രത്തിൽ വെച്ചായിരുന്നു. ക്രി.വ. 825 ആഗസ്റ്റ് 15ന് (ചിങ്ങം 1ന്)

1305–ലാണ് സംഗ്രാമധീരൻ രവിവർമ്മ കുലശേഖരൻ തിരുവിതാംകൂറിൽ മരുമക്കത്തായം ഏർപ്പെടുത്തിയത്. അതിനുവേണ്ടി കോലത്തു സ്വരൂപത്തിൽ നിന്ന് രണ്ടു തമ്പുരാട്ടിമാരെ ദത്തെടുത്തു.

**അഗ്നിബാധകൾ**

1460–ൽ ഉണ്ടായ വമ്പിച്ച അഗ്നിബാധയിൽ ക്ഷേത്രം മുഴുവൻ കത്തി നശിച്ചു. അതുവരെ ക്ഷേത്രം മുഴുവൻ മരം കൊണ്ടു നിർമ്മിച്ചതായിരുന്നു. പത്മനാഭ

സ്വാമിയുടെ ഇലുപ്പയിൽ നിർമ്മിച്ച വിഗ്രഹവും കത്തിപ്പോയി. എന്നാൽ നരസിംഹസ്വാമിയുടെ ക്ഷേത്രത്തിന് യാതൊരു കേടുപാടും പറ്റിയില്ല. പിന്നീട് ചുറ്റമ്പലവും നാലമ്പലവും ശീവേലിപ്പുരയും എല്ലാം കരിങ്കല്ലുകൊണ്ട് ഉണ്ടാക്കി. നേപ്പാളിലെ ഗണ്ഡകനദിയിൽ നിന്നുകൊണ്ടുവന്ന 12,008 സാളഗ്രാമ കല്ലുകൾ കൊണ്ടാണ് വിഗ്രഹം നിർമ്മിച്ചത്. കടുശർക്കരയോഗമാണ് അതിന്റെ കൂട്ട്. ബാക്കിവന്ന സാളഗ്രാമങ്ങൾ ഒരു പെട്ടിയിലാക്കി പത്മതീർത്ഥത്തിൽ നിക്ഷേപിച്ചതായും പഴമക്കാർ പറയുന്നു. പുതിയ പ്രതിഷ്ഠ നടത്തിയത് 1461ലായിരുന്നു. ഡോ. എൽ.എ. രവിവർമ്മയുടെ അഭിപ്രായത്തിൽ കലിയുഗാരംഭത്തിലാണ് ശ്രീപത്മനാഭ സ്വാമിക്ഷേത്രം നിർമ്മിച്ചത്. അതായത് 5000-ത്തിലധികം വർഷങ്ങൾക്കുമുമ്പ്. രണ്ടാം നൂറ്റാണ്ടിൽ എഴുതിയ പതിറ്റുപാട്ട് എന്ന തമിഴ് ഗ്രന്ഥത്തിൽ സ്യാനന്ദപുരിയിലെ ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ ആറാട്ടിനെപ്പറ്റി വിവരണമുണ്ട്. ചേരൻ ചെങ്കുട്ടുവൻ രചിച്ച ചിലപ്പതികാരത്തിലും ഈ ക്ഷേത്രത്തെപ്പറ്റി പരമാർശമുണ്ട്.

രണ്ടാമത്തെ അഗ്നിബാധ ഉണ്ടായത് 1934 ഒക്ടോബർ 28നാണ്. വടക്കെ നടപ്പുര അന്ന് ഓലമേഞ്ഞതായിരുന്നു. അതാണ് കത്തിപ്പോയത്. അതിന്നുശേഷം ശ്രീ ചിത്തിര തിരുനാൾ മഹാരാജാവ് വടക്കേ നടപ്പുരയും കരിങ്കല്ലുകൊണ്ട് നിർമ്മിച്ചു.

### തൃപ്പടിദാനം, ഹിരണ്യഗർഭം, തുലാപ്പുരുഷദാനം

തിരുവിതാംകൂറിന്റെ ചരിത്രത്തിലെ അഭൂതപൂർവമായ ഒരു സംഭവമായിരുന്നു അനിഴം തിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് നടത്തിയ തൃപ്പടിദാനം. കന്യാകുമാരി മുതൽ പറവൂർ വരെ പരന്നുകിടന്നിരുന്ന തിരുവിതാംകൂർ രാജ്യത്തെ ശ്രീപത്മനാഭസ്വാമിയുടെ തൃച്ചേവടികളിൽ അദ്ദേഹം സമർപ്പിച്ചു. ഇത് നടന്നത് കൊ.വ. 925 മകരമാസം 5ന് (എ.ഡി. 1750 ജനുവരി 19/20) ആയിരുന്നു.

ചേരമാൻ പെരുമാളിന്റെ നിർദ്ദേശപ്രകാരം കുലശേഖരപ്പെരുമാൾ എന്ന സ്ഥാനം വഹിക്കുന്നതിനു മുമ്പ് വേണാട് രാജാവ് ഹിരണ്യഗർഭവും (സ്വർണ്ണം കൊണ്ടുള്ള പാത്രത്തിൽ മുങ്ങുക) തുലാപുരുഷദാനവും (സ്വർണ്ണം കൊണ്ടുള്ള തുലാഭാരം) നടത്തണമായിരുന്നു. വളരെ ചെലവു വരുന്ന ഈ രണ്ടു കർമ്മങ്ങളും അവസാനം നടത്തിയത് ശ്രീമൂലം തിരുനാൾ മഹാരാജാവായിരുന്നു.

മനുഷ്യരെപ്പോലെ ദേവന്മാർക്കും ശനിദശയും ശുക്രദശയുമുണ്ട്. ഇന്ന് ശ്രീപത്മനാഭസ്വാമിയുടെ കാലം തെളിഞ്ഞു. പണ്ട് തിരുവനന്തപുരത്തു ഭക്തജനങ്ങൾ മാത്രമാണ് തൊഴാൻ വന്നിരുന്നതെങ്കിൽ ഇന്ന് നാടിന്റെ നാനാഭാഗത്തുനിന്നും ഭക്തജനങ്ങൾ പ്രവഹിക്കയാണ്. ലോകത്തിലെ ഏറ്റവും വലിയ സമ്പത്തുള്ള ക്ഷേത്രം എന്ന് ബി.ബി.സി. പോലും പുകഴ്ത്തുമ്പോൾ നമ്മൾ അഭിമാനപുളകിതരാകുന്നു. എന്നാൽ അതേസമയം വമ്പിച്ച ഒരു ഉത്തരവാദിത്വം നമ്മുടെ ചുമലിൽ വന്നു ചേർന്നിരിക്കുകയാണ്. ഈ അളവറ്റ സമ്പത്തിന്റെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്ന കാര്യത്തിൽ നമ്മളെല്ലാവരും ബദ്ധശ്രദ്ധരായേ മതിയാവൂ.

*ശാന്താകാരം ഭുജഗ ശയനം*
*പത്മനാഭം സുരേശം*
*വിശ്വാധാരം ഗഗന സദൃശം മേഘ*
*വർണ്ണം ശുഭാംഗം*
*ലക്ഷ്മീകാന്തം കമലനയനം*
*യോഗിഹൃദ്ധ്യാനഗമ്യം.*
*വന്ദേ വിഷ്ണും ഭവഭയഹരം*
*സർവ്വ ലോകൈക നാഥം.* ●

*കത്തുകൾ തുടർച്ച*

ക്ഷാത്രസന്ദേശത്തിന്റെ ഭാരവാഹികൾ ഇങ്ങിനെ ഒരു പംക്തി മറ്റു വിഷയങ്ങൾക്കു പുറമെ ഉൾക്കൊള്ളിച്ച് സമുദായത്തിലുള്ളവരെ വൈവാഹിക കാര്യത്തിൽ സഹായിക്കുവാനുള്ള ഉദ്യമം സമുദായ അംഗങ്ങൾ വേണ്ടപോലെ ഉപയോഗപ്പെടുത്തി സമുദായത്തിന്റെ ഭാവിയെ മുന്നിൽ കണ്ട് മുമ്പോട്ട്പോകുമാറാവട്ടെ എന്ന് പ്രാർത്ഥിക്കുന്നു. എന്തുകൊണ്ടെന്നറിയില്ല അംഗങ്ങൾ ഈ പംക്തി വേണ്ടപോലെ ഉപയോഗിക്കുന്നില്ല എന്ന് തോന്നുന്നു.

ക്ഷാത്രസന്ദേശത്തിന് സമുദായത്തിലുള്ള ഇപ്പോഴത്തെ സ്ഥാനം അംഗസംഖ്യ വർദ്ധനവ് മൂലം വീണ്ടും വീണ്ടും ഉയരത്തിലേക്ക് നീങ്ങട്ടെ.

എല്ലാ ആശംസകളും

ടി. ഗോപാലകൃഷ്ണൻ
ചന്ദ്രകാന്തം, ലക്ഷ്മി നഗർ,
കാവിൽപ്പാട്, പാലക്കാട്

## വാർത്തകൾ

ക്ഷാത്രസന്ദേശത്തിൽ വാർത്തകൾ എത്തിച്ചുതരുന്നതിൽ പ്രാദേശികസഭകൾ താൽപ്പര്യം കാണിക്കുന്നില്ല എന്നു കാണുന്നു. പത്രികയ്ക്ക് രജിസ്ട്രേഷൻ ലഭ്യമാകണമെങ്കിൽ വാർത്തകൾ കൂടുതൽ ഉൾക്കൊള്ളിക്കേണ്ടതുണ്ട്. അപൂർവം ചില യൂണിറ്റുകൾ മാത്രമാണ് ഇപ്പോൾ വാർത്തകൾ എത്തിച്ചുതരുന്നത്. ഈ സ്ഥിതി മാറിയേ മതിയാവൂ. ഓരോ യൂണിറ്റും അവരുടെ പ്രവർത്തന ങ്ങളെപ്പറ്റിയുള്ള വാർത്തകൾ എത്ര ചുരുങ്ങിയതായാലും യഥാസമയം എത്തിച്ചുതരുവാൻ അഭ്യർത്ഥിക്കുന്നു.

*പത്രാധിപർ*

# വേണാട്

## (തിരുവിതാംകൂർ) രാജവംശം – X LIX

ഡോ. ആർ. പി. രാജാ

ദിവസങ്ങൾ കഴിയുന്തോറും മെക്കാളെയ്ക്ക് വേലുത്തമ്പിയോടുള്ള വെറുപ്പും വൈരാഗ്യവും കൂടിക്കൂടി വന്നു. വേലുത്തമ്പിയ്ക്കയയ്ക്കുന്ന കത്തുകളിൽ നീചമായ ഭാഷ ഉപയോഗിക്കുവാൻ പോലും മടി കാണിക്കുകയുണ്ടായില്ല. അവസാനം കേണൽ മെക്കാളെ “വേലുത്തമ്പിയെ സംബന്ധിക്കുന്ന അന്തിമ തീരുമാനം” നേരിട്ട് തന്നെ അറിയിച്ചു. അതെന്താണെന്ന് വച്ചാൽ, വേലുത്തമ്പി ഉദ്യോഗത്തിൽ നിന്നും പിരിഞ്ഞു പോകണം, തിരുവിതാംകൂറിൽ താമസിയ്ക്കുവാൻ പാടില്ലാ. കണ്ണൂരിനടുത്തുള്ള ചിറയ്ക്കൽ താമസിച്ചു കൊള്ളണം. മലബാർ കളക്ടറായ ബാബറിൽ നിന്നും പ്രതിമാസം 500 രൂപ വീതം പെൻഷൻ വാങ്ങിക്കൊള്ളണം. ഇതായിരുന്നു മെക്കാളെയുടെ ‘അന്തിമ തീരുമാനം.’ (ബാബറാണ് പഴശ്ശി രാജായെ വെടിവെച്ചുകൊന്ന മലബാർ കളക്ടർ)

അക്കാലത്ത്, രാജകൊട്ടാരത്തിൽ ഉണ്ടായിരുന്നത് ആറ്റിങ്ങൽ മൂത്ത തമ്പുരാൻ ഭരണിതിരുനാൾ പാർവ്വതിഭായി, 25 വയസ്സുള്ള അവിട്ടം തിരുനാൾ ബാലരാമവർമ്മ മഹാരാജാവ്, ജയന്തൻ ശങ്കരൻ നമ്പൂതിരി, ബാലരാമവർമ്മയെക്കൊണ്ട് ദത്തെടുത്തെന്ന് പ്രഖ്യാപിപ്പിച്ച പതിനാറ് വയസ്സുള്ള വിശാഖം തിരുനാൾ കേരളവർമ്മ, പതിനാല് വയസ്സുള്ള ആയില്യം തിരുനാൾ ഗൗരിലക്ഷ്മിഭായി, ആറ്റിങ്ങൽ ഇളയ തമ്പുരാൻ, അഞ്ച് വയസ്സ് പ്രായമുള്ള ഉത്രിട്ടാതി തിരുനാൾ ഗൗരി പാർവ്വതി ഭായി, (ആറ്റിങ്ങൽ ഇളയ തമ്പുരാൻ) മൂന്ന് വയസ്സുള്ള പുണർതം തിരുനാൾ രാജകുമാരൻ എന്നിവരാണ്. അവസാനത്തെ ഈ മൂന്നു കുട്ടികളും ഭരണി തിരുനാളിന്റെ സന്താനങ്ങളാണ്. ഇവരെക്കൂടാതെ ചങ്ങനാശ്ശേരി നീരാഴിക്കെട്ട് കൊട്ടാരത്തിൽ പാർത്തിരുന്ന, ബേപ്പൂർ ആലിയക്കോട് കോവിലകത്തെ ചങ്ങനാശ്ശേരി രാജരാജവർമ്മ വലിയ കോയിത്തമ്പുരാനും. ഇവരിൽ, വേലുത്തമ്പിയുമായി വളരെ അടുപ്പമുണ്ടായിരുന്നത് കേരളവർമ്മയ്ക്കായിരുന്നു. കേരളവർമ്മയ്ക്ക് വയസ്സ് പതിനാറേ ഉണ്ടായിരുന്നുള്ളുവെങ്കിലും, സാധുവും ശുദ്ധഗതിക്കാരനുമായിരുന്ന ബാലരാമവർമ്മയെ രാജ്യകാര്യങ്ങളിൽ സഹായിക്കുവാൻ എപ്പോഴും കൂടെയുണ്ടായിരുന്നു.

റസിഡന്റിന്റെ മനോഭാവവും ചെയ്തികളും സാധുവായ ബാലരാമവർമ്മയെപ്പോലും ചൊടിപ്പിച്ചു. റസിഡന്റിനെ മാറ്റണമെന്ന് അദ്ദേഹം മദിരാശിയിലേക്ക് എഴുതി. മെക്കാളെയാണെങ്കിൽ, പുതിയ ഉടമ്പടി പ്രകാരം നല്കാമെന്ന് പറഞ്ഞ കപ്പം കുടിശ്ശികയ്ക്കുവേണ്ടി നിർദ്ദാക്ഷിണ്യം സമ്മർദ്ദം ചെലുത്തിക്കൊണ്ടുമിരുന്നു. വേലുത്തമ്പി പണമുണ്ടാക്കുവാൻ കഠിനമായി പ്രവർത്തിച്ചുകൊണ്ടിരുന്നെങ്കിലും, മുഴുവൻ തുകയും പെട്ടെന്ന് സ്വരൂപിക്കുവാൻ കഴിഞ്ഞില്ല. അത് കാരണം മഹാരാജാവ്, സ്വന്തം ആഭരണങ്ങളിൽ ചിലത് പണയം വച്ച് കുറച്ചു രൂപാ കടമെടുത്ത്, കമ്പനിയ്ക്ക് നല്കി. അത് താല്ക്കാലികമായ ഒരാശ്വാസമായെങ്കിലും റസിഡന്റ് ശല്യപ്പെടുത്തുവാൻ അധിക താമസമുണ്ടായില്ല. മഹാരാജാവാണെങ്കിൽ റസിഡന്റിനെ മാറ്റണമെന്ന അഭ്യർത്ഥനയും തുടർന്നുകൊണ്ടിരുന്നു.

ക്രമേണ വേലുത്തമ്പിയും റസിഡന്റുമായുള്ള അഭിപ്രായഭിന്നതകൾ കടുത്ത വിരോധമായി രൂപാന്തരപ്പെട്ടു. റസിഡന്റിനെ ഒരു പാഠം പഠിപ്പിക്കണമെന്ന ഒരു വികാരം അദ്ദേഹത്തിൽ ഉയരുവാൻ തുടങ്ങി. തിരുവിതാംകൂർ രാജസദസ്സിൽ, റസിഡന്റിന്റെ പ്രതിനിധിയായി. ‘സ്ഥാനപതി’ ആയി ഒരു സുബ്ബയ്യൻ ഉണ്ടായിരുന്നു. സമർത്ഥനായ ഒരു ഉദ്യോഗസ്ഥനായിരുന്നതിനാൽ മഹാരാജാവും റസിഡന്റും തമ്മിലുള്ള ബന്ധങ്ങൾ മെച്ചപ്പെടുത്തുന്നതിനായി അവർ തമ്മിൽ പരസ്പരം എഴുത്തുകുത്തുകൾ നടത്തുവാൻ അയാൾ മുൻകൈ എടുത്തിരുന്നു. വേലുത്തമ്പിയെ ഒഴിവാക്കിക്കൊണ്ടായിരുന്നുഅയാളുടെ നടപടികൾ. ഇത് വേലുത്തമ്പിയെ വല്ലാതെ ചൊടിപ്പിച്ചിരുന്നു. ഒരു ദിവസം സുബ്ബയ്യൻ, മഹാരാജാവിന്റെ ഒരു കത്തു

മായി വേലുത്തമ്പിയെ കാണുവാൻ ആലപ്പുഴയ്ക്ക് പോയി. ദളവായുടെ ആസ്ഥാനം അക്കാലത്ത് ആലപ്പുഴ ആയിരുന്നു. ആലപ്പുഴ എത്തിയ സുബ്ബയ്യൻ വേലുത്തമ്പിയുമായി ചില ചർച്ചകൾ നടത്തി. ഒരു ദിവസം സുബ്ബയ്യന് ദളവയെ കാണുവാൻ സാധിച്ചത് നേരം വൈകിയായിരുന്നു. അന്ന് വാദപ്രതിവാദങ്ങളും മറ്റും നടത്തിയിരിയ്ക്കണം. കാരണം, സുബ്ബയ്യൻ വിടപറയുമ്പോൾ അർദ്ധരാത്രി കഴിഞ്ഞിരുന്നു. താമസസ്ഥലത്തേയ്ക്ക് പൊയ്ക്കൊണ്ടിരുന്ന സുബ്ബയ്യനെ, ദളവായുടെ ആൾക്കാർ പിടികൂടി ശ്വാസം മുട്ടിച്ച് കൊന്നുവെന്ന് പറയപ്പെടുന്നു. എന്നാൽ ദളവായുടെ ആൾക്കാർ പ്രചരിപ്പിച്ചത് സുബ്ബയ്യൻ സർപ്പദംശമേറ്റ് മരിച്ചുവെന്നാണ്. ഈ സംഭവം മെക്കാളെയിൽ ഉളവാക്കിയ വികാരം എന്തായിരുന്നുവെന്ന് ഊഹിക്കാവുന്നതെ ഉള്ളൂ.

ഇക്കാലത്ത് കൊച്ചിയിൽ കരുത്തനായ ഒരു പാലിയത്തച്ചൻ പ്രധാന മന്ത്രിയായിരുന്നു. നാടു നീങ്ങിയ കൊച്ചി മഹാരാജാവിന്റെ മന്ത്രിയോടും സേനാനായകനോടും ഈ പാലിയത്തച്ചന് വലിയ വിരോധമായിരുന്നു. പ്രധാന മന്ത്രിപദം കിട്ടിയപ്പോൾ അച്ചൻ ചെയ്ത ആദ്യത്തെ പ്രവൃത്തി, ഇവർ രണ്ടാളെയും ചേന്നമംഗലം പുഴയിൽ മുക്കിക്കൊല്ലുക എന്നതായിരുന്നു. സ്ഥാനമേറ്റ മഹാരാജാവിന്റെ പ്രീതിക്ക് പാത്രീഭവിച്ച ഒരു ചെറുപ്പക്കാരൻ, ഒരു കുഞ്ഞുകൃഷ്ണമേനോൻ ഉണ്ടായിരുന്നു. ഭാവിയിൽ മന്ത്രിപദം അലങ്കരിയ്ക്കുമെന്ന് ജനങ്ങൾക്ക് പ്രതീക്ഷയുള്ള ഒരാൾ. കുഞ്ഞുകൃഷ്ണമേനോനെയും വധിയ്ക്കുവാൻ പാലിയത്തച്ചൻ തീരുമാനിച്ചു. പല ശ്രമങ്ങളും അദ്ദേഹം നടത്തിക്കൊണ്ടിരുന്നു. അവസാനം ആപത്ത് സംഭവിയ്ക്കുമെന്ന് മഹാരാജാവിനു തോന്നിയപ്പോൾ, കുഞ്ഞുകൃഷ്ണമേനോനെ വെള്ളാരപ്പള്ളിയിൽ, മഹാരാജാവ് പാർത്തിരുന്ന കൊട്ടാരത്തിൽത്തന്നെ കുറച്ച് ദിവസം ഒളിപ്പിച്ച് പാർപ്പിയ്ക്കേണ്ടി വന്നു. മഹാരാജാവ് ഒരു ദിവസം കേണൽ മെക്കാളെയെ വെള്ളാരപ്പള്ളി കൊട്ടാരത്തിലേക്ക് വരുത്തുകയും, സംഗതികൾ അദ്ദേഹത്തെ പറഞ്ഞ് ബോദ്ധ്യപ്പെടുത്തുകയും കുഞ്ഞുകൃഷ്ണമേനോനെ രക്ഷിയ്ക്കണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്തു. അതനുസരിച്ച്, കുഞ്ഞുക്കൃഷ്ണമേനോനെ, മെക്കാളെ കൂടെ കൊണ്ടുപോയി. കൊച്ചിയിൽ പാർപ്പിക്കുകയും ചെയ്തു. ഇത്രയുമൊക്കെ ആയപ്പോഴേക്കും കേണൽ മെക്കാളെയേയും കുഞ്ഞുകൃഷണമേനോനെയും ഉന്മൂലനാശനം ചെയ്യുകയയെന്നതായി പാലിയത്തച്ചന്റെ ലക്ഷ്യം.

തിരുവിതാംകൂറിലെ സ്ഥിതിഗതികൾ മനസ്സിലാക്കിയിരുന്ന പാലിയത്തച്ചൻ രഹസ്യമായി ഒരു ദൂതനെ വേലുത്തമ്പിയുടെ അടുത്തേക്കയച്ചു. ഒരേ ലക്ഷ്യത്തിലെത്തിച്ചേർന്ന രണ്ടുപേർ അങ്ങിനെ പരസ്പരം സഹായികളായി. കൊച്ചിയിൽ മെക്കാളെ താമസിക്കുന്ന വസതിയിൽ പെട്ടെന്നൊരാക്രമണം നടത്തുകയും, മെക്കാളെയേയും മേനോനേയും വധിയ്ക്കുക എന്നതായിരുന്നു പിന്നത്തെ പദ്ധതി. 1808 ഡിസംബർ 28–ാം തീയതി, വേലുത്തമ്പിയുടെ സ്വാധീനതയിലുള്ള സൈനികർ കൊല്ലത്തുനിന്നും ആലപ്പുഴ നിന്നും വേലുത്തമ്പിയുടെ വലംകൈ ആയിരുന്ന വൈയ്ക്കം പത്നാഭപിള്ളയുടെ നേതൃത്വത്തിലും, ആലങ്ങാട്ടുള്ള സൈന്യവിഭാഗം കുഞ്ഞുക്കുട്ടിപ്പിള്ള സർവ്വാധികാര്യക്കാരുടെ നേതൃത്വത്തിലും കൊച്ചിയിലേക്ക് നീങ്ങി. പാലിയത്തച്ചന്റെ സൈന്യവുംസഹായത്തിനുണ്ടായിരുന്നു. അന്ന്. അർദ്ധരാത്രിയോടെ, തിരുവിതാംകൂറിലേയും കൊച്ചിയിലേയും പട്ടാളം, റസിഡന്റിന്റെ വീട് വളയുകയും വെടിവയ്പ് തുടങ്ങുകയും ചെയ്തു. ബംഗ്ലാവിനടുത്ത് കായലിൽ കിടന്നിരുന്ന ഒരു പത്തേമാരിയിൽ രണ്ടുപേരും അത്ഭുതകരമാംവണ്ണം രക്ഷപ്പെട്ടു. പത്തേമാരിയിൽ നിന്നും പീഡിമോൺടെസ്സെ എന്ന ബ്രിട്ടീഷ് കപ്പലിൽ അഭയം പ്രാപിച്ചു. മെക്കാളെയോടുള്ള വിരോധം, ഇംഗ്ലീഷുകാർക്ക് എതിരെയുള്ള ഒരു തുറന്ന യുദ്ധമായി രൂപാന്തരപ്പെട്ടു.

ഡോക്ടർ ഹ്യൂ, വേറെ രണ്ട് സൈനികോദ്യോഗസ്ഥന്മാർ, ഒരു ഇംഗ്ലീഷ് വനിത എന്നിവർ ഒരു സംഘമായും ബ്രിട്ടീഷ് പട്ടാളത്തിലെ 12–ാം റെജിമെന്റിലെ 12 യൂറോപ്യൻ സൈനികരും 33 ശിപായികളും അടങ്ങുന്ന വേറൊരു സംഘവും കൊല്ലത്തു നിന്നും കൊച്ചിയ്ക്ക് പുറപ്പെട്ടു. ഇവർ പുറക്കാട് എത്തിയപ്പോൾ, വേലുത്തമ്പിയുടെ സൈനികർ ഇവരെ പിടികൂടി. മദാമ്മ സ്ത്രീയായതുകൊണ്ട് വിട്ടയച്ചു. മറ്റുള്ളവരെ, ഈരണ്ടു പേരായി പുറത്തോട് പുറംകെട്ടി, കരിങ്കല്ലോടു കൂടി പള്ളാത്തുരുത്തി ആറ്റിൽ മുക്കിക്കൊന്നു. 28–ാം തീയതി, കൊച്ചിയിലെ ആക്രമണത്തിന് സമാന്തരമായി, ഡിസംബർ 29–ാം തീയതി കൊല്ലത്തും ആക്രമണം നടന്നു.

കൊ.വ. 984, മകരം 1–ാം തീയതി വേലുത്തമ്പി പ്രസിദ്ധമായ കുണ്ടറ വിളംബരം പുറപ്പെടുവിച്ചു. അതിലെ ഓരോ വാക്കുകളും തിരുവിതാംകൂറിലെ ജനതയെ ഒന്നായി ഉയർത്തെഴുന്നേല്പിക്കുവാൻ പോന്നവയായിരുന്നു. തിരുവിതാംകൂറിലെ ജനങ്ങൾ ഒന്നായി

ഇളകുന്നുവെന്ന് കണ്ട മെക്കാളെ, സൈനിക സഹായം അപേക്ഷിച്ചു. കേണൽ ചാൽമേർസ് കൊല്ലത്തും, ലെഫ്റ്റനന്റ് കേണൽ കപ്പേജ് വടക്കൻ അതിർത്തിയിലും, കേണൽ സെന്റ് ലെഗർ തെക്കൻ അതിർത്തിയിലുമായി നടത്തിയ നീക്കങ്ങളിൽ പാലിയത്തച്ചന്റേയും വേലുത്തമ്പിയുടേയും എതിർപ്പുകൾ നിശ്ശേഷം മാഞ്ഞുപോയി.

കാര്യങ്ങൾ കൈവിട്ടുപോയി എന്ന് മനസ്സിലാക്കിയ ദളവാ രഹസ്യമായി തിരുവനന്തപുരത്ത് എത്തി. നേരെ വലിയ കൊട്ടാരത്തിൽ പോയി മഹാരാജാവിനെ മുഖം കാണിച്ചു. നിറഞ്ഞൊഴുകുന്ന കണ്ണുകളോടും വിങ്ങിപ്പൊട്ടുന്ന ഹൃദയത്തോടും അദ്ദേഹം എല്ലാ കുറ്റങ്ങളും തന്നിൽ ആരോപിയ്ക്കണമെന്നും അങ്ങിനെ രാജകുടുംബത്തേയും രാജ്യത്തേയും രക്ഷിയ്ക്കണമെന്നും അഭ്യർത്ഥിച്ചു. പിന്നെ അർദ്ധരാത്രിയോടെ വേലുത്തമ്പി, സഹോദരനുമൊത്ത് കിളിമാനൂർ കൊട്ടാരത്തിലെത്തി. രാത്രി ഏറെ വൈകിയതുകാരണം എല്ലാപേരും ഉറക്കമായികഴിഞ്ഞിരുന്നു. പക്ഷെ, അവിടെയുള്ളവരെ വിളിച്ചുണർത്തുവാൻ വേലുത്തമ്പിയ്ക്ക് വിഷമമുണ്ടായില്ല. കാരണം അദ്ദേഹത്തിന് കിളിമാനൂർ കൊട്ടാരവുമായി അത്ര അടുത്ത സുഹൃദ്ബന്ധമാണുണ്ടായിരുന്നത്. ഇവിടെ ഒരു കഥ അവതരിപ്പിയ്ക്കട്ടെ. എം.ജി. ശശിഭൂഷൺ, കോഴിക്കോട് ജോലി ചെയ്തിരുന്ന കാലത്ത്, ഒരിയ്ക്കൽ പരപ്പനങ്ങാടി സന്ദർശിക്കുകയുണ്ടായി. അവിടെവച്ച് പരിചയപ്പെട്ട ഒരു സുഹൃത്ത്, പ്രൊഫസറോട് ഇപ്രകാരം പറഞ്ഞു. നിങ്ങളൊക്കെ വിചാരിയ്ക്കുന്നത് വേലുത്തമ്പി തിരുവിതാംകൂറുകാരനാണെന്നാണ്. എന്നാൽ അല്ല. അദ്ദേഹം പരപ്പനങ്ങാടിക്കാരനാണ്. ഇതുകേട്ടപ്പോൾ പ്രൊഫസർ ശശിഭൂഷൺ അത്ഭുതപ്പെട്ട് പോവുകയും വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു. ബേപ്പൂർ തട്ടാരികോവിലകം വേണാട്ടേക്ക് പോയപ്പോൾ മലബാറിൽ നിന്നും ചില കുടുംബങ്ങൾ അവരെ അനുഗമിച്ചിരുന്നു. അക്കൂട്ടത്തിൽ പരപ്പനങ്ങാടിയിലുണ്ടായിരുന്ന ഒരു പടനായകന്റെ കുടുംബവും ഉണ്ടായിരുന്നു. ആ കുടുംബത്തിൽ നിന്നൊരാൾ തലക്കുളത്ത് നമ്പിയുടെ ഗൃഹത്തിൽ വിവാഹം കഴിച്ചിരുന്നു. ആ സന്താനപരമ്പരയിൽപ്പെട്ടതാണ് വേലുത്തമ്പി എന്നാണ് വിശദീകരണം. ഏതായാലും കിളിമാനൂർ കൊട്ടാരത്തിലെ അംഗങ്ങളും, വിശിഷ്യ അവിടെ വിവാഹം കഴിച്ച് താമസിച്ചിരുന്ന അത്തിമംഗലത്ത് നമ്പൂതിരിയും ക്ഷീണിച്ചവശരായി അവിടെയെത്തിയ സഹോദരന്മാരെ യഥാവിധി സല്ക്കരിച്ചു. നമ്പിമാർ 'അവസാനത്തെ ഭക്ഷണം' കഴിച്ചത് (മൃഷ്ടാന്നമായ) കിളിമാനൂർ കൊട്ടാരത്തിലായിരുന്നുവെന്ന് ഒരു കേൾവിയുണ്ട്. തന്നെ പിടിയ്ക്കുവാൻ ആൾക്കാരെ ബ്രിട്ടീഷുകാരും തിരുവിതാംകൂർ സർക്കാരും അയച്ചിട്ടുണ്ടെന്നും അവർ തമ്പിക്ക് ബന്ധമുള്ള സ്ഥലങ്ങളിലെല്ലാം തെരയുമെന്ന് ഉറപ്പ് ഉള്ളതിനാലും, താൻ അവിടെ നിന്നാൽ കിളിമാനൂർ കൊട്ടാരത്തിനുതന്നെ ദോഷം ഭവിയ്ക്കുമെന്നും അറിയാമായിരുന്ന തമ്പി, അല്പസമയത്തെ വിശ്രമത്തിനുശേഷം കിളിമാനൂർ കൊട്ടാരത്തിൽ നിന്നും യാത്രയായി. എന്നാൽ, വിടവാങ്ങുന്നതിന് മുൻപ് തന്റെ 'ഉടവാൾ' അത്യന്തം ഭക്ത്യാദരങ്ങളോടെ കിളിമാനൂർ വലിയ തമ്പുരാന് സമർപ്പിച്ചിട്ടാണ് യാത്രയായത്. ●

## ആദരാഞ്ജലി

### കെ.കെ.വർമ്മ



എഴുത്തുകാരൻ ശ്രീകുമാർ വർമയുടെ അച്ഛൻ കെ.കെ. വർമ (കിളിമാനൂർ കേരളവർമ - 83) 28 - 9 - 11ന് അന്തരിച്ചു. നീലാങ്കരൈ പാണ്ഡ്യൻ റോഡിലെ വസതിയായ 'വിനായക'യിലായിരുന്നു അന്ത്യം. പെരിഞ്ഞോട്ടുകര ചെറുമുക്ക് ഇല്ലം അച്യുതൻ നമ്പൂതിരി- കിളിമാനൂർ കൊച്ചുകാവ് തമ്പുരാട്ടി ദമ്പതിമാരുടെ മകനായിരുന്നു. തിരുവിതാംകൂർ റീജന്റ് മഹാറാണി സേതുലക്ഷ്മിബായിയുടെ മകൾ കാർത്തിക തിരുനാൾ ഇന്ദിരാബായിയാണ് ഭാര്യ. മകൾ: ശോഭന വർമ. മരുമകൾ: ഗീതാവർമ്മ (നിലമ്പൂർ കോവിലകം), കിളിമാനൂർ ഗോദവർമ. മദ്രാസ് പ്രസിഡൻസി കോളേജ്, ലോ കോളേജ് എന്നിവിടങ്ങളിൽ കോളേജ് വിദ്യാഭ്യാസം പൂർത്തിയാക്കിയശേഷം ചെന്നൈയിൽ സ്ഥിരതാമസമാക്കിയ കെ.കെ. വർമ വ്യവസായ, സാമൂഹിക, സാംസ്കാരിക മേഖലകളിൽ സജീവ സാന്നിധ്യമായിരുന്നു. കിളിമാനൂർ രാജാ രവിവർമ ഹയർ സെക്കൻഡറി സ്കൂൾ മാനേജർ, അമ്പത്തൂർ ഇന്ത്യാ മീറ്റേഴ്സ് സ്ഥാപക ചെയർമാൻ, നുങ്കമ്പാക്കം ഹോട്ടൽ ഗണപതിന്റെ എം.ഡി. തുടങ്ങിയ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. ഒരു ദശകത്തിലേറെക്കാലം മദിരാശി കേരള സമാജം പ്രസിഡന്റായിരുന്നു. നിലവിൽ സമാജം ആസ്ഥാന മന്ദിര പുനർനിർമാണ കമ്മി റ്റിയുടെ ചെയർമാനായി പ്രവർ ത്തിച്ചുവരികയായിരുന്നു. തുളസീദാസ രാമായണം, ഹനുമാൻചാലീസാ ഉൾപ്പെടെ യുള്ള കൃതികൾ ഹിന്ദിയിൽ നിന്ന് മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിയിട്ടുണ്ട്. മലയാളത്തിൽ ഏതാനും നോവലുകളും രചിച്ചിട്ടുണ്ട്.

# കൊടുങ്ങല്ലൂർ രാജവംശം

## (എട്ടാം ഭാഗം തുടർച്ച)

# വിദ്വാന്മാരും വിദുഷികളും

**കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ**

**കുഞ്ഞുക്കുട്ടൻ തമ്പുരാന്റെ രചനകൾ:**

കുറിപ്പ് (1) സർഗ്ഗങ്ങളായി തിരിച്ച പദ്യകൃതികൾ കാവ്യങ്ങൾ. അങ്ങിനെ വിഭജിക്കാത്ത ഖണ്ഡകാവ്യങ്ങൾ, ഒരു വിഷയത്തെക്കുറിച്ചു മാത്രം പ്രതിപാദിക്കുന്ന ഗദ്യപദ്യ സമ്മിശ്രമായ കാവ്യങ്ങൾ, ചമ്പുക്കൾ, അങ്കങ്ങളായി തിരിച്ചിട്ടുള്ള ദൃശ്യകാവ്യങ്ങൾ, നാടകങ്ങൾ. രംഗങ്ങളായി തിരിച്ചിട്ടുള്ള ആട്ടക്കഥകൾ.

സ്ത്രീകഥാപാത്രങ്ങൾ കുറവായിട്ടുള്ളതും, പ്രഖ്യാതനോ, ദിവ്യനോ, രാജർഷിയോ നായകനായി വരുന്നതും ഹാസ്യം, ശൃംഗാരം, ശാന്തം ഇവയൊഴികെയുള്ള രസങ്ങൾ അംശിയായി വരുന്നതുമായ ദൃശ്യകാവ്യങ്ങൾ, വ്യായോഗങ്ങൾ.

അഞ്ചങ്കത്തിൽ കുറവായ ദൃശ്യകാവ്യങ്ങൾ നടിക. (2) ഇദ്ദേഹം രചിച്ചതായി അറിയാവുന്നവയും, എന്നാൽ കണ്ടു കിട്ടിയിട്ടില്ലാത്തതുമായ രചനകൾക്കു നേരെ ചുവന്ന മഷിയിൽ ഗുണന ചിഹ്നം ഇട്ടിട്ടുണ്ട്.

പി.വി. കൃഷ്ണവാരിയർ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ കൃതികളുടെ രണ്ടാം പുസ്തകത്തിലെ പുറംചട്ടയിൽ രേഖപ്പെടുത്തിയിട്ടുള്ള രചനകൾക്കു നേരേ 'p.v.k' എന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

**I. a. സംസ്കൃതം** (1) ബഭ്രുവാഹന വിജയം ചമ്പു (2) കിരാതാർജ്ജുനീയ വ്യായോഗം 3) സുഭദ്രാഹരണം വ്യായോഗം (4) ജരാസന്ധവധം വ്യായോഗം 5) ശ്രീശങ്കര ഗുരു ചരിത്രം (അപൂർണ്ണം) 6) പ്രാർത്ഥന 7)കാമേശ്വരീ ശതകം (കേരളവർമ്മ വലിയ കോയിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻ തമ്പുരാനയച്ച കത്തിൽ നിന്നറിയാൻ കഴിഞ്ഞത്) ഗുരുവായുപുരേശസ്തവം 9)കാലടി ദേശക്ഷേത്ര നിർമ്മാ ണം പ്രതിഷ്ഠാ ച 10) ഗുരുവായു പുരേശ ഭുജംഗസ്തവം.11)ആര്യാ ശതകം 12) സ്വയംവര മന്ത്രാക്ഷര മാല 13) ദശകുമാരചരിതം (അപൂർണ്ണം) 14) കൃതജ്ഞത സ്തുരുഷ്കഃ 15) വിളംബിമംജുഷാ 16) ധനശാസ്ത്ര കാരികാ 17) കിരാതരുദ്രസ്തവം ബാലകൃഷ്ണൻ തൈവാലത്ത് രേഖപ്പെടുത്തിയിട്ടുള്ളത്.)

b) കത്തുകൾ: കേരളവർമ്മ വലിയ കോയിത്തമ്പുരാന് നൂറിലേറെ കത്തുകൾ, വിദ്വാൻ മാനവിക്രമ ഏട്ടൻ തമ്പുരാന് ഒമ്പതു കത്തുകൾ, കൂടാതെ, സി.എൻ. വിഷ്ണു മൂസ്സത്, കെ.സി. കേശവ പിള്ള, നടുവം മഹൻ നമ്പൂതിരി എന്നിവർക്കും ചില കത്തുകൾ അയച്ചിട്ടുണ്ട്.

**II. മലയാളം**

i) കാവ്യങ്ങൾ (1) കേരളം മഹാകാവ്യം 2) ഹംസസന്ദേശം 3) മദിരാശിയാത്ര.

ii). നാടകങ്ങൾ (ദൃശ്യകാവ്യങ്ങൾ) 1) ലക്ഷണാസംഗം. 2) സീതാസ്വയംവരം 3) സന്താന ഗോപാലം 4) സ്യമന്തകം 5) ചന്ദ്രിക നടിക 6) ഗംഗാവതരണം 7) മാണിക്യസാരം (അപൂർണ്ണം) 8) മാനവിക്രമവിജയം (ഇവ എട്ടു സ്വതന്ത്ര നാടകങ്ങൾ) 9. നളചരിതം 10) മാർത്താണ്ഡവിജയം (അപൂർണ്ണം)11) മധുസൂദന വിജയം 12)രാജസൂയം 13) ഘോഷയാത്ര (ആട്ടക്കഥ)

**III. ഖണ്ഡകാവ്യങ്ങൾ:** (ഖണ്ഡകൃതികൾ) മനോമരപത്രത്തിൽ പ്രസിദ്ധീകരിച്ച ചില രചനകളെ, കെ.ടി. രാമവർമ്മ, ഖണ്ഡകാവ്യങ്ങളുടെ ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതിനാൽ അവ പദ്യകൃതികളായിരിക്കണം. അവയുടെ നേരെ ബ്രാക്കറ്റിൽ (മ) ചേർത്തിട്ടുണ്ട്.

1) കവി ഭാരതം 2) ശരസേതു ബന്ധനം 3)കുലുക്കമില്ലാവൂർ ഗൃഹം 4)എരുവയിൽ അച്യുത വാരിയർ 5) കൂടൽ മാണിക്യം 6) ഒരു കരാർ 7) ഒരു ചരിത്ര കഥ 8) ഗർവ്വശമനം 9) ഉദയ സിംഹൻ 10) ഒടി 11) ദക്ഷയാഗശതകം 12) ഒരു ഇന്ദ്രജാലം 13) ഭീഷ്മയോഗം 14) യുധിഷ്ഠിര ശമം 15) യാത്രാദാനം 16) ഭീഷ്മ സമാധി 17)നാരായണാസ്ത്രദാനം 18) തുപ്പൽ കോളാമ്പി. 19) നിലവറക്കുണ്ടിലെ ഭൂതത്താൻ 20) നല്ല ഭാഷ 21) പാലുള്ളി ചരിതം 22)കംസൻ 23)ദ്രോണാചാര്യർ 24) നിധി കണ്ടു കണ്ണു പൊട്ടി 25) ബ്രഹ്മ

രക്ഷസ്സ് 26) വെള്ളം വീഴ്ത്തി വിളക്കു കൊളുത്തി 27) ഗജേന്ദ്ര മോക്ഷം 28) ഒരായാസം 29) ഒരു വെടി 30) സന്ധ്യാവർണ്ണനം 31) അവസ്ഥാത്രയം 32) ഒരു സായം കാലം 33) ഒരു മദ്ധ്യാഹ്ന വർണ്ണന 34) മലയാള ഭാഷ 35) ചൈതന്യ ദർശനം 36) ദ്വിതീയാക്ഷര പ്രാസം 37) മംഗളപത്രത്തിന്റെ മറുപടി 38) ഒരഭിനന്ദനം 39) കുട്ടികളുടെ ദിന ചര്യ 40) ഒരനുമോദനം 41) ഒരു മംഗളപത്രം 42) ഒരു വിശേഷപരി ജ്ഞാനം 43) ജാതിഭേദം 44) ആറ്റി ങ്ങൽ മൂത്ത തമ്പുരാൻ തിരുമന സ്സിലെ ചരമം 45) ഒരു ദശാബ്ദ ത്തിന്നപ്പുറം 46) അപേക്ഷ 47) ഒരു സ്നേഹിതന്റെ ചരമം 48) പറയൻ ഗണപതി 49) ഒരു ക്ഷേത്രത്തിന്റെ ജീർണ്ണോദ്ധാരണം 50) മടി 51)കാലടി 52) ഒഴുക്ക് 53) വാണിഭം 54) ദുഃഖം 55) തേങ്ങാക്കുല 56) കരകൗശലം 57) തലരോമം 58) നേത്രം 59) അസംതൃപ്തി 60) ചക്രവർത്തി ചതുഷ്ടയം 61) യുദ്ധം 62) സാധനാധ്യാനം 63) ചില മാതൃകാപദ്യങ്ങൾ 64) മാടമ ഹീശതിരുനാൾ മംഗളം 65) ഒരു മറുപടി 66) ഡൽഹി പട്ടാഭിഷേക മംഗളം 67) രണ്ടു വിദ്വാന്മാർ 68) ഉറക്കം 69) മാടരാജ മംഗളം 70) മനോരമയെക്കുറിച്ച് (1065 മേടം 15) 71) മനോരമയെക്കുറിച്ച് (1065 എടവം 26) 72) മനോരമക്ക് (1068) 73) മനോരമക്ക് (1071 മകരം 27) 74) മനോരമക്ക് (1071 കുംഭം 11) 75) ഒരഭിപ്രായം 76) ഒരു പ്രസ്താവന 77) ഒരപേക്ഷ 78) പഠിപ്പ് 79) ശ്രീമൂലം തിരുനാൾ മംഗളം 80) ഉൽസാഹം 81) സങ്കടപഞ്ചകം 82) ഇരുട്ട് 89) അംബോപദേശം (P.V.K.)

**IV)*സ്തവങ്ങൾ:*** 1) പരശുരാമാഷ്ടകം 2) ശ്രീകൃഷ്ണസ്തവം 3) ദേവീഭുജംഗ സ്തോത്രം 4) ഭദ്ര കാളീസ്തവം 5) വെൺമണിയക്ഷീ സ്തവം 6)ഗുരുവായുപുരസ്തവം 7) സൂര്യാഷ്ടകം 8)യമകണ്ടകാഷ്ടകം 9)ദേവീസ്തവം 10) രാജാധിരാജദശകം 11)ഭഗവതീ സ്തോത്രം 12) സരസ്വതീസ്തവം.

*കീർത്തനങ്ങൾ:* 1) ഗുരുവായൂരപ്പൻ 2) ഹരഹരജയജയപരശിവ! ശംഭോ!

**V) പാട്ടുകൾ:** 1) ആനത്തലയുള്ള ദേവാ 2) മംഗളമേകണമേ ഗണാധിപാ 3) ജഗദംബേ! സരസ്വതീ!ദേവി! 4) വന്ദനം ചെയ്യുന്നേൻ 5)ഹൃദയത്തിൽ പരമാനന്ദം 6) അയ്യപ്പസ്തുതി 7) സുബ്രഹ്മണ്യസ്തുതി.

**VI) കുറത്തിപ്പാട്ട്:** 1) ഒരു കുറത്തിപ്പാട്ട് 2) കൊടുങ്ങല്ലൂരമ്മ.

**VII)വഞ്ചിപ്പാട്ട്:** 1) രാധാകൃഷ്ണയോഗം 2)ഒരു വഞ്ചിപ്പാട്ട് 3) രാധാമാധവയോഗം.

**VIII)കിളിപ്പാട്ട്:** 1)ഭദ്രോൽപ്പത്തി 2) ദോഷവിചാരം

**IX) രാമായണം:** *എഴുത്തച്ഛൻ പാട്ട്, ഒരു കളംപാട്ട്*

**X)പാനകൾ:** 1) ആത്മബോധം 2) മാട രാജഷഷ്ഠി പൂർത്തി മംഗളം 3)പട്ടാഭിഷേക മംഗളം 4) വേട്ടക്കൊരു മകൻ 5) ശ്രീഭൂതപുരത്തപ്പൻ 6) ഒരു പാന 7) വൈക്കത്തപ്പൻ 8) ചൊവ്വര കൃഷ്ണൻ 9) ഏറ്റുമാനൂരപ്പൻ 10) ഗുരുവായൂരപ്പൻ.

**XI)തുള്ളലുകൾ:** 1) ഭരതശപഥം (ശീതങ്കൻ) 2) ഭരതപ്രസ്ഥാനം (ശീതങ്കൻ) 3) ഭരദ്വാജസൽക്കാരം (ഓട്ടൻ)

**XII) ഒരു കുമ്മി**

പത്തുവൃത്തം മയൂരധ്വജ ചരിതം

**XIII)നിരൂപണങ്ങൾ:** a) പദ്യം. 1) മാർത്താണ്ഡവർമ്മ (മ) 2) പാചക ചിന്താമണി (മ) 3) ഇബ്രായിക്കുട്ടി (മ) 4) യൂദജീവേശ്വരി (മ) 5) കുമാരസംഭവം തർജ്ജമ – എ. ആർ. (മ) b) ഗദ്യം (ലേഖനങ്ങൾ) 1) പാചക ചിന്താമണി (രസികരഞ്ജിനി) 2) ഭാഷാ ശാകുന്തളം പി.ജി. രാമയ്യർ 3) അമ്പാടികുഞ്ഞിക്കൃഷ്ണപുതുവാളുടെ കവിതകൾ 4) വൃത്തമഞ്ജരി

***XIV) ഗദ്യം (ലേഖനങ്ങൾ):***

മനോരമയ്ക്കു പുറമെ, അന്നു പ്രസിദ്ധീകരിച്ചിരുന്ന പല ആനുകാലികങ്ങളിലും ഇദ്ദേഹത്തിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചിരുന്നു.

1) സംഗീതം 2) അസംതൃപ്തി 3) ഭാഷാഭൂഷണം 4) തൃക്കണ്ണാമതിലകം 5) അരയുകാരം 6) അശ്ലീലം 7) അഹിംസ 8) ശുചീന്ദ്രത്തു കൈമുക്കൽ 9) തിരുനാവായ യോഗം 10) ഉണ്ണിനീലി സന്ദേശം 11) പെരുമനം ഗ്രാമം 12) കടവല്ലൂരന്യോന്യം 13) പരപ്പൂച്ചം 14) ആലത്തിയൂർ ഗ്രാമം (രാമാനുജൻ മാസിക 15) മലയാള സ്ത്രീകളും ബാലചികിത്സയും 16) ആലത്തൂർ ഗ്രാമയോഗവും പുതിയ മാതിരി പാഠശാലയും 17) ശ്രീശങ്കരാചാര്യ ക്ഷേത്രം 18) നമ്പൂതിരിമാരുടെ വിദ്യാഭ്യാസം 19) മൃതഭാഷകൾ 20) സ്ത്രീകളുടെ ആപത്ത് 21) പുസ്തകപ്രദർശനം 22) കൂറുമത്സരം 23) മേനോൻ കൊശവനായത് (ചെറുകഥ) 24) ഒരു പഞ്ചകം 25) മലയാളവും ബുദ്ധമതവും 26) പദ്മപാദാചാര്യർ 27) സ്ത്രീകളുടെ ഭാഗ്യം 28) കേളികേട്ട നമ്പൂതിരിമാർ 29) മലബാർ ഗസറ്റിയർ (അവതാരിക) 30) പ്രാചീന കേരളം 31) മലയാളത്തിലെ ദേവാലയങ്ങൾ 32) ദേവീ കോട്ടയിലെ സ്ത്രീസമാജം 33) വെള്ള 34) പ്രാസം (1067 കന്നി) 35) പ്രാസം (1067 തുലാം) 36) കരകൗശലം 37) കാട്ടുകൃഷി 38) നമ്പൂതിരിമാരും മറ്റു ജാതിക്കാരും 39) കോട്ടയം രാജവംശം 40) പുനർ വിവാഹം

41) ആയാസം 42) പന്നിയൂർ ഗ്രാമം 43) ചേലയിൽ കൂടിയവർ 44) കീർത്തിമതികൾ – മനോരമ തമ്പുരാട്ടി 45) പുകയില 46) അഹിംസ 47) ഉരുളക്കിഴങ്ങ് 48) മല്ലയുദ്ധം 49) കൂട്ടി വായന 50) നമ്പൂതിരിമാരും വിദ്യാഭ്യാസവും 51) മരുമക്കത്തായം 52) നമ്പൂതിരിമാരും ഗ്രന്ഥനിർമ്മാണവും 53) വിചാരസാഗരം 54) സങ്കേതസംഭാഷണം 55) ഭാഷാ വാത്മീകി രാമായണം 56) കേരളത്തിലെ യോഗപ്പഴമ 57) അലങ്കാരങ്ങൾ 58) സൽസന്താനം.

(1) ലക്ഷ്മീഭായി 2) മംഗളോദയം 3) രസികരഞ്ജിനി 4) കേരളവ്യാസൻ 5) മലയാള മനോരമ 6) ആത്മപോഷിണി 7) രാമാനുജൻ മുതലായ ആനുകാലികങ്ങളിൽ പ്രസിദ്ധീകരിച്ചവയിൽ കിട്ടിയവയുടെ പട്ടികയാണ് മേൽ ചേർത്തിട്ടുള്ളത്. അധികവും രസികരഞ്ജിനിയിൽ പ്രസിദ്ധീകരിച്ചവയാണ്.

**XV) ശാസ്ത്രഗ്രന്ഥങ്ങൾ:** 1) അശൗചംഭാഷ 2) ശബ്ദാലങ്കാരം 5) അർത്ഥാലങ്കാരം 4) മലയാള ശബ്ദശാസ്ത്രം (ഒടുവിലത്തെ ആറുപ്രകരണങ്ങൾ 5) കരപ്പൻ ബാലചികിത്സ 6) ഭാഷാവ്യാകരണം (p.v.k)

**XVI) വിവർത്തനങ്ങൾ:** A. സംസ്കൃതത്തിൽ നിന്ന് 1) മഹാഭാരതം 2) ശ്രീ മഹാഭാഗവതം (4–ാം സ്കന്ധം വരെ) 3) ഹരിശ്ചന്ദ്രോവാഖ്യാനം 4) വിക്രമോർവ്വശീയം (നാടകം ) 5) ആശ്ചര്യചൂഡാമണി (നാടകം) 6) ചന്ദ്രികാവീഥി (രാമപാണിപാദന്റെ സംസ്കൃത കൃതി 7) ശങ്കരാചാര്യ ചരിതം 8) കാദംബരീ കഥാസാരം 9) ഭാഷാശുകസന്ദേശം 10) കോകിലസന്ദേശം 11) ഭാരതമഞ്ജരി (ദ്രോണപർവം) 12) ശ്രീസ്തുതി 13) മഹാഭാരതം കിളിപ്പാട്ട് തർജ്ജമ (3 പർവ്വങ്ങൾ മാത്രം) 14) അഭിജ്ഞാനശാകുന്തളം (നാടകം) 15) അത്ഭുതരാമായണം (കിളിപ്പാട്ട് തർജ്ജമ)

**XVII) ഇംഗ്ലീഷിൽ നിന്ന്** ഷേക്സ്പിയറുടെ 1) ഹാംലെറ്റ് 2) ഒഥെല്ലോ 3) ലോങ്ങ് ഫെല്ലോവിന്റെ (The Psalm of Life) എന്ന കവിത 'ജീവകാലം' എന്ന പേരിൽ കൂടാതെ പലരുടേയും ആവശ്യപ്രകാരം ചില ഹ്രസ്വകവിതകളും തർജ്ജമ ചെയ്തിട്ടുണ്ട്. (പരസഹായത്തോടെ).

**XVIII) കവിത, കത്തുകൾ:** 1)നടുവത്തച്ഛൻ, 2 അനിഴം നാൾ കോട്ടയത്തു തമ്പുരാൻ 3) മാവേലിക്കര ഉദയവർമ്മ തമ്പുരാൻ 4) ചമ്പത്തിൽ ചാത്തുക്കുട്ടി മന്നാടിയാർ 5) കാത്തുള്ളിൽ അച്യുതമേനോൻ 6) കണ്ടത്തിൽ വർഗീസു മാപ്പിള 7) കെ.സി. കേശവപിള്ള 8) കവിയൂർ വെങ്കിടാചലയ്യർ 9) കൊട്ടാരത്തിൽ ശങ്കുണ്ണി 10) കട്ടക്കയത്തു ചെറിയാൻ മാപ്പിള 11) കോടശ്ശേരി കുഞ്ഞൻ തമ്പാൻ 12) മുരുങ്ങൂർ ശങ്കരൻ പോറ്റി 15) എ.ആർ.രാജരാജവർമ്മ കോയിത്തമ്പുരാൻ (16) നടുവത്തു മഹൻ (17) കെ.സി. നാരായണൻ നമ്പ്യാർ 18) മാളിയേക്കൽ ചെറിയ കൃഷ്ണൻ നമ്പൂതിരിപ്പാട് 19) ആലത്തൂർ അനുജൻ നമ്പൂതിരിപ്പാട് 20) ചങ്ങരം കോതകൃഷ്ണൻ കർത്താ 21) വി.കെ. രാമൻ മേനോൻ 22) കൂത്താമ്പിള്ളി രാമൻ നമ്പ്യാർ 23) മടവൂർ സി. നാരായണപിള്ള 24) വെൺമണി കുഞ്ഞുണ്ണി നമ്പൂതിരിപ്പാട് എന്നിവർക്കെല്ലാം ഇദ്ദേഹം കവിത കത്തുകൾ അയച്ചിട്ടുണ്ട്, ചിലർക്ക് ഒന്നിലധികവും.

**XIX) മുക്തകങ്ങൾ**

മംഗളങ്ങൾ, സമസ്യാപൂരണങ്ങൾ, വർണ്ണനകൾ, ശ്ലോകതർജ്ജമകൾ മുതലായവയും ഇവയുടെ കൂട്ടത്തിലുണ്ട്. മുക്തകങ്ങൾ തന്നെ ഏതാണ്ട് പതിനായിരമെങ്കിലും വരും. ഒട്ടു വളരെ കൃതികൾക്ക് തമ്പുരാൻ അവതാരികയും, അഭിപ്രായവും മറ്റും എഴുതിയിട്ടുണ്ട്.

പട്ടിക്കാംതൊടി രാവുണ്ണി മേനോൻ ചെറിയ കൊച്ചുണ്ണിതമ്പുരാന്റെയടുത്ത് പഠിച്ചിരുന്ന കാലത്ത്, പദങ്ങൾക്ക് മുമ്പും പിമ്പും ആടുവാനായി 9 ശ്ലോകങ്ങൾ കുഞ്ഞിക്കുട്ടൻ തമ്പുരാൻ രചിച്ചു നൽകിയതായി കെ.പി.എസ്. മേനോൻ രേഖപ്പെടുത്തിയിട്ടുണ്ട്.

(തുടരും)

## സ്മാരകങ്ങളിലൂടെ പുനഃസംപ്രേഷണം ചെയ്യുന്നു

കേരളത്തിന്റെ സാമൂഹ്യ,സാംസ്ക്കാരിക,രാഷ്ട്രീയ,ആദ്ധ്യാത്മിക രംഗങ്ങളിൽ അനശ്വരമായ സംഭാവനകൾ നൽകി കടന്നുപോയ മഹാന്മാരുടെ സമാകാരങ്ങളെക്കുറിച്ച് തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭയുടെ മുൻപ്രസിഡന്റ് കെ.എൽ.ശ്രീകൃഷ്ണ ദാസ് രചനയും സംവിധാനവും നിർവ്വഹിച്ച 26 എപ്പിസോഡുള്ള ഡോക്യൂമെന്ററി പരമ്പര തിരുവനന്തപുരം ദൂരദർശൻ പുനഃസംപ്രേഷണം ചെയ്യുന്നു. ഈ പരമ്പരയിൽ ക്ഷത്രിയസമുദായത്തിലെ സമുന്നത പ്രതിഭാശാലികളായിരുന്ന രാജാരവിവർമ്മ,സ്വാതിതിരുനാൾ, ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവ്,വയലാർ രാമവർമ്മ എന്നിവരെക്കുറിച്ചുള്ള എപ്പിസോഡുകളിൽ പുതിയ സഭയിലെ പ്രമുഖസഭാംഗങ്ങളും കലാകാരൻമാരും പങ്കെടുത്തുട്ടുണ്ട്. ഒക്ടോബർ 23–ാം തീയതി മുതൽ എല്ലാ ഞായറാഴ്ചയും രാവിലെ 10 മണി മുതലാണ് പുനഃസംപ്രേഷണം ആരംഭിക്കുന്നത്.

നേർവഴി

# കൂപമണ്ഡൂകങ്ങൾ

കെ.സി.വി.ഇ. രാജ ബാംഗ്ലൂർ

നാമെല്ലാം കൂപമണ്ഡുകങ്ങളെപോലെയാണ്. ഒരു ഹിന്ദു അവന്റെ ഇടുങ്ങിയ കിണറിലിരുന്നു കൊണ്ട് ആ കിണറാണ് ലോകമെന്നു കരുതുന്നു. ക്രിസ്ത്യാനികളും മുഹമ്മദീയരും ഇതുപോലെതന്നെ.

സ്വന്തം മതത്തെക്കുറിച്ചോ ഉൽഭവത്തെക്കുറിച്ചോ, പാരമ്പര്യത്തെക്കുറിച്ചോ അഭിമാനിക്കാൻ എല്ലാവർക്കും അവകാശമുണ്ട്. പക്ഷെ ഈ അഭിമാനം മറ്റുള്ളവരെ അവജ്ഞാപൂർവം വീക്ഷിക്കുവാനുള്ളതല്ല. നമ്മുടെതാണ് ഏക ദൈവം, ഏക പ്രവാചകൻ എന്നു പറയുന്ന ക്ഷണം നാം വിദ്വേഷത്തിന്റെയും വിയോജിപ്പിന്റേയും വിത്തുവിതക്കുകയാണ്. നമ്മുടെ ദൈവം, നമ്മുടെ പ്രവാചകൻ, മറ്റുള്ളവരുടെ ദൈവത്തെക്കാളും പ്രവാചകനെക്കാളും മഹത്തായവരാണെന്നു പറയുമ്പോൾ നാം വെറും ഒരു കച്ചവടക്കാരന്റെ നിലയിലേക്കു താഴുന്നു. ഞാൻ, എന്റെ മതം എന്നിവ മറ്റുള്ളവരുടെതിനേക്കാൾ ശ്രേഷ്ഠമാണെന്നുള്ള മനോഭാവമാണ് നാം ഇപ്പോൾ കാണുന്ന എല്ലാ മതസംബന്ധമായ വിദ്വേഷങ്ങൾക്കും കലഹങ്ങൾക്കുമുള്ള കാരണം.

ഈ സന്ദർഭത്തിൽ മതങ്ങൾക്കിടയിലുള്ള ശ്രേഷ്ഠത്വവാദ



ചർച്ചയിൽ പല മതവിശ്വാസികളുടെയും വിവിധ ദേശങ്ങളിലെ പൗരന്മാരുടെയും സമ്മേളനം ഉത്ഘാടനം ചെയ്ത അവസരത്തിൽ ഗാന്ധിജി പറഞ്ഞത് വളരെ പ്രസക്തമാണ്. അദ്ദേഹം പറഞ്ഞത് ഇപ്രകാരമാണ് “പ്രാർത്ഥനാസഹിതമായ വളരെക്കാലത്തെ ഗവേഷണത്തിന്റെയും നിരവധി ചർച്ചകളുടെയും ഫലമായി ഞാൻ ഈ നിഗമനത്തിലെത്തി. എല്ലാ മതങ്ങളും സത്യമാണ്. അവയിലെല്ലാം കുറ്റങ്ങളും കുറവുകളും തെറ്റുകളുമുണ്ട്. എന്റെ മതം എനിക്ക് ഏറ്റവും പ്രിയങ്കരമാണെങ്കിലും മറ്റെല്ലാ മതങ്ങളേയും സ്വന്തം ബന്ധുക്കളെ പോലെ കരുതണമെന്നും അവർക്കിടയിൽ യാതൊരു വിഭിന്നതയും പ്രദർശിപ്പിക്കരുതെന്നും ഞാൻ മനസ്സിലാക്കി. ആയതിനാൽ നമ്മുടെ പ്രാർത്ഥന ഇപ്രകാരമായിരിക്കണം’ ഒരു ഹിന്ദു കൂടുതൽ ഉൽക്കർഷനായ ഹിന്ദുവായിത്തീരണം; ഒരു ക്രിസ്ത്യാനിയായിരിക്കണം; അതുപോലെ തന്നെ ഒരു മുസൽമാനും”. ഈ അഭിപ്രായത്തെ വ്യക്തമാക്കാൻ അപേക്ഷിച്ചപ്പോൾ ഗാന്ധിജി പറഞ്ഞത് ഇതാണ് “ഞാൻ ആരേയും അവരുടെ മതം മാറ്റുവാൻ നിർബന്ധിക്കുകയില്ലെന്നു മാത്രമല്ല രഹസ്യമായിട്ടുകൂടി ആരും എന്റെ മതവിശ്വാസത്തെ സ്വീകരിക്കണമെന്നു പ്രാർത്ഥിക്കുകയില്ല.”

ഇതേ അഭിപ്രായം വളരെ വർഷങ്ങൾക്കു മുമ്പു തന്നെ സ്വാമി വിവേകാനന്ദൻ പ്രസ്താവിച്ചിരുന്നു. അദ്ദേഹം പറഞ്ഞു “ഒരു ക്രിസ്ത്യാനി ഹിന്ദുവാകേണ്ടതില്ല; മറിച്ച് ഒരു ഹിന്ദുവോ ബുദ്ധമതവിശ്വാസിയോ ക്രിസ്ത്യാനിയും ആകേണ്ടതില്ല. എന്നാൽ ഓരോരു



ത്തരും മറ്റുള്ളവരുടെ ചൈതന്യത്തെ മനസ്സിലാക്കി ഉൾക്കൊള്ളണം; സ്വന്തം വ്യക്തിത്വം നഷ്ടപ്പെടാതെ തന്റെ വികസന നിയമങ്ങളെ ആധാരമാക്കി വികസിക്കണം.”

ഈ ഭൂമിയിൽ ഹിന്ദുക്കൾക്കും ക്രിസ്ത്യാനികൾക്കും മറ്റു മതവിശ്വാസികൾക്കും ജീവിക്കുവാൻ അവകാശമുണ്ട്. അത് ആരുടെയും ഔദാര്യം കൊണ്ട് സിദ്ധിച്ചതല്ല. മറ്റുള്ളവർ ഇത് മനസ്സിലാക്കി ആദരിക്കേണ്ടതാണ്; ഇല്ലെങ്കിൽ ഈ മനോഭാവം ലോകത്തിന്റെ നാശത്തിന് കാരണമാകും.

നാം സ്വാമി വിവേകാനന്ദന്റെയും മഹാത്മാഗാന്ധിയുടേയും അഭിപ്രായങ്ങളിലുള്ള സത്യം മനസ്സിലാക്കിയാൽ മറ്റുള്ളവരോടുള്ള നമ്മുടെ ‘ഞാൻ നിങ്ങളെക്കാൾ ശ്രേഷ്ഠനാണ്; എന്റെ മതം നിങ്ങളുടെ മതത്തേക്കാൾ ശ്രേഷ്ഠമാണ്’ എന്നെല്ലാമുള്ള മനോഭാവവും, അവരുടെ സഹിഷ്ണുതയെ മുതലെടുക്കാനുള്ള മനസ്ഥിതിയും തിരസ്ക്കരിക്കാൻ നമ്മെ സഹായിക്കും. ഒരു മതവും വിദ്വേഷം പ്രചരിപ്പിക്കുകയോ പഠിപ്പിക്കുകയോ ചെയ്യുന്നില്ല. ചക്രവർത്തി

അശോകൻ പറഞ്ഞത് ശ്രദ്ധിക്കുക 'സ്വന്തം വിഭാഗത്തെ അത്യന്തമായി ബഹുമാനിക്കുകയും സ്നേഹിക്കുകയും ചെയ്യുമ്പോൾ സ്വന്തം വിഭാഗത്തിന്റെ ഉജ്വലതയെ വർദ്ധിപ്പിക്കാൻ വേണ്ടി മറ്റൊരു വിഭാഗത്തെ നിന്ദിക്കുമ്പോൾ അത്തരം പ്രവൃത്തികൾ സ്വന്തം വിഭാഗത്തിനു തന്നെ കർശനമായ മുറിവുകളേല്പിക്കും.' ആയതിനാൽ നാം മതങ്ങൾ തമ്മിലുള്ള വ്യത്യാസങ്ങളെ ഊന്നിപ്പറയുന്നതിനു പകരം അവ തമ്മിലുള്ള സാമ്യത്തെ ഊന്നിപ്പറയുക. വ്യത്യാസങ്ങൾ ഉണ്ടായാലേ അഭിവൃദ്ധിയുണ്ടാവുകയുള്ളു. കുറ്റങ്ങൾ ഒരു വ്യക്തിയുടെയോ ഒരു സമൂഹത്തിന്റെയോ മാത്രമായുള്ളതല്ല. അവ നമ്മുടെ ജീവിതത്തിന്റെ അനിവാര്യ ഘടകങ്ങളാണ്. സാമ്യതയെ ഊന്നിപ്പറയുമ്പോൾ നമുക്ക് തമ്മിൽ അടുപ്പമുണ്ടാവുകയും ഈ ലോകം ജീവിക്കുവാൻ അനുയോജ്യമായ സ്ഥലമായിത്തീരുകയും ചെയ്യും.

യഥാർത്ഥ മതത്തിന്റെ ഉദ്ദേശമെന്തെന്നാൽ മനുഷ്യന്റെ മൃഗീയ പ്രകൃതിയെ അതിർകടന്ന് ദൈവീകഭാവം സാക്ഷാൽക്കരിക്കുകയെന്നതാണ്. എല്ലാ ജീവികളും ദൈവത്തിന്റെ അംശങ്ങളാണ്. ഭഗവത് ഗീതയിൽ ഭഗവാൻ കൃഷ്ണൻ പറയുന്നു "എല്ലാ ജീവികളിലും നിർജ്ജീവ വസ്തുക്കളിലും ദൈവത്തെ കാണാൻ സാധിക്കുന്നവർക്ക് ക്ഷേത്രങ്ങളും മതസംബന്ധമായ ആചാരാനുഷ്ഠാനങ്ങളും ആവശ്യമില്ല." സ്വാമി വിവേകാനന്ദനും ഇതുതന്നെയാണ് പറയുന്നത്. എല്ലാ ജീവികളിലും ദൈവം അന്തർലീനമായിരിക്കുന്നു. ഈ അന്തർലീനമായ ദൈവീകതയെ സ്പഷ്ടമാക്കുകയെന്നതാവണം എല്ലാവരുടെയും ലക്ഷ്യം. ഈ ലക്ഷ്യം ഭക്തി കൊണ്ടോ ഇന്ദ്രിയ നിയന്ത്രണം കൊണ്ടോ തത്വജ്ഞാനം കൊണ്ടോ സാധിച്ച് ഇഹലോക ബന്ധത്തിൽ നിന്ന് മുക്തരാകാൻ സാധിക്കുന്നതാണ്. ഇതാണ് ശരിയായതും പൂർണ്ണമായതുമായ മതം. സിദ്ധാന്തങ്ങൾ, പുസ്തകങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, ക്ഷേത്രങ്ങൾ എന്നിവരണ്ടാം തരമായ വിശദാംശങ്ങളാണ്.

എന്നാൽ ഈ രണ്ടാംതരമായ വിശദാംശങ്ങളെച്ചൊല്ലിയാണ് നമ്മൾ കലഹിക്കുന്നത്. രാഷ്ട്രീയത്തിനും രാഷ്ട്രീയക്കാർക്കും ഈ ദുരന്താവസ്ഥയിൽ വലിയൊരു പങ്കുണ്ട്. മതങ്ങളിലെ അന്തർലീനമായ ഏകതയെ ഊന്നിപ്പറയുന്നതിനു പകരം അവർ അവയിലെ ചെറിയ വ്യത്യാസങ്ങളെ എടുത്തു



കാട്ടുന്നു. ശതാബ്ദങ്ങളായി മതത്തിന്റെ പേരിൽ സംഭവിക്കുന്ന കലഹങ്ങൾക്കും കൊലകൾക്കും കാരണം ഇതാണ്.

എല്ലാമതങ്ങളും പരബ്രഹ്മത്തിലേക്കെത്താനുള്ള യുക്തിയുക്തമായ വഴികളാണെന്നു ദൃഢമായി വിശ്വസിക്കുക. എല്ലാ മനുഷ്യരും സ്വന്തം വിശ്വാസത്തേയോ പ്രത്യേകതയേയോ ത്യജിക്കാതെ കൂട്ടായി നില്ക്കണം. രാഷ്ട്രീയക്കാർ സ്വാർത്ഥതാല്പര്യങ്ങൾ ക്കായി സൃഷ്ടിക്കുന്ന വിദ്വേഷത്തേയും ഭീതിയേയും അവഗണിച്ച് മതങ്ങൾ സ്നേഹത്തിന്റേയും ശാന്തിയുടെയും ഉപകരണങ്ങളായി മാറ്റണം. ഈ ഉദ്ദേശശുദ്ധിക്കായി മറ്റുള്ള മതസാരങ്ങളെ നാം പഠിക്കേണ്ടത് ഒഴിച്ചുകൂടാത്ത ഒരാവശ്യമാണ്.

ലോകത്തിലെ എല്ലാ മതങ്ങളും അവയുടെ പ്രവാചകന്മാർക്ക് അനുഭവപ്പെട്ട ചില ശാശ്വതമായ സത്യങ്ങളും ലൗകികധർമ്മമാർഗ്ഗങ്ങളും ജനങ്ങളുടെ നന്മക്കായി പ്രഖ്യാപിക്കുന്നു. ഈ തത്വങ്ങളെ മനസ്സിലാക്കി അനുസരിച്ച് ജനങ്ങൾ അത്യുന്നതതലങ്ങളിലേക്ക് എത്തിച്ചേരുമെന്നു അവർ വിശ്വസിച്ചു. എന്നാൽ ഈ ലൗകിക തത്വങ്ങളിൽ കാലത്തിനനുസരിച്ച് മാറ്റങ്ങൾ വരുത്തേണ്ടതാണ്. ഇതു ചെയ്യാത്തതാണ് മതങ്ങൾക്കിടയിലുള്ള മിക്ക കലഹങ്ങൾക്കും കാരണം. ശാശ്വതസത്യങ്ങൾ ക്കാണ് പ്രാധാന്യം നല്കേണ്ടത്. ഭൗതികമായ ധാർമ്മിക മാർഗ്ഗങ്ങൾക്കല്ല. ഇവ കാലത്തിനനുസരിച്ച് മാറിക്കൊണ്ടിരിക്കും.

ലോകത്തിലെ എല്ലാ മതങ്ങളും പരബ്രഹ്മത്തെ സമീപിക്കുവാനുള്ള വ്യത്യസ്തമാർഗ്ഗങ്ങളാണെന്നു മനസ്സിലാക്കുക. കൂപമണ്ഡൂകങ്ങളെപ്പോലെ തന്റെ മതം മാത്രമാണ് ശരിയായ മാർഗ്ഗമെന്നുള്ള ചിന്ത ഉപേക്ഷിക്കുക. ഹിന്ദു, ക്രിസ്ത്യാനി, മുഹമ്മദീയൻ എന്ന ചിന്ത ഉപേക്ഷിച്ച് നാമെല്ലാം ആദ്യം മനുഷ്യരും പിന്നെ ഭാരതീയരും ഒടുവിൽ ഹിന്ദു ക്രിസ്ത്യൻ, മുഹമ്മദീയൻ എന്നും കരുതുക. സ്വാമി വിവേകാനന്ദൻ 1873 സെപ്റ്റംബറിൽ ചിക്കാഗോയിൽ നടന്ന മതസമ്മേളനത്തിൽ പറഞ്ഞത് ശ്രദ്ധിക്കുക. "നമുക്ക് സഹായിക്കുക; കലഹിക്കാതിരിക്കുക; മറ്റുള്ള മതതത്വങ്ങളെ ഉൾക്കൊള്ളുക; എല്ലാവരോടും പൊരുത്തപ്പെടുവാൻ ശ്രമിക്കുക; ശാന്തിയേയും സമാധാനത്തേയും തേടുക, സ്പർദ്ധയെ ഉപേക്ഷിക്കുക" ഈ തത്വങ്ങളെ അനുസരിച്ച് ജീവിക്കുവാൻ ശ്രമിക്കുക.

സർവോപരി നമുക്ക് ഒരു നല്ല മനുഷ്യജീവിയാകുവാൻ ശ്രമിക്കുക. ●



# ഭാഗവതഹംസം മള്ളിയൂർ

കെ. രവിവർമ്മ, കിളിമാനൂർ

*'സംസാര സാഗരേമഗ്നം ദിനംമാം*
*കരുണാനിധേ!*
*കർമ്മഗ്രാഹ ഗൃഹീതാംഗം മാമു*
*ദ്ധരഭവാർണ്ണവാൻ'*
*(ഭാഗവത മാഹാത്മ്യം 627)*

മള്ളിയൂർ ഗണപതി ക്ഷേത്രത്തിലുള്ള നമസ്കാര ശിലയിൽ ഈ ഭാഗവതമന്ത്രം ജപിച്ച് അനേകം സാഷ്ടാംഗപ്രണാമം ദിവസവും നടത്തുന്ന ആചാര്യവര്യനായ മള്ളിയൂർ ശങ്കരൻ നമ്പൂരിതിരിയെ കരുണാനിധിയായ ഭഗവാൻ ഭവാർണ്ണവത്തിൽ നിന്നും ഉദ്ധരിച്ചു. ദിവസവും ഉള്ള പ്രഭാത നമസ്കാരചടങ്ങാണ് ഈ ഭാഗവതാചാര്യനുള്ളത്. ഈ യുഗത്തിലെ ശ്രീ ശുകനായിട്ട് അദ്ദേഹത്തിനെ ഭക്തന്മാർ വാഴ്ത്തുന്നു.

ഏഴു ദശാബ്ദങ്ങൾ ഭാഗവത പാരായണം ചെയ്ത് നമുക്കെല്ലാം ആനന്ദവും ഭക്തിയും നല്കിയ ആ മഹാത്മാവ് ദിവംഗതനായി. അദ്ദേഹം ഭാഗവതാചാര്യനായ ഒരു സന്ന്യാസിവര്യനാണ്. 2011 ആഗസ്റ്റ് രണ്ടാം തീയതി രാവിലെ എട്ടര മണിക്ക് അദ്ദേഹം യാത്ര പറഞ്ഞു. ബ്രഹ്മതേജസ്സ് ജ്വലിക്കുന്ന ആ സ്ഥൂലശരീരം നിശ്ചലമായി. ആ ജീവാത്മാവ് പരമാത്മാവായ സച്ചിദാനന്ദസ്വരൂപനായ ഭഗവാനിൽ വിലയം പ്രാപിച്ചു.

അനേകം സപ്താഹങ്ങൾ നടത്തി ഭഗവാന്റെ പരമമായ തേജസ്സ് അനേകം ഭക്തജനങ്ങളിൽ ജ്വലിപ്പിച്ച ഒരു ഭാഗവതോത്തമനായിരുന്നു ബ്രഹ്മശ്രീ മള്ളിയൂർ ശങ്കരൻ നമ്പൂതിരി. അദ്ദേഹത്തിന്റെ നിര്യാണം മനുഷ്യവർഗ്ഗത്തിന് നികത്താനാവാത്ത നഷ്ടം തന്നെയാണ്. മള്ളിയൂർ മനയ്ക്കടുത്തുള്ള സ്വന്തം ഗണപതി ക്ഷേത്രത്തിലെ ഗണപതി ഭഗവാന്റെ അതീവ ഭക്തനായിരുന്നു അദ്ദേഹം.

1991 ഫെബ്രുവരി 21നാണ് ഗുരുവായൂർ ഭാഗവത വിജ്ഞാന സമിതി 'ഭാഗവത ഹംസം' എന്ന പുരസ്കാരം നല്കി അദ്ദേഹത്തിനെ ആദരിച്ചത്. 1921 ഫെബ്രുവരി 2ന് മൂലം നക്ഷത്രത്തിൽ അദ്ദേഹം ജനിച്ചു. പിതാവ് മള്ളിയൂർ പരമേശ്വരൻ നമ്പൂതിരിയും മാതാവ് കിടങ്ങൂർ മാടപ്പാട്ട് മനയ്ക്കലെ ആര്യ അന്തർജ്ജനവും. വളരെ കഷ്ടപ്പാടുകൾ നിറഞ്ഞതായിരുന്നു അദ്ദേഹത്തിന്റെ ആദ്യകാലങ്ങൾ. പിന്നീട് ഭഗവാന്റെ കീർത്തനങ്ങൾ നിഷ്കളങ്കമായ ഭക്തിയോടെ പാടിപ്പാടിയാണ് അദ്ദേഹത്തിന് സുഖകരമായ ജീവിതം നയിക്കാൻ കഴിഞ്ഞത്.

ഭൗതിക വസ്തുക്കളെ നശ്വരമായി കണക്കാക്കിയ ഒരു നിഷ്കളങ്ക ഭാഗവത ഉപാസകനായിരുന്നു ആചാര്യനായ അദ്ദേഹം. ഭാഗവതം വളരെ ചിട്ടയോടും, ശുദ്ധിയോടും വ്രതത്തോടും ആയിരുന്നു അദ്ദേഹം പാരായണം ചെയ്തിരുന്നത്. സാമ്പത്തികമായ കാര്യങ്ങൾ അദ്ദേഹം ഗൗനിക്കാറെ ഇല്ല. കറകളഞ്ഞ ഭക്തിയോടെയാണ് അദ്ദേഹം ആ യജ്ഞം നടത്തിക്കൊണ്ടിരുന്നത്. വിനയവും സ്നേഹവും അദ്ദേഹത്തിന്റെ പാരായണങ്ങളിൽ മുഴങ്ങി നിന്നിരുന്നു. സംസ്കൃതഭാഷയിൽ അവഗാഹമായ പാണ്ഡിത്യമുണ്ടായിരുന്നു അദ്ദേഹത്തിന്. ഭാഗവതവും നാരായണീയവും ഭഗവത് ഗീതയുമെല്ലാം അദ്ദേഹത്തിന് വളരെ നന്നായി അറിയാമായിരുന്നു. ഭാഗവതത്തിലെ എല്ലാ ശ്ലോകങ്ങളും അദ്ദേഹത്തിന് കാണാതറിയാമായിരുന്നു.

മരണം ദേഹിക്കില്ല. ദേഹത്തിനെ ഉള്ളു. ആത്മാവ് നിത്യനാണ്. അതിന് പരമാത്മാവിന്റെ ഗുണം ഉണ്ട്. ഒരു മൺകുടം ഉടയുമ്പോൾ അതിനകത്തുള്ള ആകാശം പരമമായ ആകാശത്തിൽ ലയിക്കുമ്പോലെയും മൺകുടം മണ്ണിൽ തന്നെ ലയിക്കുമ്പോലെയും ദേഹി അഥവാ ആത്മാവ് പരമാത്മാവിൽ ലയിക്കുന്നു. പരമാത്മാവിൽ ലയിച്ചാൽ പിന്നെ പുനർജന്മമില്ല എന്നാണ് പറയുന്നത്. ഭഗവത്ഗീതയിലെ പ്രധാനപ്പെട്ട ഒരു ശ്ലോകം.

# എന്റെ മുതലാളി

കെ. എൻ. എസ്.വർമ്മ

അറിയില്ലെന്നോ, കഷ്ടം നിങ്ങളെൻ മുതലാളൻ
മറിമായങ്ങൾ ഒന്നും പരദേശമോ ജന്മം !
നാട്ടിലെ പ്രഭുക്കളിൽ മുന്തിയോൻ സമാരാധ്യൻ
പാർട്ടി നേതാക്കൾക്കൊക്കെ സംപ്രീതിയുണർത്തുവോൻ
പേരെഴും ആഢ്യത്തത്തിൻ സന്തതി, അദ്ദേഹത്തിൻ
പേരിനോടൊപ്പമില്ല നായരും നമ്പൂരിയും
ചന്ദന നിറം തോൽക്കും സുന്ദരകളേബരം
മന്ദഹാസത്തിൻ പൂക്കൾ വിരിയും മുഖാംബുജം
കുങ്കുമപ്പൊട്ടിൻ മേലേചന്ദനക്കുറി, തോളിൽ
തങ്കവേഷ്ടിയും മിന്നും കണ്ഠ മാലതൻ ദീപ്തി
ബന്ധു വൈരികൾ തമ്മിൽ ഭേദമില്ലെന്നാലാപൽ
സിന്ധുവിൽ കരയേറ്റാൻ മുന്നിലാണെക്കാലവും
ത്യാഗവും ദയാവായ്പും സ്നേഹവും അത്യുന്നത
യോഗിയാം ഋഷീവര്യൻ തന്നുടെ ലാളിത്യവും
ചാലിച്ചു സമാസമം കൂടിയങ്ങേ കോപിച്ചു
ജ്വാലയായ് മാലോകർക്ക് പ്രാണനായ് വാഴുംകാലം
എന്നുടെ ഹൃദന്തത്തിൽ കൊള്ളിയാൻ മിന്നിയേറെ
മുന്നമാമോർമ്മച്ചെപ്പിൻ മൂടി ഞാൻ തുറക്കുമ്പോൾ
ഒന്നൂറിച്ചിരിക്കുവാൻ എൻമനം ത്രസിക്കുന്നു.
ഒന്നു സ്വസ്ഥമായ് ഗാഢനിദ്രയിൽ ലയിക്കുവാൻ
പുലരിപ്പെണ്ണിൻ സ്നേഹ വലയം ഭേദിച്ചു ഞാ-
നലസം മിഴിപൂട്ടിയുറക്കം നടിക്കുമ്പോൾ
ആരവം കേട്ടു ദൂരെ, സാഗരമിരമ്പും പോൽ
ഘോരമാം പേമാരിതൻ ഘോഷമോ , സിരാകേന്ദ്ര-
മാകവെ തരിച്ചു പോയ് വേപഥു പൂണ്ടു ഗാത്രം
സ്വേദബിന്ദുക്കൾ പൊടിഞ്ഞീറനായുടു വസ്ത്രം
രക്ത പങ്കിലം ദേഹം വെട്ടേറ്റു കിടക്കുന്നു.!
ശക്തനാം മുതലാളി മൃത്യുവിന്നിരയെന്നോ!
കഷ്ടമിക്കൊടും ചതി നിഷ്ഠൂരം പ്രയോഗിച്ച
ദുഷ്ടനാം കൊലയാളി മർത്ത്യനോ മരാളനോ!
ഉമ്മറപ്പടിയിന്മേൽ നിർന്നിമേഷനായ് നിന്നാ-
കന്മതിൽക്കെട്ടും പിന്നിൽ വൻ മണിസൗധങ്ങളും
ശിൽപ ഭംഗിയിൽ ഗജമസ്തകം പോലെ പൊങ്ങി
ചിത്രമാം വർണ്ണക്കൂട്ടിൻ ഗോപുര കവാടവും
കണ്ണിമക്കാതെ നോക്കി, ഞാൻ വീണ്ടും വീണ്ടും
വിണ്ണിലെ സ്വർഗ്ഗം താനെ മണ്ണിലേക്കിറങ്ങിയോ!
പിന്നിലാക്കൊട്ടാരത്തിന്നങ്കണ മടിത്തട്ടിൽ
നിന്നുയർന്നിതാ പൊങ്ങി മിന്നിടും ഹർമ്മ്യമൊന്നിൽ
എത്രയോ നാരീമണിരത്നങ്ങളുടു വസ്ത്രം
അർപ്പിച്ചു ബാഷ്പാംബുവിൽ മുതലാളിതൻ മുമ്പിൽ
എത്രയോ നവോഢകൾ തന്നിളം പൂമേനിയെ
വില്പനച്ചരക്കുപോൽ പൂജിച്ചു നൈവേദ്യമായ്
പെട്ടു പോയെന്നോമന പെൺകിടാവൊരുത്തിയ-
തട്ടകം തന്നിൽ വെറും ചാമ്പലായ് കാമാഗ്നിയിൽ
ഉറയും വൈരാഗ്യത്തിന്നുഗ്രമൂർത്തിയായ് വിട-
പ്രഭുവിൻ കഥ തീർത്തു നിശയിൽ നിശ്ശബ്ദനായ്
തെളിച്ചീടൊല്ലെ ദീപം വിഷസർപ്പത്തിൻ മുന്നിൽ
വിളിച്ചു കൂവി നാട്ടാർ പടഹധ്വനിയോടെ!

---

*ഭാഗവതഹംസം തുടർച്ച*

*"വസാംസി ജീർണ്ണാ നിയഥാ*
*വിഹായ*
*നവാനി ഗൃഹ്ണാതിനരോപരാണി*
*തഥാ ശരീരാണി വിഹായ*
*ജീർണ്ണാ-*
*ന്യന്യാ നിസംയതാതി നവാഹി*
*ദേഹി.'* (*ഗീത 222*)

എപ്രകാരം മനുഷ്യൻ ജീർണ്ണിച്ച വസ്ത്രങ്ങൾ ഉപേക്ഷിച്ച് പുതിയ വസ്ത്രങ്ങൾ സ്വീകരിക്കുന്നുവോ അപ്രകാരം ജീവാത്മാവ് ജീർണ്ണിച്ച ശരീരം ഉപേക്ഷിച്ച് പുതിയ ശരീരം സ്വീകരിക്കുന്നു. അനേകം മാറ്റങ്ങൾ സംഭവിച്ചാണ് പരമമായ ഭഗവത് ചൈതന്യത്തെ പ്രാപിക്കുന്നത്. മള്ളിയൂരിന്റെ ജീവാത്മാവ് പരമാത്മാവിൽ തന്നെയാണ് ലയിച്ചിരിക്കുന്നത്. അങ്ങനെ ഭാഗവതപാരായണം ഉപാസനയാക്കിയ അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കു മുമ്പിൽ നൂറായിരം പ്രണാമങ്ങൾ വിയനപൂർവം സമർപ്പിക്കുന്നു. ●

# ശുദ്ധ സംഗീതത്തിന്റെ സ്വരരാഗസുധയ്ക്ക് പ്രണാമം

ആർ.വി. രാമഭദ്രൻ തമ്പുരാൻ, തൃപ്പൂണിത്തുറ

നവതിയുടെ നിറവിലും, മദിരാശിയിൽ നിന്നും ലഭിച്ച തനിക്കേറെ പ്രിയപ്പെട്ട തംബുരു മടിയിൽ വച്ച് മങ്കുത്തമ്പുരാൻ പാടുമായിരുന്നു. – 'സ്വരരാഗസുധാ...' തനിക്കേറ്റവും ഇഷ്ടപ്പെട്ട ശങ്കരാഭരണം രാഗത്തിലെ ത്യാഗരാജ കൃതി. കളിക്കോട്ടയിലെ അഷ്ടപദി ഭാഗവതരുടെ കീഴിൽ നിന്നു തുടങ്ങിയ സംഗീതസപര്യ; നല്ലൊരു ചിത്രകാരനും കൂടിയായിരുന്ന അച്ഛൻ മുരീസ്സ് നീലകണ്ഠൻ നമ്പൂതിരിയുടെയും അമ്മ മങ്കുട്ടി തമ്പുരാന്റെയും സ്നേഹവാത്സല്യവും പ്രോത്സാഹനവും തന്റെ എല്ലാ കച്ചേരികൾക്കും പിന്നിൽ ശ്രുതി മീട്ടുന്ന പ്രിയപ്പെട്ട ചേച്ചിയുടെ പിന്തുണയും മങ്കുത്തമ്പുരാന്റെ ശുദ്ധ സംഗീതത്തിന് മാറ്റുകൂട്ടി. കർണ്ണാടക സംഗീതലോകത്തെ ഭീഷ്മാചാര്യനായ ചെമ്പൈ വൈദ്യനാഥ ഭാഗവതരുടെയും അദ്ദേഹത്തിന്റെ അനുജൻ സുബ്രഹ്മണ്യ (ചുപ്പാമണി ഭാഗവതർ) ന്റെയും കീഴിലുള്ള സംഗീതശിക്ഷണം തമ്പുരാന്റെ സംഗീതയാത്ര കൂടുതൽ സുഗമമാക്കി. തൃപ്പൂണിത്തുറ രാധാലക്ഷ്മി സ്കൂളിന്റെ ഉൽഘാടനത്തിന് സഹൃദയനായ മിടുക്കൻ തമ്പുരാന്റെ പത്നി ലക്ഷ്മിക്കുട്ടി നേത്യാരമ്മയുടെ നേതൃത്വത്തിൽ നടന്ന കച്ചേരിയുടെ വേദിയിൽ വച്ചാണ് 'സംഗീതവിദുഷി' എന്ന ബഹുമതി ലഭിക്കുന്നത്. തന്റെ സംഗീതയാത്രയിൽ നിരവധി പുരസ്കാരങ്ങളും അംഗീകാരങ്ങളും ലഭിച്ചിട്ടുള്ള തമ്പുരാനെ 1972–ൽ സംഗീത നാടക അക്കാദമി



*അമ്മയുടെ ഷഷ്ട്യബ്ദപൂർത്തിയ്ക്ക് കോവിലകത്തുവെച്ച് മങ്കുത്തമ്പുരാൻ കച്ചേരി അവതരിപ്പിച്ചപ്പോൾ. വലയിൻ മൈസൂർ റ്റി. ചൗഡയ്യ. മൃദംഗം പാലക്കാട്ടു മണിഅയ്യർ. തംബുരു സഹോദരി കുഞ്ഞിക്കാവുട്ടി തമ്പുരാൻ.*

ഫെല്ലോഷിപ്പ് നല്കി ആദരിച്ചു. അക്കാദമിയുടെ പ്രഥമ അദ്ധ്യക്ഷയായ തമ്പുരാന് അക്കാദമി നൽകിയ ഗുരുദക്ഷിണ. തന്റെ ഗുരുനാഥന്റെ പ്രിയ ശിഷ്യനായ ഗാനഗന്ധർവ്വൻ യേശുദാസ് ആയിരുന്നു അപ്പോൾ അക്കാദമിയുടെ അദ്ധ്യക്ഷൻ, മാത്രമല്ല ഗുരുവായ ചെമ്പൈ വൈദ്യനാഥ ഭാഗവതർക്കും ആ വർഷം തന്നെയാണ് അക്കാദമി ഫെല്ലോഷിപ്പ് നല്കി ആദരിച്ചു എന്നുള്ളതും ദൈവനിയോഗമാവാം. 2001ൽ ശ്രീപൂർണ്ണത്രയീശ സംഗീത സഭയുടെ 'സംഗീതസംപൂർണ്ണ'ബഹുമതി നല്കി തമ്പുരാനെ ആദരിച്ചതും പത്മശ്രീ യേശുദാസായിരുന്നു. പൂർണ്ണത്രയീശന്റെ വരപ്രസാദം...

ഇന്ന് ആ സ്വരരാഗസുധ അഥവാ ശുദ്ധ സംഗീതത്തിന്റെ രാഗസുധ ഓർമ്മയായി. എങ്കിലും ചന്ദ്രവിലാസം പാലസ്സിലെ കൊച്ചു മുറ്റത്തെ ഓരോ പുൽക്കൊടിയും, ഓരോ മൺതരിയും ആ സ്വരരാഗസുധ ഏറ്റുപാടിക്കൊണ്ടേയിരിക്കുന്നു... ശുദ്ധ സംഗീതത്തെ സ്നേഹിക്കുന്ന നല്ല മനസ്സുകളിലേക്ക് പകർന്നു നല്കുന്നു.

''നമ്മുടെ രാജധാനികൾ സ്വർണ്ണത്തൊട്ടിലുകളായിരുന്നു. ആ തൊട്ടിലിലെ രാജകുമാരിയായിരുന്നു സുകുമാരകല. ഈ അന്തരീക്ഷത്തിലാണ് കൊച്ചി രാജകുടുംബത്തിലെ അംഗമായ ശ്രീമതി മങ്കുത്തമ്പുരാൻ വളർന്നത്. മങ്കുത്തമ്പുരാന് ഗാനാലാപം ആത്മാർപ്പണമാണ്. ഇത്രയും ആത്മാർത്ഥമായ കലോപാസന അധികം കാണാറില്ല." അക്കാദമിയുടെ ബഹുമതിപ്പത്രത്തിലെ ഈ വാക്കുകൾ എത്ര അന്വർത്ഥമാണ്. കർണ്ണാടക സംഗീതലോകത്തിലെ രാജകുമാരിക്ക് ആ ഗാനോപാസകയ്ക്ക് ആയിരമായിരം പ്രണാമങ്ങൾ....! ●

# രാജവീഥികളിലൂടെ

**രാജകൃഷ്ണൻ, പുതിയ കോവിലകം**

ശ്രീലക്ഷ്മിമാർക്കു പതിയാകുമനന്തശയ്യൻ
ശ്രീപത്മനാഭ ഭഗവാൻ സകലൈക നാഥൻ
ശോഭിച്ചിടും തിരുവനന്തപുരച്ചരിത്രം
ആനന്ദമേകുമനുഭൂതികൾ നൽകുമെന്നും.
ശ്രീപത്മനാഭനുടെ ദാസ്യതയോടുകൂടി
രാജ്യം ഭരിച്ച നൃപർതൻ സ്മൃതിമണ്ഡപങ്ങൾ
മായാത്ത മുദ്രകളണിഞ്ഞു മനോജ്ഞമായി
ക്കാണിച്ചിടുന്നു മനസിൽ ഗതകാലമിന്നും.
സൽപ്പേരിലുള്ളൊരു മഹാകവികുഞ്ജരൻശ്രീ
'ഉള്ളൂര്' എന്ന കവിയെസ്പരമേശ്വരയ്യർ
ഉണ്ടാക്കിടും കൃതികളിൽ 'ഉമയമ്മറാണി'
നന്നായ് വിളങ്ങി 'ഉമ (ാ) കേരള കാവ്യമായി'
ശാകുന്തളം കഥയിലെ മുനികന്യകയ്ക്ക്
ഭാവം പകർന്നൊരു മഹാൻ 'രവിവർമ്മ'യല്ലൊ
ആ ചിത്രകാരനിൽ വിളങ്ങിയ സർഗദീപം
ഒട്ടേറെ ചിത്രരചനക്കു പ്രകാശമേകി.
രാഗത്തിനൊത്ത കൃതിയാൽ സ്വരഗംഗ തീർത്തു
താളം പിടിച്ചു നിമിഷങ്ങളനർഘമാക്കി
മേളിച്ച 'സ്വാതി തിരുനാൾ' വിളയാടിയിന്നും
വേദിക്കു നല്ല വിജയങ്ങൾ കൊടുത്തിടുന്നു.
സ്നേഹാർദ്രമായ് തഴുകി നാടിനെ വേണ്ടപോലെ
പാലിച്ചുപോന്നൊരു മഹാനൃപനായിരുന്ന
'ശ്രീചിത്തിരാ' ഹൃദയമീ നഗരത്തിൽ നല്ലൊ
രാസ്പത്രിയായ് തഴുകി സാന്ത്വനമേകിടുന്നു.
മാർത്താണ്ഡവർമ്മയതുപോലെയനന്തമായ
മാഹാത്മ്യമുള്ള നൃപരായ മഹാനുഭാവർ
ശോഭിച്ച രാജകുലമീ നഗരത്തിലിന്നും
ശ്രീപത്മനാഭ കൃപയോടെ വസിച്ചിടുന്നു.
കാരുണ്യമാർന്ന മിഴിയാൽ തിരമാല തീർത്തു
പാലാഴിയിൽ പരിലസിച്ചിടുമീശ്വരന്റെ
പാദാംബുജത്തിലൊരു താമരപോലെ സർവം
കാണിക്ക വെച്ച നൃപരെ പ്രണമിച്ചിടുന്നു. ●

# ഓണത്തിന്നവധി

**പി.കെ.എസ്. രാജ**

ഓണമേ നിൻ വരവിനെയും കാത്ത്
കാണവും വിറ്റു, കാത്തിരിപ്പു ജനം
നിന്റെ പേർ ചൊല്ലി മത്സരിച്ചീടുന്നു
"ബ്രാന്റുകൾ" നിറച്ചീ മധുശാലകൾ
വാമനന്റെ പിറന്നാൾ മഹോത്സവം
ധീരനാം ബലി കൊണ്ടാടും നാളിലോ
കേരളീയരാം നമ്മളോ ഹാ! കഷ്ടം
മുങ്ങിച്ചാവുന്നു മദ്യക്കടലിലായ്
പീഡനവാർത്ത കേൾക്കാതൊരു ദിനം
റേഡിയോ, ടിവി, നിർത്താനുമൊത്തിടാ
നിത്യം വേണ്ടതാം ഭക്ഷ്യപേയങ്ങൾ തൻ
പുത്തനാം വില കേട്ടാലോ ഞെട്ടിടും
കോടിക്കോടികൾ പോക്കറ്റിലാക്കിടാൻ
ഓടിയോടി തളരുന്നു മാനുഷർ
ആറിഞ്ചുവയർ, ആറടി മണ്ണിനായ്
നൂറു കോടികൾ തേടിയലയുന്നു
നാണമില്ലാ തുറുങ്കിൽ കിടന്നിടാൻ
നാണം തീർക്കുവാൻ പൊൻപണമുണ്ടല്ലോ
ഇത്രയും നഗ്നസത്യങ്ങൾ കാണ്മാനും
കേൾക്കാനുമായിട്ടെത്തുന്നൊരോണമേ
എന്നപേക്ഷ നീ സ്വീകരിച്ചീടുമോ
പത്തു വർഷം 'അവധി'യെടുത്താലും

* * *

ലക്ഷം കോടികൾ പൂട്ടി സൂക്ഷിക്കുന്ന
രക്ഷിതാവായ പത്മനാഭപ്രഭോ
ലക്ഷ്യം 'ജീവിതസത്യ'മറിയലാ
ണെന്ന സത്യമീ ലോകർക്കരുളണേ
ലക്ഷണം കാട്ടിത്തന്നു, നീയെപ്പോഴും
രക്ഷിക്കേണമനന്തപുരത്തപ്പാ!!!
കേരളം ഭൃഗുരാമനാൽ തീർത്തൊരീ
പേരെഴും ധർമ്മസ്ഥാനമായ് തീരണേ. ●

# ശ്രീകൃഷ്ണവിലാസത്തിലെ സുമേരുശൈലം - ഒരു പഠനം

ഡോ. കെ. സി.എം. രാജ

ഭാരതീയ സംസ്കൃതിയുടെ വക്താക്കളെന്നോ, പ്രതീകങ്ങളെന്നൊ വിശേഷിപ്പിയ്ക്കാവുന്ന പുരാണ–ഇതിഹാസങ്ങളിൽ ഏറെ പരാമർശിയ്ക്കപ്പെട്ടവയാണ് സുമേരു – ഹിമാലയ ശൈലങ്ങൾ. ഹിമാലയ പർവ്വതത്തേയും അതിന്റെ പ്രാന്തപ്രദേശങ്ങളേയും ഉദാത്തമായ രീതിയിൽ പ്രകീർത്തിയ്ക്കുന്ന ഒരു മഹാകാവ്യമാണ് കാളിദാസന്റെ 'കുമാരസംഭവം'. ഒരുപക്ഷെ, സംസ്കൃത ഭാഷാസാഹിത്യത്തിൽ അത്രത്തോളം തന്നെ പ്രസിദ്ധിയാർജ്ജിച്ചിട്ടില്ലെങ്കിലും, വളരെ ലളിതവും സുഗമവുമായ ശൈലിയിൽ സുമേരശൈലത്തെ ആലേഖനം ചെയ്യുന്ന ഒരു സംസ്കൃത മഹാകാവ്യമാണ് 'ശ്രീകൃഷ്ണവിലാസം'[1] അഥവാ 'കൃഷ്ണവിലാസം'.

ഈ കാവ്യം എഴുതിയതാരാണെന്നൊ, ഏതു കാലഘട്ടത്തിലാണ് രചിയ്ക്കപ്പെട്ടതെന്നൊ കൃത്യമായി നിർണ്ണയിക്കാനുതകുന്ന ഭാഷാചരിത്ര രേഖകളൊന്നും ഇന്നുവരെ ലഭ്യമായിട്ടില്ല. എങ്കിലും, ഈ കാവ്യത്തെക്കുറിച്ചും അതിന്റെ ശില്പിയെക്കുറിച്ചും ഇന്നു നിലവിലുള്ള ചില വിശ്വാസങ്ങളും പരാമർശങ്ങളും ചുവടെ ചേർത്തവയാണ്.

'.... ഇതിന്റെ കർത്താവ് സുകുമാരകവി ഒരു കേരളീയനായിരുന്നു. ഗുരുവിന്റെ നിത്യേനയുള്ള ശകാരം നിമിത്തം മനസ്സിന്റെ സമനില തെറ്റിയ സുകുമാരൻ ഒരു ദിവസം രാത്രി ഗുരുവിനെ കൊല്ലുമെന്നു നിശ്ചയിച്ച് വലിയൊരു കല്ലുമായി ഗുരു കിടക്കുന്ന മുറിയുടെ മുകളിൽ ഒളിച്ചിരുന്നു. ഗുരുവിന്റെ ശകാരം തന്റെ നന്മയ്ക്കുവേണ്ടി മാത്രമായിരുന്നുവെന്നും, ഉള്ളിൽ തന്നെപ്പറ്റി വളരെ നല്ല അഭിപ്രായമാണ് ഗുരുവിനുണ്ടായിരുന്നതെന്നും മനസ്സിലാക്കിയ സുകുമാരൻ പശ്ചാത്താപവിവശനായി ഇറങ്ങിപ്പോന്നു. തന്റെ നിന്ദ്യമായ പെരുമാറ്റത്തിന് പ്രായശ്ചിത്തം സ്വയം നീറി ദഹിയ്ക്കുകയാണ് വേണ്ടതെന്നറിഞ്ഞ് ആ ഉദ്യമത്തിൽ ഈശ്വരസ്മരണയ്ക്കുവേണ്ടി തയ്യാറാക്കിയതാണ് ഈ കാവ്യം. മുഴുവനാക്കുന്നതിന്നു മുമ്പ് ആ മഹാത്മാവ് നീറി ദഹിച്ചുപോയി..........[2]' ഏതാണ്ട് ഇതേ ആശയം തന്നെയാണ് പദ്യഭാഷയിൽ മറ്റൊരു ഗ്രന്ഥത്തിൽ പ്രതിപാദിച്ചിട്ടുള്ളത്.[3]

മേലുദ്ധരിച്ച പ്രസ്താവനകൾക്ക്, അനുബന്ധമായി ചേർക്കാവുന്ന മറ്റൊരു വിശ്വാസമുള്ളത് ഇപ്രകാരമാണ്.

കാലം മുന്നേറിയപ്പോൾ, അപൂർണ്ണതയിൽ നിലച്ചുപോയ കാവ്യം പൂർത്തീകരിക്കുന്നതിനായി കാളിദാസൻ ശ്രമിച്ചുവെന്നും തത്സമയം 'പട്ടുനൂലിനോടുകൂടി വാഴനാർ കൂട്ടിച്ചേർക്കണ്ട!" എന്നൊരു അശരീരിയുണ്ടായെന്നുമാണ് ആ പാരമ്പര്യവിശ്വാസം.[4] യാഥാർത്ഥ്യമെന്തു തന്നെയാകട്ടെ, 'കൃഷ്ണവിലാസ' ത്തിനു കാളിദാസകൃതികളുമായി ഒരു രചനാസാദൃശ്യമുണ്ടെന്നുള്ള വസ്തുത തർക്കമറ്റതാണ്.

'കുമാരസംഭവം', 'കൃഷ്ണവിലാസം'കാവ്യങ്ങളുടെ രചനാസാദൃശ്യം പ്രാരംഭ ശ്ലോകങ്ങളിൽ നിന്നു തന്നെ വ്യക്തമാണ്.

*അസ്തിശ്രിയഃ സദ്മസുമേരുനാമ*
*സമസ്ത കല്യാണനിധിഗ്ഗിരീന്ദ്രഃ*
*തിഷ്ഠന്നിദം വിശ്വമനുപ്രവിശ്യ*
*സ്വേനാത്മനാ വിഷ്ണുരിവോർജ്ജിതേന*

(ശ്രീകൃഷ്ണവിലാസം, സ. 1, ശ്ലോ.1)

*അസ്ത്യുത്തരസ്യാം ദിശി ദേവതാത്മാ*
*ഹിമാലയൊ നാമ നഗാധിരാജ*
*പൂർവ്വാപരൗ വാരിനിധിം വിഗാഹ്യ*
*സ്ഥിതപൃഥിവ്യാമിവ മാനദണ്ഡഃ*

(കുമാരസംഭവം; സ.1; ശ്ലോ. 1.)

'ശ്രീകൃഷ്ണവിലാസ' കർത്താവായ സുകുമാരൻ ഒരു കേരള നമ്പൂതിരി ബ്രാഹ്മണനായിരുന്നുവെന്നും, 'കുത്തുള്ളി' മനയിലെ അംഗമായിരുന്ന അദ്ദേഹത്തിന്റെ ശരിയായ പേര് പ്രഭാകരനെന്നായിരുന്നുവെന്നും ഒരഭിപ്രായമുണ്ടെങ്കിലും അതിനെ സാധൂകരിക്കുന്ന രേഖകളൊന്നും തന്നെയില്ല.[5] മറിച്ച്, കൃഷ്ണവിലാസകാവ്യത്തെക്കുറിച്ചുള്ള എല്ലാ പഠനങ്ങളും, കവിയുടെ പേര് സുകുമാരനെന്നായിട്ടുതന്നെയാണ് അംഗീകരിക്കുന്നത്. ഒരു കാലത്ത് വളരെ പ്രസിദ്ധിയാർജ്ജിച്ചിരുന്ന കാവ്യമായിരുന്നു എന്ന വസ്തുതയ്ക്ക് മുഖ്യമായ തെളിവാണ്, തിരുവിതാംകൂർ വാണിരുന്ന മാർത്താണ്ഡവർമ്മ മഹാരാജാവിന്റെ വിദ്വദ് സദസ്സിലെ പ്രമുഖ സംസ്കൃത പണ്ഡിതനാ

യിരുന്ന രാമപാണിവാദനെഴുതിയ 'വിലാസിനി' എന്ന മുഖ്യകാവ്യ പഠനം 5.

ശ്രീകൃഷ്ണവിലാസ കർത്താവായ സുകുമാരൻ ഒരു വിഷ്ണുഭക്തനായിരുന്നുവെന്ന്, കാവ്യാരംഭ ശ്ലോകം തന്നെ സൂചിപ്പിക്കുന്നു. ആ ശ്ലോകത്തിലെ 'വിഷ്ണുരിവ' എന്നും 'ഗിരീന്ദ്രഃ' എന്നുമുള്ള പദങ്ങൾ സുമേരുശൈലത്തിന് ചക്രവർത്തിപദവിയും ദൈവീകതയും ഒരേസമയം പ്രദാനം ചെയ്യുന്നുണ്ട്.

'കൃഷ്ണവിലാസ'ത്തിലെ മുഖ്യ പ്രതിപാദ്യം കൃഷ്ണാവതാരവും തുടർന്നുള്ള കൃഷ്ണകഥകളുമാണല്ലോ. അവയ്ക്കനുയോജ്യമായ ഒരു പശ്ചാത്തലാവിഷ്കരണമെന്ന രീതിയിലാണ് കവി സുമേരു ശൈലത്തെ ഈ കാവ്യത്തിൽ ചിത്രീകരിച്ചിരിക്കുന്നത്. കഥാകഥനാരംഭത്തിൽ കവി ഇങ്ങനെ പ്രസ്താവിയ്ക്കുന്നുണ്ട്.

*മനോഭിരാമെ ശിഖരെ തദീയെ*
*സഹോപവിഷ്ടം സുരസിദ്ധസം*
*ഘൈഃ*
*അവോചദാഗത്യ കൃത പ്രണാമാ*
*കദാചിദുർവ്വീ കമലാധിവാസം*
(ശ്രീകൃഷ്ണവിലാസം, സ.1, ശ്ലോ. 18)

സങ്കടനിവൃത്തിയ്ക്കായി ദേവസഭയിൽ വന്നെത്തുന്ന ഭൂമീദേവി സ്വന്തം ദുഃഖങ്ങളും ക്ലേശങ്ങളും സഭാധിപനായ ബ്രഹ്മാവിനെ പറഞ്ഞു ധരിപ്പിക്കുന്നതാണ് മേൽപ്പറഞ്ഞ രംഗം. ഈ ഒരു രംഗത്തിന്നു ദൃക്സാക്ഷിയായി, ഒരു പശ്ചാത്തലരംഗം സൃഷ്ടിക്കുക മാത്രമാണ് സുമേരു വർണ്ണനയിലൂടെ കവി നിർവ്വഹിക്കുന്നത്. അതുകൊണ്ടുതന്നെയാവാം ദേവസഭയ്ക്കു വേദിയായ സുമേരു ശൈലത്തെ 'വിഷ്ണുരിവ' എന്നു കവി വിശേഷിപ്പിച്ചതും.

മാനവേദ കവി രചിച്ച 'കൃഷ്ണഗീതി' കാവ്യ[6]ത്തിലും കഥയുടെ മൂലസ്രോതസ്സായ ശ്രീമദ് ഭാഗവതത്തിലും[7] ഇത്രയും വിശദമായ ഒരു രംഗാവിഷ്കരണം കാണുന്നില്ല. കഥയുടെ ഈയൊരംശം സംക്ഷിപ്തമായ രീതിയിൽ ഒറ്റ ശ്ലോകങ്ങളിൽ, ചുവടെ ചേർത്ത പ്രകാരമാണ് കാണുന്നത്.

*ലക്ഷ്മീനാഥ പുരാസുരാസുര*
*മൃധെയെ കാലനേമ്യാ ദയ-*
*സ്ത്വത് പിഷ്ടം അപി ശിഷ്ട*
*കർമ്മബലതൊ ദൈത്യാനമുക്തിം*
*ഗനാഃ*
*തേഷാം ഭൂരിഭരേണ ഭൂതല*
*ജുഷാം സാഭൂത ധാത്രീ വ്യഥാ-*
*പാത്രീവേധസമേത്യ വേഗത ഇതി*
*പ്രോവാച ദേവാവൃതം.*
(കൃഷ്ണഗീതി, ശ്ലോ. 5)

ഇതേ ആശയം തന്നെയാണ് ശ്രീമദ് ഭാഗവതത്തിലെ ശ്ലോകത്തിനും

*ഭൂമിർ ദൃപ്ത നൃപവ്യാജ*
*ദൈത്യാനീക ശതായുതൈഃ*
*ആക്രാന്താ ഭൂരിഭാരേണ*
*ബ്രഹ്മാണം ശരണം യ യൗ*
(ശ്രീമദ് ഭാഗവതം,ദശമസ്കന്ധം അദ്ധ്യായം 1, ശ്ലോ 17)

കാളിദാസ കൃതിയായ 'കുമാരസംഭവം' കാവ്യത്തിലും ഹിമാലയ പർവ്വതത്തെ 'ദേവതാത്മാ' എന്നും 'നഗാധിരാജഃ' എന്നുമാണ് വിശേഷിപ്പിക്കുന്നത്. ശ്രീപാർവ്വതിയുടെ പിതൃത്വം കല്പിക്കപ്പെട്ടിട്ടുള്ള ഹിമാലയ ശൈലത്തിന്ന് അനുയോജ്യമായ വിശേഷ പദങ്ങളായി, കവി ഒരുപക്ഷേ, സ്വീകരിച്ചതാവാം മേൽപ്പറഞ്ഞ രണ്ടു വിശേഷണപദങ്ങളും.

സുമേരുവിന്റെ അത്യുന്നതമായ ആകാരവും ഗാംഭീര്യവും, സമ്പദ്സമൃദ്ധിയും, ഫലഭൂയിഷ്ഠതയുമെല്ലാം അതിമനോഹരമായ ഭാവനാപ്രതിബിംബങ്ങളിലൂടെ, ഈ കാവ്യത്തിൽ കോർത്തിണക്കപ്പെട്ടിട്ടുണ്ട്. കവിയുടെ കല്പനാശക്തിയെ എടുത്തു കാണിക്കുന്ന ശ്ലോകങ്ങളാണ് അവയെല്ലാം തന്നെ.

*മിഥസ്തിരോഭാവ വിലോക*
*നാഭ്യാം*
*സങ്കീർണ്ണമാനാവിവ ബാലകൗദ്വൗ*

*പാർശ്വേഷു യസ്യാശു പരിഭ്ര*
*മന്തൗ*
*സൂര്യാംശുമന്തൗന യതൊ*
*ദിനാനി.*
(ശ്രീകൃഷ്ണവിലാസം, സ.1, ശ്ലോക. 2)

സുമേരു പർവ്വതത്തിന്റെ പാർശ്വങ്ങളിലൂടെ മറഞ്ഞും തെളിഞ്ഞും കളിയ്ക്കുന്ന രണ്ടു കുട്ടികളെപ്പോലെ സൂര്യചന്ദ്രന്മാർ സഞ്ചരിച്ചുകൊണ്ടിരിക്കുന്നുവെന്ന കവിവാക്യം, സൂര്യചന്ദ്രന്മാരുടെ ഭ്രമണപഥത്തിൽ നിന്നു വളരെയധികം ഉയരത്തിലാണ് സുമേരു ശിഖരം എന്നൊരു സൂചന കൂടി നല്കുന്നുണ്ടല്ലൊ!

ഇതേ ആശയം മറ്റൊരു ശ്ലോകത്തിലും കവി സൂചിപ്പിക്കുന്നുണ്ട്.

*ശൃംഗാഗ്രഭാജാം സുരസുന്ദ*
*രീണാം*
*മുഖാങാനിപശ്യന്നമലാനി ചന്ദ്രഃ*
*നിഗൂഹിതും നൂനമുരഃ കളങ്കം*
*ഹ്രിയേവയാൽ സാനുപഥേന*
*യാതി.*
(ശ്രീകൃഷ്ണവിലാസം, സ.1, ശ്ലോ. 17)

സുമേരു ശൈലത്തിന്റെ ശിരോഭാഗങ്ങളിൽ സഞ്ചരിക്കുന്ന ദേവകിന്നരസ്ത്രീകളുടെ സൗന്ദര്യം കാരണം, സ്വന്തം മുഖത്തുള്ള കളങ്കം മറച്ചുപിടിച്ച് ചന്ദ്രൻ ലജ്ജയോടെ പർവ്വതത്തിന്റെ താഴ്വാര പ്രദേശങ്ങളിലൂടെ ഒളിച്ചുപോകുകയാണെന്നാണ് കവി വിഭാവനം ചെയ്യുന്നത്. മറ്റൊരു ശ്ലോകത്തിൽ

*പയോദമാർഗ്ഗ വ്യതിലംഘിനീഷു*
*ഹംസശ്ശിരപുഷ്കരിണീഷു യസ്യ*
*വർഷാഗമേ പൃശ്രുത മേഘനാദാ*
*നകുർവ്വതെ മാനസദീർഘയാത്രാം.*
(ശ്രീകൃഷ്ണവിലാസം, സ. 1; ശ്ലോ.)

(തുടരും)

# മംഗളപത്രം

പ്രൊഫ. ടി.കെ. ഭാസ്ക്കരവർമ്മ

(അന്തരിച്ച ഡോക്ടർ ജി.കെ. തമ്പാൻ അവർകൾ എന്റെ പിതൃസഹോദരൻ ആയിരുന്നു. ആദ്യകാലങ്ങളിൽ അവിടെയും ഇവിടെയുമായി ചിന്നിച്ചിതറി കിടന്നിരുന്ന ക്ഷത്രിയരെ ഒരു ചരടിൽ കോർത്ത പുഷ്പങ്ങൾ പോലെ സംഘടിതമാക്കുന്നതിലേക്ക് അദ്ദേഹം വളരെയധികം അധ്വാനിച്ചിട്ടുണ്ട്. ബുദ്ധികൂർമ്മത, സരസഭാഷണം, ന്യായവിധി നിർണ്ണയം എന്നിവയിൽ അദ്ദേഹം സമർത്ഥൻ ആയിരുന്നു. വലിയ വിദ്യാഭ്യാസ യോഗ്യതയൊന്നും ഇല്ലെങ്കിലും വിദ്യാസമ്പന്നരായ വ്യക്തികൾപോലും അദ്ദേഹത്തിന്റെയടുത്ത് ഉപദേശം തേടിവരുമായിരുന്നു. 13.10.1970ൽ അദ്ദേഹത്തിന്റെ ഷഷ്ട്യബ്ദപൂർത്തി കൊണ്ടാടിയ അവസരത്തിൽ ഞാൻ ഒരു മംഗള പത്രം സമർപ്പിച്ചത് ചുവടെ ചേർക്കുന്നു.

ഏറ്റം തെളിഞ്ഞെല്ലാപേർക്കുമാശിസ്സുകൾ വർഷിച്ചീടു-
മേറ്റുമാനൂരപ്പൻ തന്നെ കൈവണങ്ങുന്നേൻ
കേരളത്തിൽ പേരുകേട്ട ദേശമിതിൽ ശോഭിക്കുന്ന
'കേരളാലയ'ത്തിൽ നാഥൻ വന്ദ്യപുരുഷൻ
ജി.കെ. തമ്പാൻ കേരളത്തിലുടനീളം പരിചിതൻ
സൽക്കലകൾക്കെല്ലാമുറ്റ ബന്ധുവാം പുമാൻ
ജീവിതപ്പെരുവഴിയിലറുപതുമയിൽക്കുറ്റി
താവും മോദമോടേ പിന്നിട്ടെത്തിയീ നാളിൽ
ഓർമ്മവെച്ച നാൾമുതല്ക്കു നാട്ടാർക്കെല്ലാം കണ്മണിയായ്
നർമ്മഭാഷണത്താലാർക്കുമുറ്റ തോഴനായ്
വിശ്രമലേശം കൂടാതെ സാമുദായികൈക്യത്തിനായ്
അശ്രാന്തം പരിശ്രമിച്ച ധീരക്ഷത്രിയൻ
അന്ധവിശ്വാസങ്ങളാകും ശൃംഖലകൾ തകർക്കുവാൻ
സന്തതം പൊരുതും വീരനായ സൈനികൻ
ക്ഷത്രിയ മഹാസഭയാം വഞ്ചിയ്ക്കു കർണ്ണധാരനായ്
എത്രയോ നാൾ എം.ആർ, ആർ.കെ. ഒന്നിച്ചദ്ദേഹം
കൊട്ടാരങ്ങൾ കോവിലകങ്ങൾ കേറിയിറങ്ങി നടന്നു
കേട്ടാലാർക്ക് വിസ്മരിക്കാമീമഹാധ്വാനം.
പഠിപ്പേറെയില്ലെന്നാലും പഠിച്ചിട്ടും മൂഢന്മാർപോൽ
നടക്കുമെത്രയോപ്പേരേക്കാളും പാണ്ഡിത്യം
വിലസുന്നിദ്ദേഹത്തിങ്കലനുഭവജ്ഞാനത്തിലോ
പലരുമിദ്ദേഹത്തിന്നു ശിഷ്യന്മാർ മാത്രം.
വഴക്കുകളൊതുക്കുവാൻ ന്യായനിർണ്ണയം ചെയ്യുവാൻ
കഴിവിമ്മഹാനുള്ളതു വർണ്ണനാതീതം.
ചീർത്ത മോദാലാണ്ടുതോറുമുപസഭകാര്യത്തിനായ്
ചേർത്തലയിൽ കണിശമായ് പറന്നെത്തീടും
'കുഞ്ഞമ്മാവൻ" തന്റെ ഹാസ്യം തുളുമ്പുന്ന വാക്കു കേൾക്കാൻ
കുഞ്ഞുങ്ങളാം ഞങ്ങളെത്ര കൊതിച്ചിരുന്നു.
കെഎസ്എസിൽ സൂത്രധാരനായിരുന്നിട്ട് ധ്യാനത്തിൽ
സേവനത്തിൽ തത്വം നിത്യം കാട്ടുമീപ്പൂജ്യൻ
കോട്ടം ലേശം കൂടാതെ കണ്ടനുസ്യൂതം
കോട്ടയം സഭയ്ക്കായ് കഷ്ടപ്പെട്ടൊരു ദേഹം
കമ്പം കൂടാതാർക്കുമെന്തും സഹായങ്ങൾ ചെയ്തിടുന്ന
'തമ്പാൻകുഞ്ഞി'നാട്ടുകാർക്കു ഭ്രാതൃ തുല്യനാം
കീർത്തിയേറുമവിടത്തെ ശതാഭിഷേകോത്സവത്തി-
നാർത്തിയോടേ കാത്തിരിപ്പൂ ഞങ്ങളേവരും ●

## ആദരാഞ്ജലി – കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിരാജ



കൊടുങ്ങല്ലൂർ പുത്തൻ കോവിലകത്ത് കുഞ്ഞുണ്ണിരാജ സെപ്തംബർ 4ന് ഭാര്യാഗൃഹമായ ഹരിപ്പാട് അനന്തപുരത്തു കൊട്ടാരത്തിൽ നിര്യാതനായി. മുണ്ടനാട് ഇല്ലത്ത് ശങ്കരൻനമ്പൂതിരിയുടെയും പുത്തൻകോവിലകത്ത് കുഞ്ഞുലക്ഷ്മിതമ്പുരാട്ടിയുടെയും ഒമ്പത് മക്കളിൽ നാലാമനാണ് പരേതൻ. പ്രശസ്ത വീണാവിദുഷി അന്തരിച്ച അഹല്യാബായിയാണ് ഭാര്യ. ദീർഘകാലം കാർത്തികപ്പള്ളി സെന്റ് തോമസ് ഹൈസ്കൂളിൽ അദ്ധ്യാപകനായി (രസതന്ത്രം) സേവനമനുഷ്ഠിച്ച ശേഷം അഴീക്കോട് സീതിസാഹിബ് മെമ്മോറിയൽ ട്രെയിനിംഗ് സ്കൂളിൽ നിന്നും ഹെഡ്മാസ്റ്ററായി വിരമിച്ചു. ആദ്യകാലത്ത് കേരളത്തിലെ ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനത്തിൽ ആകൃഷ്ടനായി പ്രവർ ത്തിച്ച് ജയിൽവാസം അനുഷ്ഠിച്ചിട്ടുണ്ട്. ധാരാളം കവിതകളും ഭക്തിഗാനങ്ങളും രചിച്ചിട്ടുണ്ട്. 'കൊടുങ്ങല്ലൂർ കോവിലകം - വിദ്വാന്മാരും വിദുഷികളും' എന്ന ലേഖനപരമ്പര ക്ഷാത്രസന്ദേശത്തിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരിക്കെയായരുന്നു അന്ത്യം. മക്കൾ: ഉമാദേവി, ഗോപകുമാർ, ലതിക, മായ, രമേശ്. മരുമക്കൾ: വിജയകുമാർ, രഘുബീർ, ഗണേശ്, രേഖ.

# തിരുമുല്പാട്

പി. കേരളവർമ്മ തിരുമുല്പാട്, തൃക്കാരിയൂർ

അടുത്ത തലമുറയ്ക്ക് തിരുമുല്പാട് എന്ന വാക്കിന്റെ അർത്ഥം മനസ്സിലാക്കുവാൻ 'ശബ്ദതാരാവലി' നോക്കേണ്ടിവരും. എന്തിന് അടുത്ത തലമുറയിലേക്കു പോകുന്നു? ഇപ്പോഴത്തെ തലമുറയ്ക്കുപോലും അറിയില്ല. ഉദാ: ഈ അടുത്തയിടെ കോതമംഗലത്ത് ആഫീസിൽ ജോലി ചെയ്യുന്ന ഒരാളിനോട് എന്താണ് പേര് എന്നു ചോദിച്ചു. രാമവർമ്മ എന്നു മറുപടി പറഞ്ഞു. അപ്പോൾ ചോദ്യകർത്താവ് ചോദിച്ചു നിങ്ങൾ തിരുമുല്പാട് ആണ് അല്ലെ? അയാൾ മറുപടി പറഞ്ഞു 'ഞാൻ തിരുമുല്പാടൊന്നുമല്ല, അസ്സൽ വർമ്മയാണ്. വാസ്തവത്തിൽ അയാൾ തിരുമുൽപ്പാടു തന്നെയാണ്. അയാൾ തിരുമുല്പാടും വർമ്മയും രണ്ടാണെന്നു ധരിച്ചുവച്ചിരിക്കുന്നു. അയാളെ തെറ്റു പറഞ്ഞിട്ട് കാര്യമില്ല, രക്ഷകർത്താക്കന്മാർ സ്കൂളിൽ ചേർത്തപ്പോൾ വർമ്മ എന്നേ പറഞ്ഞുകൊടുത്തുള്ളു. എല്ലാ ആളുകളും അവരവരുടെ ജാതി വ്യക്തമാക്കുന്നതിന് വ്യഗ്രത കാണിക്കുമ്പോൾ കേരളത്തിലെ ക്ഷത്രിയർ മാത്രം പുറം തിരിഞ്ഞു നിൽക്കുന്നു.

**അല്പം ചരിത്രം പറയാം**

1500–ൽ പോർച്ചുഗീസ് കപ്പിത്താൻ കബ്രാൾ കൊച്ചിയിൽ വന്ന് കച്ചവടം തുടങ്ങുവാനും പണ്ടകശാല കെട്ടുന്നതിനും അനുവാദംചോദിച്ചു, അന്ന് കൊച്ചി രാജാവായിരുന്ന ഉണ്ണിരാമവർമ്മ കോയിൽ തിരുമുൽപ്പാട് കച്ചവടം തുടങ്ങുന്നതിനും പണ്ടകശാല കെട്ടുന്നതിനും അനുവാദം കൊടുത്തു. അപ്പോൾ കൊച്ചി രാജാവ് ആരാണ്? അതിനുശേഷം ഭരണത്തിൽ കയറിയവർ തന്റെ പേരിന്റെ കൂടെ തമ്പുരാൻ ചേർത്തു. സ്വന്തക്കാരും പുലവാലായ്മയുള്ള തന്റെ കുടുംബത്തിലെ മറ്റുള്ളവരെ തമ്പാൻ എന്ന പേരിൽ പറയാൻ തുടങ്ങി. വടക്കേകോവിലകം, ഇളങ്കുന്നപ്പുഴ കോവിലകം, ചാഴൂർ കോവിലകം ഇവിടെയുള്ളവർ തമ്പാക്കന്മാരായി. വാസ്തവത്തിൽ എല്ലാവരും തിരുമുല്പാടന്മാർ തന്നെ.

നമ്മുടെ കേരളചരിത്രത്തിലേക്ക് നോക്കാമെങ്കിൽ അനേകം സാഹിത്യകാരന്മാരായ തിരുമുല്പാടന്മാരെ കാണാം. കൃഷ്ണപുരം ചെത്തിമേൽ കോവിലകത്തെ കേരളവർമ്മ തിരുമുല്പാട്, വ്യാസോത്ഭവം ആട്ടക്കഥ രചിച്ച ഗോദവർമ്മ തിരുമുല്പാട്, അഷ്ടപദി ആട്ടം രചിച്ച ഉദയം പേരൂർക്കാരൻ രാമവർമ്മ തിരുമുല്പാട്, കാളിയമർദ്ദനം, ചന്ദ്രാംഗചരിതം, ആട്ടക്കഥകൾ രചിച്ച അമ്പലപ്പുഴ രാമവർമ്മ തിരുമുൽപ്പാട്, തൃശ്ശൂർ തെക്കൂട്ടുമഠം ടി.കെ. തിരുമുൽപ്പാട് മുതലായവർ.

തിരുമുൽപ്പാട് എന്നു പറഞ്ഞാൽ കേരളം മുഴുവൻ അറിയുന്ന ഒരാൾ ഉണ്ടായിരുന്നു ചാലക്കുടി രാഘവൻ തിരുമുൽപ്പാട്. ●

---

മുണ്ട്. ഇതിന് സന്മനസ്സുള്ള സമുദായാംഗങ്ങളുടെയും യൂണിറ്റുകളുടെയും അകമഴിഞ്ഞ സഹായം ഉണ്ടാകണമെന്ന് ഓർമ്മിപ്പിക്കട്ടെ.

സമുദായാംഗങ്ങൾക്കു ലഭിച്ചുവരുന്ന അടുത്തൂൺ പൊളിറ്റിക്കൽ പെൻഷൻ, മാലിഖാന തുടങ്ങിയ വർദ്ധിപ്പിച്ചു കിട്ടുവാനുള്ള ശ്രമം തുടരുന്നുണ്ട്. ഇതുസംബന്ധിച്ച് കോടതിവിധി നടപ്പിലാക്കുവാൻ സർക്കാർ കൂടുതൽ സമയം ആവശ്യപ്പെട്ടിരിക്കുകയാണ്. ഇതിനിടയിൽ മുൻ 36

കൊച്ചി രാജ്യത്തെ ചാഴൂർ കോവിലകം, ഇളങ്കുന്നപ്പുഴ നടയ്ക്കൽ കോവിലകം, വെള്ളാരപ്പള്ളി വടക്കേ കോവിലകം എന്നീ കോവിലകങ്ങളിലെ വിവാഹിതകളായ സ്ത്രീകൾക്കു നല്കിവന്നിരുന്ന 'ഉത്രാടകിഴി' 1000 രൂപയായി വർദ്ധിപ്പിച്ചത് ആഹ്ലാദകരമാണ്. 66 കുടുംബാംഗങ്ങൾക്കായി 1000 രൂപ നല്കിയിരുന്നത് ഓരോ അംഗത്തിന് 1000 എന്നാക്കി വർദ്ധിപ്പിച്ച സംസ്ഥാന സർക്കാരിനെ അഭിനന്ദിക്കുന്നതിനോടൊപ്പം മറ്റു പെൻഷനുകളും കാലോചിതമായി വർദ്ധിപ്പിക്കുവാനുള്ള നടപടികളുമായി നമുക്കു മുന്നോട്ടു പോകേണ്ടിയിരിക്കുന്നു.

സംഘടിത ന്യൂനപക്ഷങ്ങൾ അവരുടെ സംഘശക്തികൊണ്ട് കാര്യങ്ങൾ നേടുമ്പോൾ അതിൽ അസൂയപ്പെട്ടും രോഷം പൂണ്ടും നില്ക്കാതെ അവർ നേട്ടമുണ്ടാക്കുന്നതു സംഘടനാശക്തികൊണ്ടാണെന്നു മനസ്സിലാക്കി നമ്മുടെ സഭയെ ശക്തിപ്പെടുത്തുകയാണു കാലഘട്ടം നമ്മോടാവശ്യപ്പെടുന്നത്. കൂടുതൽ യൂണിറ്റുകൾ രൂപീകരിച്ചും ഉള്ളവ ശക്തിപ്പെടുത്തിയും ക്ഷാത്രസന്ദേശം, ക്ഷാത്രജാലകം എന്നിവ പരമാവധി പ്രചരിപ്പിച്ചും, പ്രയോജനപ്പെടുത്തിയും ഉറച്ച കാൽവെയ്പുകളോടെ മുന്നേറാൻ സഭാ പ്രസിഡന്റെന്ന നിലയിൽ ഞാൻ ആഹ്വാനം ചെയ്യുന്നു. നിങ്ങളോരോരുത്തരുടെയും അഭിപ്രായങ്ങളും നിർദ്ദേശങ്ങളും സർവ്വാത്മനാ സ്വാഗതം ചെയ്യുന്നു.

സ്നേഹപൂർവ്വം

**പി. ജി. ശശികുമാര വർമ്മ**
പ്രസിഡന്റ്.

യാത്ര

# തീർത്ഥയാത്ര

**ഹൈമവതി വർമ്മ, ചേർത്തല**

ദിവംഗതനായ എന്റെ പ്രിയപ്പെട്ട അച്ഛൻ എം.കെ. രാമവർമ്മ തിരുമുൽപ്പാടിന്റെ 'യാത്രാവിവരണക്കുറിപ്പുകളാണ് ഈ ലേഖനത്തിന്റെ മൂലം.



എന്റെ അച്ഛന്റെ മനസ്സിലെ ചിരകാല അഭിലാഷമായിരുന്നു ഒരു തീർത്ഥയാത്ര. അച്ഛൻ പെങ്ങൾ കാവുട്ടി അമ്മ, അമ്മയുടെ അമ്മ, മുത്തശ്ശി തുടങ്ങിയവർക്ക് പ്രായാധിക്യം കൊണ്ടുള്ള അസുഖങ്ങളുടെ തുടക്കം. അച്ഛൻ പെട്ടെന്ന് തീരുമാനമെടുത്തു.

1953 മേയ് മാസം. കുട്ടികൾക്ക് അവധിക്കാലം. പത്താം തീയതി ഞായറാഴ്ച അച്ഛൻ, അമ്മ, കാവൂട്ടിഅമ്മ, മുത്തശ്ശി, അമ്മയുടെ മൂത്ത ജ്യേഷ്ഠൻ കേളുമ്മാമൻ, അച്ഛന്റെ അനന്തിരവൻ വല്യേട്ടൻ എന്നു വിളിക്കുന്ന രാമവർമ്മൻ, സുഹൃത്ത് ഉണ്ണിപണിക്കരും പത്നിയും പിന്നെ ഞങ്ങൾ മൂന്നു കുട്ടികളും. അങ്ങിനെ പതിനൊന്നു പേരടങ്ങുന്ന ഒരു സംഘം.

ഇന്ന് ഞങ്ങൾ മൂന്നുപേരും ഒഴികെ ആ സംഘത്തിലെ ആരും ജീവിച്ചിരിപ്പില്ല. അവരുടെ ഓർമ്മക്കായി ഞാനിതെഴുതുന്നു.

രാവിലെ അഞ്ചേകാലിന് ചേർത്തല നിന്ന് ബോട്ടു കയറി മട്ടാഞ്ചേരിയിലെത്തി. ട്രെയിൻ പുറപ്പെടുന്ന സ്ഥലമായതുകൊണ്ട് എല്ലാവർക്കും കയറി ഇരിക്കാൻ സൗകര്യം കിട്ടി.

പോത്തന്നൂർ ജംഗ്ഷനിൽ വണ്ടി മാറികയറി രാത്രി ഒന്നര മണിയോടെ പഴനിയിലെത്തി. രാത്രി ആയിരുന്നതു കൊണ്ട് സഹ്യപർവതത്തിന്റെ മലയിടുക്കുകളും പ്രകൃതിഭംഗിയും കാണാൻ സാധിക്കാത്തതിൽ കുട്ടികളായ ഞങ്ങൾക്ക് നിരാശ തോന്നി.

പഴനിയിലെ വെങ്കിടേശ്വര ലോഡ്ജിലേക്ക് കാളവണ്ടിയിലൊരു യാത്ര. നല്ല ഭക്ഷണം, ചായ, കാപ്പി, എല്ലാവർക്കും ഉന്മേഷമായി.

പിറ്റേദിവസം ക്ഷേത്രത്തിലേക്ക് പുറപ്പെട്ടു. അടിവാരത്തിൽ നിന്നാൽ പകൽ സൂര്യകിരണങ്ങൾ കൊണ്ടും, രാത്രിയിൽ ആലക്തികദീപങ്ങളാലും, പ്രശോഭിതമായി മിന്നിത്തിളങ്ങുന്ന ശ്രീകോവിലിന്റെ മുകളിലെ സ്വർണ്ണതാഴികക്കുടം കാണാം.

കരിങ്കല്ലിൽ പണിഞ്ഞ ആയിരത്തെട്ടുപടികൾ ചവുട്ടി മുകളിലേക്ക് തീർത്ഥയാത്ര തുടങ്ങി. ഇടയ്ക്ക് ഉപക്ഷേത്രങ്ങളും വിശ്രമസങ്കേതങ്ങളുമുണ്ട്. കൂടാതെ കപ്പലണ്ടിയും കടലയും കിട്ടാൻ കാത്തിരിക്കുന്ന സൂത്രശാലികളായ കുരങ്ങന്മാരും.

മൂന്നു മണിക്കൂർ കൊണ്ട് തിരുസന്നിധിയിലെത്തി. കമനീയമായി അലങ്കരിച്ച മുരുകൻ, പഴനിആണ്ടവർ; കെ.ബി. സുന്ദരാംബാളിന്റേയും സൗന്ദരരാജന്റേയും ഗാനങ്ങൾ മുഴങ്ങുന്ന ഭക്തിസാന്ദ്രമായ അന്തരീക്ഷം.

നാൽപ്പത്തഞ്ചു വർഷങ്ങൾക്കു ശേഷം എനിക്ക് വീണ്ടും പഴനിയിൽ പോകാൻ ഭാഗ്യമുണ്ടായി. പക്ഷേ അപ്പോഴേക്കും സ്ഥിതിമാറി. രാഷ്ട്രീയവും കച്ചവടവും. നല്ല ഭക്ഷണം പോലും കിട്ടാൻ വിഷമം. പഴയ വെങ്കിടേശ്വര ലോഡ്ജും തൃശ്ശൂർ ലോഡ്ജും ഒക്കെ അന്വേഷിച്ചു നടന്നു. ആർക്കും അറിയില്ല.

ഞങ്ങളുടെ തീർത്ഥയാത്രയുടെ അടുത്ത പരിപാടി രാമേശ്വരത്തേക്ക് ആയിരുന്നു. പഴനിയിൽ നിന്നും രാത്രി തീവണ്ടി കയറി ഡിൻഡിഗൽ വഴി വെളുപ്പിന് മധുരയിലെത്തി. ടിക്കറ്റില്ലാതെ യാത്ര ചെയ്യുന്നവരുടെ ശല്യം അന്നും ഇന്നും ഒരുപോലെതന്നെ.

മധുരയിൽ നിന്നും വെളുപ്പിന് പുറപ്പെട്ട് മാനാമധുര വഴി പതിനൊന്നു മണിയോടെ പ്രകൃതിരമണീയമായ പാമ്പൻ ജംഗ്ഷനിലെത്തി. സ്റ്റേഷന് പടിഞ്ഞാറാണ് കടലിടുക്ക്. ഇതിന്റെ മുകളിലൂടെ രണ്ടുമൂന്നു മൈൽ സഞ്ചരിക്കണം. തൂക്കുപാലമാണ്. ചങ്ങലപ്പാലം. കപ്പലുകൾക്ക് പോകേണ്ടസമയം പൊക്കുകയും താഴ്ത്തുകയും ചെയ്യുന്നു. തീവണ്ടിയിലിരുന്ന് താഴത്തെ പാറക്കെട്ടുകൾ കണ്ടപ്പോൾ ഉൾക്കിടിലമുണ്ടായി. മുത്തശ്ശിയും കാവൂട്ടിഅമ്മയും കണ്ണടച്ച് രാമനാമം ഉരുവിട്ടുകൊണ്ടേയിരുന്നു.

രാമേശ്വരം സ്റ്റേഷനിൽ നിന്ന് കാളവണ്ടിയിൽ കയറി ശ്രീരാമനാഥക്ഷേത്രത്തിലെത്തി. രാമേശ്വരത്തും ധനുഷ്ക്കോടിയിലും കർമ്മങ്ങൾ നടത്താൻ ഒരു 'വാദ്ധ്യാരു'ടെ സേവനം ആവശ്യമാണ്. പക്ഷേ, തേനീച്ചകളെപ്പോലെ നമ്മെ ചുറ്റിപ്പറ്റി ഭീമമായ തുക ആവശ്യപ്പെടുന്ന ഏജന്റുമാരിൽ നിന്നും രക്ഷപ്പെടാൻ, മുന്നറിയിപ്പ് കിട്ടിയിരുന്ന, അച്ഛന് കഴിഞ്ഞു.

പണ്ഡിതനും മൈസൂറിൽ ഒരു സ്കൂൾ അധ്യാപകനുമായ കൃഷ്ണശാസ്ത്രികളുടെ സേവനം ഞങ്ങൾക്ക് വളരെ ആശ്വാസമായി.

അടുത്ത ദിവസം ധനുഷ്ക്കോടി 'സേതു' വിലേക്ക് പുറപ്പെട്ടു. വിശാലമായ മണൽപ്പരപ്പ്. എല്ലാവരും മുപ്പത്താറു പ്രാവശ്യം സ്നാനവും തർപ്പണവും കർമ്മാദികളും നടത്തി. അതിനുശേഷം പ്രഭാതഭക്ഷണം. നേരത്തെ ഏർപ്പാടു ചെയ്തതനുസരിച്ച് ഓരോരുത്തർക്കും രണ്ട് ഇഡ്ഡലിയും പനകൽക്കണ്ടം ചേർത്ത ഉപ്പുരസമുള്ള കാപ്പിയും. പക്ഷേ, ആഹാരപ്രിയനായ കേളുമ്മാമന്റെ പിറകെ കൂടി ഞങ്ങളും വല്യേട്ടനും പത്തും പതിന്നാലും ഇഡ്ഡലി വീതം അകത്താക്കി. സ്നാനകർമ്മാദികൾക്കിടയിൽ കരയിലേക്ക് ഓടിവന്ന് പാവപ്പെട്ടവരെ വെട്ടിച്ചായിരുന്നു ഞങ്ങളുടെ ഈ പരിപാടി.

രാമരാവണയുദ്ധാനന്തരം ലങ്കയിലേക്ക് മടങ്ങിയ വിഭീഷണന്റെ അഭീഷ്ടപ്രകാരം ധനുസ്സുകൊണ്ട് മുറിച്ച് ലങ്കയും കരയും വേർപെടുത്തിയ ഫലമാണ് ധനുഷ്കോടി എന്നാണ് ഐതിഹ്യം.

രാമേശ്വരത്തേക്ക് തിരിച്ചുവന്ന് ക്ഷേത്രദർശനവും കോടിതീർത്ഥസ്നാനവും നടത്തി. ഒരു അപൂർവ കാഴ്ചയും. ഒരു മണ്ഡപത്തിൽ സൂക്ഷിച്ചിരുന്ന ഇരുപതോളം സ്വർണ്ണ വാഹനങ്ങളും, സീതാസമേതനായ ശ്രീരാമൻ, പത്തു തലയുള്ള രാവണൻ തുടങ്ങിയ തങ്കവിഗ്രഹങ്ങളും. ഉത്സവ സമയത്തു മാത്രം അനുവദിക്കുന്ന ഈ കാഴ്ച, ആരോ ഇരുപത്തഞ്ചു രൂപ കൊടുത്ത് സ്പെഷ്യൽ ചീട്ട് വാങ്ങിച്ച സമയമായതുകൊണ്ടാണ് സാധിച്ചത്.



രാമേശ്വരത്തെക്കുറിച്ച് രണ്ടു വാക്ക്. ഏതാണ്ട് ആയിരത്തഞ്ഞൂറ് വർഷങ്ങൾക്കുമുമ്പ് ലങ്കാധിപനായ അന്നത്തെ രാജാവ് കുടുംബപരിവാരങ്ങളുമായി ഒരു പായ്ക്കപ്പലിൽ കടലിലൂടെ വിനോദയാത്ര ചെയ്യവേ കാറ്റും കോളുംകൊണ്ട് അപകടത്തിൽപ്പെട്ടപ്പോൾ പ്രാർത്ഥിച്ച് നിർമ്മിച്ചതാണ് ഇവിടുത്തെ ശിവക്ഷേത്രം എന്നാണ് ഐതിഹ്യം. സമുദ്രത്തിനോട് തൊട്ടുകിടക്കുന്ന ക്ഷേത്രമതിൽക്കെട്ടിനുള്ളിലെ തീർത്ഥ ക്കിണറുകളിലെ വെള്ളം പരിപാവനവും സ്ഫടികതുല്യവും ഉപ്പു ലേശമില്ലാത്തതുമാണെന്നതാണ് അത്ഭുതം.

അഗ്നിപരീക്ഷണം കഴിഞ്ഞ് സീതയെ സ്വീകരിച്ച ശ്രീരാമൻ ഉപ്പുകൊണ്ട് നിർമ്മിച്ച ശിവലിംഗമാണ് മൂലസ്ഥാനത്ത്. കാശിയിൽ നിന്ന് ഹനുമാൻ കൊണ്ടുവന്ന ലിംഗപ്രതിഷ്ഠയാണ് വടക്കുവശത്തുള്ള കാശിവിശ്വനാഥകോവിൽ. ക്ഷേത്ര പ്രവേശനത്തുതന്നെ, തന്റെ വരവിനെ കാത്തു നിൽക്കാത്തതിൽ കോപിഷ്ഠനായ ഹനുമാന്റെ രൗദ്രമൂർത്തിയുമുണ്ട്.

അന്നു രാത്രി തന്നെ രാമേശ്വരത്തോട് വിടപറഞ്ഞ് മധുരയിലേക്ക് യാത്രയായി.

പിറ്റേ ദിവസം രാവിലെ പത്തു മണിക്ക് മധുരയിലെത്തി. പ്രസിദ്ധമായ 'തിരുമലനായ്ക്കൻ' കൊട്ടാരം കണ്ടു. പതിമൂന്നു നിലകളുള്ള ഈ സൗധത്തിന്റെ മുകളിൽ നിന്ന് നോക്കിയാൽ മണിമന്ദിരങ്ങളാൽ പ്രശോഭിക്കുന്ന മധുരപട്ടണം കാണാം. ബ്രിട്ടീഷ് ഭരണകാലത്ത് കെട്ടിടത്തിന്റെ എട്ടിൽ ഏഴുഭാഗവും പൊളിച്ചതിന്റെ ബാക്കി

യാണ് ഇപ്പോൾ കാണുന്നതെന്ന് പറയപ്പെടുന്നു. ഇവിടെനിന്ന് മധുര മീനാക്ഷിക്ഷേത്രത്തിലേക്ക് ഭൂമിയുടെ അന്തർഭാഗത്തു കൂടിയുള്ള നിഗൂഢ വഴിയുണ്ട്.

ക്ഷേത്രദർശനം ഭംഗിയായി നടത്തി. ആടയാഭരണങ്ങളണിഞ്ഞ ഐശ്വര്യ ലക്ഷ്മിയായ ദേവി. സ്ത്രീകൾക്കും പുരുഷന്മാർക്കും പ്രത്യേകം തൊഴുവാനുള്ള സൗകര്യം ആദ്യമായി അവിടെ കണ്ടു. ചുറ്റുമുള്ള ഗോപുരങ്ങൾ, കരിങ്കല്ലിൽ കൊത്തിയ ശില്പസൗന്ദര്യങ്ങൾ, കത്തിജ്വലിക്കുന്ന നെയ്‌വിളക്കുകൾ. പൂക്കളും പഴങ്ങളും വളകളും കുങ്കുമവും കച്ചവടം നടത്തുന്ന കടകൾ... എല്ലാം എത്ര കണ്ടിട്ടും മതിയായില്ല.

അടുത്ത ദിവസം തിരുനൽവേലി, നാഗർകോവിൽ വഴി ആരുവാമൊഴി കടന്ന് കന്യാകുമാരിയിലെത്തി. പാണ്ടിദേശത്ത് പര്യടനം കഴിഞ്ഞ് മാതൃഭൂമിയിലെത്തിയപ്പോൾ എന്തൊരു കുളിർമയും ആശ്വാസവും! ചുറ്റും പ്രകൃതിരമണീയമായ കാഴ്ച. മൂന്നു സമുദ്രങ്ങൾ ഒത്തുചേരുന്ന പുണ്യസ്ഥലം. മാനവരാശിക്ക് ചൂടും വെളിച്ചവും നൽകി ക്ഷീണിതനായി പടിഞ്ഞാറെ ചക്രവാളത്തിൽ മറയുന്ന സൂര്യാസ്തമനം – വീണ്ടും ലോകത്തിന് പ്രകാശം നൽകാനുള്ള കനകദീപം. സുവർണ്ണ ഗോളമായി ഉയരുന്ന സൂര്യോദയം. രണ്ടും കാണാനുള്ള ഭാഗ്യം കിട്ടി. അടുത്തത് ദേവീദർശനം. പ്രഭാതത്തിൽ കമനീയമായ ബാലവേഷവും സന്ധ്യയ്ക്ക് സർവാഭരണശോഭിതയായ കന്യകയായും. ദേവിയുടെ മൂക്കുത്തിയിലെ വൈരക്കല്ലിന്റെ ശോഭയിൽ ആകർഷിതരായി കപ്പൽ അപകടം ഒഴിവാക്കാൻ കിഴക്കേനട അടച്ചുപൂട്ടിയിരിക്കുകയാണ്. സമുദ്രതീരത്തെ മണ്ണിലും പല വർണ്ണങ്ങളിലും രൂപങ്ങളിലുമുള്ള മുത്തുചിപ്പികളും കവടികളും.

അന്ന് കന്യാകുമാരി തിരുവിതാംകൂർ സംസ്ഥാനത്തായിരുന്നു. മടക്കയാത്ര. ഞങ്ങൾ അര മണിക്കൂർ കൊണ്ട് നാഗർകോവിൽ വഴി ശുചീന്ദ്രത്ത് എത്തി. ഒരതിശയം. ഒമ്പത് സ്വരങ്ങൾ കേൾക്കുന്ന ഒമ്പത് കരിങ്കൽ കമ്പികളുള്ള കരിങ്കൽ തൂണ്.

അടുത്തത് തിരുവനന്തപുരം. അനന്തശായിയായ ശ്രീപത്മനാഭസ്വാമിക്ഷേത്രം. കാഴ്ചബംഗ്ലാവ്, ശംഖുംമുഖം തുടങ്ങിയ കാഴ്ചകൾ.

കൊല്ലം ആലപ്പുഴ വഴി ഞായറാഴ്ച രാത്രിയിൽ ചേർത്തലയിൽ മടങ്ങി എത്തി. വിഷ്ണുപൂജയോടെ ബന്ധുക്കൾക്ക് ഒരു ചെറിയ സദ്യ നടത്തി പ്രസാദം പങ്കുവച്ചു.



ഈ യാത്രയുടെ പ്രത്യേകത. ഒരു മുടക്കവും വന്നില്ല. അറുപത്തഞ്ചു വയസ്സായ കാവൂട്ടിഅമ്മയും മുത്തശ്ശിയും പഴനിയിലെ ആയിരത്തെട്ടു പടികൾ കയറി. ധനുഷ്കോടിയിലും രാമേശ്വരത്തും സമുദ്രത്തിലും തീർത്ഥങ്ങളിലും മുങ്ങിക്കുളിച്ചു. ഹോട്ടലുകളിൽ നിന്ന് കൈയ്യിൽ കിട്ടിയ ആഹാരം കഴിച്ചു. എല്ലാം സന്തോഷത്തോടെ, സഹനശക്തിയോടെ. പിന്നെ കേളുമ്മാമന്റെ സരസസംഭാഷണവും വല്യേട്ടന്റെ സ്നേഹവാത്സല്യവും. അവസാനമായി ഇംഗ്ലീഷിലും തമിഴിലും നന്നായി സംസാരിച്ച് യാത്രയിൽ പരിചയപ്പെട്ടവരെല്ലാവരുടെയും പ്രശംസ കൈപ്പറ്റിയ അച്ഛൻ.

എട്ടു ദിവസം കൊണ്ട് 873 മൈൽ യാത്ര ചെയ്തതിന് ഒരാൾക്ക് വന്ന ചെലവ് വെറും അമ്പത്താറു രൂപ.

'യാത്രാവിവരണ'ത്തിലെ അച്ഛന്റെ അവസാനവാക്കുകൾ "കുലദൈവങ്ങളായ വേട്ടക്കൊരുമകനും വാരനാട്ടമ്മക്കും നമസ്ക്കാരം. ചരിത്ര പ്രാധാന്യമുള്ള പുണ്യസ്ഥലങ്ങളിലെ ഈ യാത്ര വിദ്യാർത്ഥികളായ എന്റെ കുട്ടികൾക്ക് വിജ്ഞാനവും വിനോദവും നൽകി എന്ന് വിശ്വസിക്കുന്നു."

അമ്പത്തെട്ട് വർഷങ്ങൾ പിന്നിട്ടിട്ടും ഇതൊക്കെ ഇന്നും എനിക്ക് ഓർക്കാൻ കഴിയുന്നു.

ഇന്ന് അവധിക്കാലത്ത് നാം കുട്ടികളെ വീഗാലാൻഡിലും മൂന്നാറിലും ഊട്ടിയിലുമൊക്കെ കൊണ്ടുപോകുന്നു. ശരീരത്തിനും മനസ്സിനും നൈമിഷികമായ ഉല്ലാസം. പെട്ടെന്ന് എല്ലാം മറവിയിലേക്ക്.

ആത്മസംതൃപ്തിയും അറിവും ഭക്തിയും പരസ്പര സ്നേഹ വാത്സല്യവും പങ്കിട്ട ഈ തീർത്ഥയാത്ര എന്റെ അച്ഛന്റെ ഓർമ്മയ്ക്കായി ഞാൻ മനസ്സിൽ സൂക്ഷിക്കുന്നു. ഒരു നിധിപോലെ. ●



# ശ്രീകൃഷ്ണസ്തുതി

**കുഞ്ഞനുജത്തി തമ്പുരാട്ടി, അമ്പാടിക്കോവിലകം, ചന്ദ്രപുരി,**
**തിരുവണ്ണൂർ, കോഴിക്കോട്**

*ഗോപാലബാലകരുമായ് വിപിനേ കളിക്കും*
*ഗോലോകപാല! കരുണാകര! ദീനബന്ധോ!*
*ഗോവൃന്ദവും കുഴലുമായുടനന്തികേ മേ*
*ആവിർഭവിച്ചു വിളയാടുക തമ്പുരാനെ!*

*കാലാരിയായ ഭഗവാനു മഹോത്വദീയ*
*മായാവിലാസമതിനാലെ വലഞ്ഞതില്ലേ?*
*ആമായയാലെ വലയുന്നിതു ഞാനുമേറ്റം*
*മോഹൈകനാശന! ഭവാനതു തീർത്തിടേണം*

*ശ്രീകൃഷ്ണ! കൃഷ്ണ! ജഗദീശ! മനോഹരാംഗ!*
*ശ്രീരാധികാരമണ! ഹേ കരുണാപയോധെ!*
*ശ്രീയാർന്നിടും തവ മുഖാംബുജമൊന്നു കാട്ടീ-*
*ട്ടീയുള്ളവൾക്കു ഗതിയേകുക ചക്രപാണെ!*

*ഗോപീധവഗുരുപുരാധിപ! നന്ദസൂനോ!*
*ഗോവിന്ദ! ഹേ ഗരുഡവാഹന! നന്ദസൂനൊ !*
*പാരാതെ വന്നുടനെയെന്നുടെയന്ത്യകാല-*
*ത്താരോമൽ ദേഹമൊടുചേർക്കുക മാരുതേശ!*

*സേവിക്കും മാനുഷർക്കങ്ങഖിലസുഖമതും*
*നൽകുമീ മാരുതേശൻ*
*ബോധിക്കുന്നില്ലതാർക്കും കലികലുഷമത-*
*ല്ലാതെയെന്തൊന്നു ചൊല്ലും*
*യോഗശ്രീ നിദ്രകൊള്ളും പരമപുരുഷനാം*
*കൃഷ്ണപാദാരവിന്ദം*
*രാഗദ്വേഷാദിപേറുന്നിവളുടെ ദുരിതം-*
*സർവ്വദാനീക്കിടേണം*

*ഏലസ്സും മണി, കാൽച്ചിലമ്പുകളുമി-*
*ട്ടോടിക്കളിച്ചെത്രയും*
*ക്ഷീണത്തോടെ വരുന്ന തന്റെ തനയം*
*നന്ദ്യായെടുത്താദരാൽ*
*ആരോമൽ മുഖപങ്കജേ തെരുതെരെ*
*ചുംബിച്ചു ചുംബിച്ചതി-*
*സ്നേഹത്തോടെയശോദ പുൽകിയ കിശോരൻ-*
*താനെനിക്കാശ്രയം.*

*കുട്ടാ ചാടിക്കളിച്ചിട്ടരുമ മകനെ നിൻ-*
*മേനിയേറ്റം തളർന്നൂ.*
*കഷ്ടം കാർകൂന്തൽ ചിന്നിച്ചിതറി മുഖ-*
*സരോജത്തിലേറ്റം ലസിപ്പൂ*
*പുഷ്ടാമോദത്തോടെയിജ്ജനനിയുടെയൊലി-*
*ക്കും മുലപ്പാലശിച്ചി-*
*ട്ടിഷ്ടത്തോടെ ക്കളിക്കാം വരിക മകനെ നീ-*
*നല്ല പൊന്നുണ്ണിയല്ലേ?*
*കെട്ടേണം കൂന്തൽ നന്നായതിലധിക മധുരം*
*പീലികൾ കോർത്തിടേണം*
*കുത്തേണം ഫാലദേശേ, കുതുകമൊടുടനേ-*
*ഗോപിയും, ലോചനത്തിൽ-*
*ചേർക്കേണം അഞ്ജനം നൽമണിമയ മകര-*
*ക്കുണ്ഡലം കർണ്ണയുഗ്മേ*
*ചാർത്തേണം, അഞ്ജനാഭ! പുലിനഖ വന-*
*മാലാദികൾ മോദമോടെ*

*അച്ഛൻ വന്നച്യുത! നിൻ വരവിനെയതുലം*
*നോക്കി നില്ക്കുന്നു മോദാൽ*
*അച്ഛന്നൊപ്പം ഭുജിപ്പാനതികൂതുകമൊടേ*
*ഹന്ത വന്നീടുവേഗം*
*പാൽച്ചോറും, നല്ല പാൽപ്പായസമതിമധുരം*
*നൽകിടാം വാസുദേവാ*
*മൽപുത്ര! വന്നിടുണ്ണീ! കളികൾ വിടുക-*
*യെന്നോമനെ! തങ്കമല്ലെ?*
*ആശാപാശമതിങ്കൽ വീണവശയായ് മേവു-*
*ന്നൊരെൻ മാനസം*
*മോശപ്പെട്ടു മഹാന്ധകൂപമതിൽ വീണേ-*
*റ്റം പതിച്ചെത്രയും*
*മോശം വന്നു, രമക്കധീശനിവളിൽ കാരു-*
*ണ്യമുണ്ടായി മൽ*
*നാശം വന്നു ഭവിച്ചിടാതെയനിശം പാലി-*
*ച്ചിടാനാശമേ*
*ലീലാ ലാലസ ലോലനായ് ലലനമാർ-*
*താലോലമേറ്റെത്രയും*
*നാളികാക്ഷ നളിവ്രജംമുരളുമാവൃന്ദാ-*
*വനത്തിൽ മുദാ*
*ആളും വഹ്നിയെക്കേളിയാലശനമാ-*
*നന്ദേന ചെയ്താപ്പരൻ*
*ആളുന്നോരിവൾ തന്റെ പാപമഖിലം-*
*കാളാൻ കനിഞ്ഞീടണം*

●

നൊസ്റ്റാൾജിയ

## എന്റെ ഗ്രാമം ~ 14

# പാഠശാല

**കെ. ഹരികൃഷ്ണ വർമ്മ**

നാലാം ക്ലാസ്സ് വരെ ഞാൻ തിരുവിഴ സ്കൂളിലാണ് പഠിച്ചത്. അതിനുശേഷം അഞ്ചാം തരത്തിൽ കണിച്ചുകുളങ്ങര സ്കൂളിൽ കൊണ്ടുപോയി ചേർത്തു. അന്നു ഞാൻ താരതമ്യേന വളരെ ചെറിയ വിദ്യാർത്ഥി ആയിരുന്നു. കാരണം അന്നൊക്കെ ഹൈസ്കൂളിൽ മാത്രമല്ല മിഡിൽ സ്കൂളിലും വളരെ വലിയ വിദ്യാർത്ഥികൾ ഉണ്ടായിരുന്നു. മുണ്ടുടുത്തു വരുന്നവരും കട്ടിയായ മേൽമീശ ഉള്ളവരും മറ്റും ധാരാളം ഉണ്ടായിരുന്നു. അവരിൽ പലരും പലപ്പോഴും അദ്ധ്യാപകരോടു സംസാരിച്ചു കൊണ്ടു പോകുന്നതും ചിലപ്പോൾ ചായക്കടയിലിരുന്നു ചായ കുടിക്കുന്നതും ഒട്ടൊരു ബഹുമാനത്തോടെ ഞാൻ നോക്കി നിൽക്കാറുണ്ട്. പഠിക്കാൻ അൽപ്പം മിടുക്കനായിരുന്നു എന്നതൊഴിച്ചാൽ മറ്റൊരു പരിഗണന എന്നെ സംബന്ധിച്ചു സ്കൂളിൽ ആർക്കും ഉണ്ടായിരുന്നില്ല. അക്കാലത്തു സ്കൂളിൽ മാസത്തിലൊരിക്കൽ സാഹിത്യസമാജം നടത്താറുണ്ടായിരുന്നു. വെള്ളിയാഴ്ചകളിൽ വൈകിട്ടു 3.30 നു ക്ലാസ്സ് അവസാനിപ്പിച്ചിട്ട് എല്ലാ കുട്ടികളും സ്കൂൾ മുറ്റത്തുകൂടും. വരാന്തയിൽ ഒരുമേശയും മൂന്നു കസേരകളും ശിപായിമാർ കൊണ്ടിടും. കസേരകളിൽ പ്രധാന അദ്ധ്യാപികയും മറ്റു രണ്ട് അദ്ധ്യാപകരും ഇരിക്കും. കസേരകൾക്കു പിറകിൽ ഭിത്തിയോടുചേർന്നു നാലഞ്ചു ബഞ്ചുകൾ നീളത്തിലിട്ടു മറ്റദ്ധ്യാപകരും ഇരിക്കും. കുട്ടികൾ സ്കൂൾ മുറ്റത്തു മണലിൽ ചമ്രം പടിഞ്ഞിരിക്കും. ഉപന്യാസം, പാട്ട്, കഥ, ചെറുപ്രസംഗങ്ങൾ തുടങ്ങിയവയാണു വിദ്യാർത്ഥികൾ അവതരിപ്പിക്കേണ്ടത്. അതിനുവേണ്ടി കാലേകൂട്ടി ക്ലാസ്സുകളിൽ വെച്ചു പേരുകൾ കൊടുത്തിരിക്കണം. ആദ്യം ഈശ്വരപ്രാർത്ഥനയും പിന്നീട് ഉപക്രമവും കഴിഞ്ഞാൽ പിന്നെ വിദ്യാർത്ഥികളുടെ ഊഴമാണ്. അഞ്ചാം ക്ലാസ്സിൽ ചേർന്ന് ആദ്യത്തെ സാഹിത്യസമാജത്തിൽ ഒരു കഥ പറയാൻ ഞാനും പേരു കൊടുത്തു, ഒരാവേശത്തിൽ. പരിപാടികൾ തുടങ്ങി കുറച്ചായപ്പോൾ എന്റെ പേർ വിളിച്ചു. കുട്ടികളുടെ ഇടയിൽകൂടി നടന്നു വരാന്തയിൽ കയറി അദ്ധ്യാപകരുടെ അടുത്തെത്തിയപ്പോൾ തന്നെ എന്റെ കാലുകൾ വിറക്കുന്നുണ്ടായിരുന്നു. സാമാന്യം ഉയർന്ന വരാന്തയിൽ അദ്ധ്യാപകരുടെ മേശക്കരിക്കിൽ നിന്നു മുൻപോട്ടു നോക്കുമ്പോൾ ഞാനാകെ വിയർത്തു. നൂറുകണക്കിനു മുഖങ്ങൾ ഏകദേശം 60 ഡിഗ്രി ഉയർത്തി എന്റെ നേരെ നോക്കുകയാണ്. പല മുഖങ്ങളിലും ഞാനപ്പോൾ കണ്ടതു പരിഹാസമാണ്. 'സത്യസന്ധനായ മോഷ്ടാവ്' എന്നപേരിലൊരു കഥ ഒരുവിധം പറഞ്ഞൊപ്പിച്ചു. അതിനുശേഷമാണ് ഏറ്റവും വലിയ അത്യാഹിതം സംഭവിച്ചത്. കഥ പറഞ്ഞുകഴിഞ്ഞ്, എന്റെ പ്രകടനം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി "ഇതോടുകൂടി എന്റെ കഥ കഴിഞ്ഞു.'' എന്നാണ് എന്റെ നാവിൽ നിന്നും പുറത്തുവന്നത്. പിന്നീടു കുറെ സമയത്തേക്കു ചെകിടടക്കുന്ന ആരവമായിരുന്നു. കടലിരമ്പം പോലെ ഒക്കെ ആണ് എനിക്കനുഭവപ്പെട്ടത്. ഒരുവിധം നടന്നിറങ്ങി അവരുടെ കൂട്ടത്തിൽ ഒരുവനായി ഞാനലിഞ്ഞു ചേരുമ്പോഴും ആരവം ഉച്ചസ്ഥായിയിലായിരുന്നു. ഞാൻ മുന്നോട്ടു നോക്കുമ്പോൾ ഞെട്ടിക്കുന്ന കാഴ്ചയാണ് കണ്ടത്. ഡയസ്സിലിരിക്കുന്ന അദ്ധ്യാപകരും അതിനു പിറകിൽ ബഞ്ചിലിരിക്കുന്ന അദ്ധ്യാപകരും മത്സരിച്ചു തലയറഞ്ഞു ചിരിക്കുകയാണ്. ഇതിനു തക്കവണ്ണം എന്തു കോമഡിയാണു ഞാൻ പറഞ്ഞതെന്ന് എനിക്കപ്പോഴും മനസ്സിലാകുന്നില്ലായിരുന്നു.

മഴ പെയ്തൊഴിഞ്ഞാലും മരം പെയ്യും എന്നു പറഞ്ഞതുപോലെ മറ്റു കുട്ടികൾ കുറച്ചുനാൾ ഇതു പറഞ്ഞു പരിഹസിക്കുമായിരുന്നു.

ചെറുപ്പംമുതൽ തന്നെ തുള്ളൽക്കഥയിൽ പലഭാഗങ്ങളും ഞാൻ ഹൃദിസ്ഥമാക്കിയിരുന്നു. അടുത്തവർഷം ആറാം ക്ലാസ്സിലെത്തിയപ്പോഴും എന്നിലെ കലാകാരൻ വീണ്ടും സടകുടഞ്ഞെഴുന്നേറ്റു. ആ വർഷത്തെ യുവജനോത്സവത്തിനു ഓട്ടൻതുള്ളലിനു ഞാൻ പേരു കൊടുത്തു. എന്റെ

നേരെ മൂത്തജ്യേഷ്ഠൻ (ആദിത്യേട്ടൻ) മനസ്സിൽ ഒരുപാടു ഭാവനകളുള്ള ആളാണ് അന്നും ഇന്നും. ഞങ്ങൾ തമ്മിൽ അക്കാലത്ത് മറ്റു സഹോദരന്മാരേക്കാളുപരി ഒരു ആത്മബന്ധവും ഉണ്ടായിരുന്നു. ആദിത്യേട്ടന്റെ പ്രയത്നത്തിൽ കട്ടികടലാസും മുത്തുകളും വളപ്പൊട്ടുകളും വർണ്ണക്കടലാസുകളും മറ്റും ഉപയോഗിച്ച് ഒരു കിരീടവും കൈവളകളും തോൾവളകളും അരപ്പട്ടയും മറ്റും ഉണ്ടാക്കി. അത്യാവശ്യം വേഷമൊക്കെയായി യുവജനോത്സവത്തിനു മത്സരത്തിൽ പങ്കെടുത്തു. കിരാതം ഓട്ടൻതുള്ളലിലെ ഒരു ഭാഗമാണ് അവതരിപ്പിച്ചത്. മൂന്നു പേരേ മത്സരരംഗത്തുണ്ടായിരുന്നുള്ളൂ എന്നതുകൊണ്ടാവാം എനിക്ക് ഒന്നാം സമ്മാനം ലഭിച്ചു.

ഏകദേശം ഒരുമാസം കഴിഞ്ഞ് ഒരുദിവസം എന്നെ സ്റ്റാഫ് റൂമിലേക്ക് ശിപായിയെ വിട്ടു വിളിപ്പിച്ചു. സാധാരണ ഏതെങ്കിലും പരാതിയിന്മേൽ നടപടി എടുക്കാനാണ് വിളിപ്പിക്കാറ്. പ്രത്യേകിച്ചൊരു കുഴപ്പവും ഉണ്ടാക്കിയതായി ഓർമ്മ വന്നില്ലെങ്കിലും ഞാനാകെ വിരണ്ടു. ക്ലാസ്സ് മുറിയിൽ നിന്നും സ്റ്റാഫ് റൂമിലേക്കു നാഴികകൾ ദൂരമുള്ളതുപോലെയാണു തോന്നിയത്. അവിടെ എത്തിയപ്പോൾ അദ്ധ്യാപകർ ചിരിച്ചുകൊണ്ടാണു സ്വീകരിച്ചത്. ജില്ലാ കലോത്സവത്തിൽ ഓട്ടൻ തുള്ളലിനു എന്നെ പങ്കെടുപ്പിക്കാൻ തീരുമാനിച്ച വിവരം അറിയിക്കാനാണു വിളിപ്പിച്ചതെന്നു പറഞ്ഞപ്പോൾ കൂടുതൽ ആധിയാവുകയായിരുന്നു. കാരണം മത്സരത്തിനു ആലപ്പുഴക്കു പോകാൻ അച്ഛൻ സമ്മതിക്കുമോ എന്നു എനിക്കുറപ്പില്ലായിരുന്നു. വൈകിട്ടു കോവിലകത്തെത്തി അമ്മ മുഖാന്തിരം കാര്യം അവതരിപ്പിച്ചപ്പോൾ ദൈവാധീത്തിനു അച്ഛനും സമ്മതിച്ചു. അങ്ങനെ പഴയ കോപ്പുകൾ വീണ്ടും പൊടിതട്ടി എടുത്തു. ആലപ്പുഴ നഗരമദ്ധ്യത്തിലുള്ള ലിയോ തെർടീൻത് സ്കൂളിലായിരുന്നു രണ്ടു ദിവസം നീണ്ടുനിന്ന ജില്ലാ കലാമത്സരങ്ങൾ. എന്റെ പരിപാടി ആദ്യദിവസം സന്ധ്യക്കു തന്നെ നടന്നു. നമ്പർ വിളിച്ചപ്പോൾ അരങ്ങത്തു വരികയും പ്രകടനം നടത്തുകയും തിരിച്ചുപോവുകയും ചെയ്തപ്പോൾ എന്റെ ജോലി ചെയ്തവസാനിപ്പിച്ച മനസ്സായിരുന്നു. തുള്ളൽ നന്നായിരുന്നു എന്നു ശ്രീധരൻ സർ പറഞ്ഞപ്പോൾ സന്തോഷം തോന്നി, അത്രതന്നെ. മത്സരത്തിനു എത്രപേരുണ്ടായിരുന്നെന്നോ അവരുടെ പ്രകടനം എങ്ങനെ ആയിരുന്നെന്നോ ഒന്നും ഞങ്ങൾ ആരും അന്വേഷിക്കാൻ മെനക്കെട്ടില്ല. അതിനൊന്നും യാതൊരു പ്രാധാന്യവും ഞങ്ങൾക്കോ ഞങ്ങളെ കൊണ്ടുപോയ അദ്ധ്യാപകർക്കൊ തോന്നിയിരുന്നില്ല. ആദ്യമായി ആലപ്പുഴ നഗരം കാണാനുള്ള അവസരം ഞങ്ങൾ പാഴാക്കിയില്ല. നഗരം മുഴുവൻ ചുറ്റി നടന്നു കണ്ടു, കമലാ സർക്കസ് കണ്ടു, നാരങ്ങാവെള്ളം കുടിച്ചു..... പിറ്റേന്നു ഉച്ചക്കു നഗരപ്രദക്ഷിണം കഴിഞ്ഞ് ഊണു സമയത്തു സ്കൂളിൽ എത്തിയപ്പോൾ ശ്രീധരൻ സർ പറഞ്ഞാണറിഞ്ഞത് എനിക്ക് ഒന്നാം സ്ഥാനം ഉണ്ടെന്ന്.

ഒരുമാസം കഴിഞ്ഞ് തൃശ്ശൂരിൽ സംസ്ഥാന തലമത്സരം നടന്നു. പോകണമെന്നുണ്ടെങ്കിൽ ആലപ്പുഴയിൽ എത്തിക്കാമെന്നും അവിടെ നിന്നും ആലപ്പുഴക്കാരുടെ മേൽനോട്ടത്തിൽ ആണു പോകേണ്ടതെന്നും ശ്രീധരൻ സർ പറഞ്ഞു. അച്ഛനോടു ചോദിക്കാൻ മെനക്കെടാതെ തന്നെ 'പോകുന്നില്ല' എന്നു ഞാൻ പറഞ്ഞു. കാരണം സ്കൂൾ അദ്ധ്യാപകരില്ലാതെ പോകാൻ അച്ഛൻ ഒരിക്കലും സമ്മതിക്കുകയില്ലെന്ന് എനിക്കത്രക്കുറപ്പായിരുന്നു. അതിനുശേഷം ഒരു വർഷം കഴിഞ്ഞുള്ള മദ്ധ്യവേനലവധിക്കാലത്ത് കരപ്പുറം ക്ഷത്രിയസഭയുടെ വാർഷികത്തിനും ഞാൻ ഓട്ടൻതുള്ളൽ അവതരിപ്പിച്ചു. അന്നു കല്യാണസൗഗന്ധികം കഥയിൽ നിന്നാണ് ഒരു ഭാഗം തെരഞ്ഞെടുത്തത്. അന്ന് ഓട്ടൻതുള്ളലിനു മൃദംഗം വായിച്ചത് ഞങ്ങൾ ജയൻ എന്നു വിളിക്കുന്ന, കേരളത്തിലെ അതിപ്രശസ്തനായ മൃദംഗവിദ്വാൻ ശ്രീകുമാർ വർമ്മയായിരുന്നു. ഇന്നിപ്പോൾ അദ്ദേഹത്തെ കാണുമ്പോൾ തമാശക്കു ഞാൻ പറയാറുണ്ട് അന്നെന്റെ കൂടെ കൊട്ടാൻ ഭാഗ്യം കിട്ടിയതുകൊണ്ടാണ് പ്രശസ്തനായതെന്ന്.

എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോൾ സ്കൂളിൽ നിന്നു നാലുദിവസത്തെ വിനോദയാത്രയ്ക്കു പോയതും ഒരു വലിയ അനുഭവം ആയിരുന്നു. തേക്കടി, മധുര, കുറ്റാലം, കന്യാകുമാരി, തിരുവനന്തപുരം, വഴി തിരിച്ചെത്തുന്ന യാത്രയിൽ ഒരുപാട് പുതിയ പുതിയ പാഠങ്ങൾ എന്റെ ബാലമനസ്സിൽ പതിയാൻ ഇട വന്നു. മാലിന്യങ്ങളില്ലാത്ത അന്നത്തെ കുറ്റാലം വെള്ളച്ചാട്ടവും, തിരക്കുകളും കൊള്ളകളും ഇല്ലാതിരുന്ന കന്യാകുമാരിയും മറ്റും ഇന്നിപ്പോൾ ഓർമ്മകളിൽ മാത്രമായി മാറി. കാലങ്ങൾ കഴിഞ്ഞു പലതവണ കന്യാകുമാരിയിൽ പോയപ്പോഴും അന്നത്തെ ശാന്തത ഒരിടത്തും കാണാൻ സാധിച്ചില്ല, ഒരിക്കലൊഴിച്ച്. സുനാമി താണ്ഡവമാടി അധികം വൈകാതെ ഞാൻ കുടുംബസമേതം ഒരു ദിവസം വൈകിട്ടു കന്യാകുമാരിയിലെത്തിയപ്പോൾ കടൽതീരം പാടേ ശാന്തമായിരുന്നു. ഭീതിദമായ ശാന്തത.

●

# ഷോഡശക്രിയ കർമ്മപദ്ധതി

*കഴിഞ്ഞ ലക്കം തുടർച്ച*

**നാമകരണം**

**(പന്ത്രണ്ടാം ദിവസം ചെയ്യണം)**

കാൽകഴുകി പവിത്രമിട്ട് കൈകഴുകി കിഴക്കോട്ട് ഇരുന്ന് ആപ്യായിച്ച് പ്രോക്ഷിച്ച് കുട്ടിയുടെ അമ്മ ഇടത്തിരുന്ന് ഗണപതി നിവേദിച്ച് നിർവിഘ്ന പരിസമാപ്തിക്കായി വിളക്കിൻമുമ്പിൽ തളിച്ചുമിഴുകി ഒരു പൂവിട്ട് പൂവും, ചന്ദനവും പണവും കയ്യിലെടുത്ത് നിർവിഘ്നപരിസമാപ്തി പ്രാർത്ഥിച്ച് പരദേവതയ്ക്ക് വിളക്കത്ത് മെഴുകിയേടത്ത് പണം വച്ച് തൊഴുക.

ഒരാളെ മുന്നിലിരുത്തി എല്ലാ കുറവുകൾക്കും പ്രായശ്ചിത്തമെന്ന് സങ്കല്പിച്ച് "ഓം തൽസൽ" എന്ന് ചൊല്ലി ദാനം ചെയ്യുക. ബഹുത്വമായി ചെയ്യണം. ആളില്ലെങ്കിൽ ഒന്നുമതി. പിന്നെ നാന്ദീമുഖം. രണ്ടാൾക്ക് വിശേദേവാർത്ഥം ചെയ്യുക. ആൾ കുറവെങ്കിൽ ഒരാൾക്ക്. വയസ്സു കൂടിയവന് ആദ്യം ചെയ്യണം. മന്ത്രം: "ഏതന്മേനാന്ദീമുഖശ്രാർദ്ധം വിശേദ്യോദേവേഭ്യ ഓം തൽ സൽ". പിന്നെ പിതൃർത്ഥം വയസ്സ് കുറഞ്ഞവന് ആദ്യം. "ഏതന്മേനാന്ദീമുഖശ്രാർദ്ധം പിതൃപിതാമഹ പ്രപിതാമഹേദ്യാഃ ഓം തൽസൽ". ആൾ ഉണ്ടെങ്കിൽ രണ്ടാൾക്ക്, കുറവെങ്കിൽ ഒരാൾക്ക്.

നാന്ദീമുഖം ആൾ കഷ്ടിയെങ്കിൽ നാലാൾക്കും കൂടി ഒന്നായി കൂട്ടിചെയ്ക. അപ്പോൾ മന്ത്രം ''ഏതന്മേനാന്ദീമുഖശ്രാർദ്ധം വിശേദ്യോദേവേദ്യോഃ പിതൃപിതാമഹ പ്രപിതാമഹേഭ്യ ഓം തൽസൽ".

**പുണ്യാഹം**

പുണ്യാഹത്തിന് സ്വന്തം ഭവനത്തിലെ ആൾ കൂടിയാലും മതി. നാലാൾ വേണം. കർത്താവും വാങ്ങിയവരും കാൽകഴുകിയവന് കൈകഴുകി പവിത്രമിട്ട് മുമ്പിൽ തളിച്ചു മെഴുകി ഒരു പുല്ലിട്ട് ഉരുളി അതിന്മേൽ കമിഴ്ത്തി അതിന് തൊട്ടു വടുക്കുവശത്ത് പ്രണിത, ഓടവും കമിഴ്ത്തിവയ്ക്കുക. ഉരുളിക്കുമീതെ ഒരു കട പുല്ലിട്ടു വെയ്ക്കണം. അക്ഷതവും, കുറുമ്പുല്ലും, ചുണ്ടങ്ങയും, സ്വർണ്ണവും ഒരു ചരടും കരുതി വയ്ക്കുക. ക്രിയക്ക് കൂടുന്നവർ തന്റെ ഇടതുവശം മുതൽ വിളക്കു വരെ നാലു പലകയിട്ടതിന്മേൽ ഇരുന്നാൽ ഇടതു കിണ്ടികൊണ്ട് കൈയ്ക്ക് വെള്ളം കൊടുത്ത് പവിത്രം കൊടുക്കുക. അവർ വലതു കൈയ്യിന്റെ മോതിരവിരലിൽ പവിത്രമിട്ടാൽ കൈയ്ക്ക് രണ്ടുവെള്ളം വലതു കിണ്ടിയിലേത് തന്റെ കൈയ്യിലാക്കി ചെറുവിരലിൽ കൂടി രണ്ടു തവണ വെള്ളം കൊടുക്കുക. കുറുമ്പുല്ല് ഒരു തലയും രണ്ടു കടയും വീതം രണ്ടു തവണ ഓരോരുത്തർക്കും കൊടുക്കുക. രണ്ടു വെള്ളം കൊടുക്കുക. പിന്നെ രണ്ടു തവണ ചന്ദനവെള്ളം കൊടുക്കുക. രണ്ടു വെള്ളം കൊടുക്കുക. ഓരോ ഇനം കൊടുത്തു കഴിഞ്ഞാലുടനെ ഈരണ്ടുതവണ വെള്ളം കൊടുക്കണം. അക്ഷതം രണ്ടു തവണ കൊടുക്കുക. വെള്ളം കൊടുക്കുക. ചുണ്ടങ്ങ ഒരോന്നു കൊടുക്കുക. ഒരു വെള്ളം കൊടുക്കുക.

ഉരുളിപുറത്തെ പുല്ലിന്മേൽ വലതു കിണ്ടിയിലെ വെള്ളം തളിച്ച് പുല്ല് പൊട്ടിച്ചുകളയുക. ഉരുളിയും പ്രണീതയും ഒപ്പം കിഴക്കോട്ട് മലർത്തുക. രണ്ടിന്റേയും ഉള്ള് തുടച്ച് കൈകഴുകി ഉരുളിയിൽ മൂന്ന് തളിച്ച് പുല്ലും, ചന്ദനവും അക്ഷതവും, വെള്ളവും കൂട്ടി ആകാശഗംഗയെ മുകളിൽ നിന്നും ആവാഹിക്കുന്നു എന്ന് സങ്കൽപ്പിച്ച് ഉയർത്തി ഉരുളിയിൽ വെച്ച് ഇടതു കൈ കൊണ്ട് പുല്ലു പിടിച്ച് വലതു കൈയാൽ വലതു കിണ്ടിയിലെ വെള്ളം പിന്നെ ശുദ്ധ ജലം ഉരുളിയിൽ വീഴ്ത്തുക. ഇടതു കിണ്ടിയിലെ വെള്ളത്താൽ സ്വർണ്ണം നിലത്തിട്ടു കഴുകി ഉരുളിയിൽ ഇട്ട് ഒരു ചൂണ്ടങ്ങയും ഇട്ട് പ്രണിത (കംസം) ഇടതു കിണ്ടി കൊണ്ട് മൂടു കഴുകി വലതു കിണ്ടിയാലകം കഴുകി ഉരുളിയിലിട്ട് ചരടും ഇട്ട് രണ്ടു തല പുല്ലും, നാലു കട പുല്ലും (ഉപരിദർഭ) കൂട്ടി ഉരുളിയിലിടുക. പൂ കഴുത്തു കൊണ്ട് ഉരുളിയുടെ നാലുദിക്കിലും "പ്രജാപതയെ നമഃ" എന്ന മന്ത്രം ചൊല്ലി കിഴക്കാദിയായി ജലഗന്ധപുഷ്പം ഓരോ പ്രാവശ്യം അർച്ചിക്കുക. പൂവും ചന്ദനവും അക്ഷതവും കൂടി എടുത്ത് കിഴക്കാദിയായി ഉരുളിയുടെ നാലു പുറത്തും ഇടുക (ഇങ്ങനെ അലങ്കരണം). കൈ കഴുകി പൂ ചൂടി (ഇത് ആരാധന) കൈ കഴുകി പുല്ലും, ചന്ദനവും, അക്ഷതവും, ചുണ്ടങ്ങയും, വലതു കിണ്ടിയിലെ വെള്ളവും കൂട്ടി എടുത്ത് പുണ്യാഹം ഏൽക്കുന്നവരുടെ കൈയ്യിലും എല്ലാം കൂട്ടി കൊടുക്കുക. എല്ലാവരും കൂടി ഉരുളി പൊക്കിപ്പിടിച്ച് എഴുന്നേറ്റു നിന്നാൽ താൻ ചൊല്ലൂ. "ഓം മനഃ സമാധീയത" മറ്റവർ ചൊല്ലൂ "സമാഹിതമനസഃ സ്മ" താൻ ചൊല്ലൂ "പ്രസീദന്തുഭവതഃ" മറ്റുള്ളവർ "പ്രസന്നാസ്മ. എല്ലാവരും കൂടി "ശാന്തിരസ്തു, പുഷ്ടിരസ്തു, ഋദ്ധിരസ്തു, അവിഘ്നമസ്തു, ശിവം കർമ്മാസ്തു. താൻ "ഓം പ്രജാപതിഃ പ്രിയതാം". മറ്റുള്ളവർ "ഓം പുണ്യാഹം ഭവന്തൊബ്രുവന്തു''. മറ്റവർ ''ഓം പുണ്യാഹം" എന്ന് മുന്നുരു. താൻ

"ഓം സ്വസ്തി ഭവന്തോബ്രവന്തു" മറ്റവർ "ഓം പുണ്യാഹം" എന്ന് മൂന്നുരു. താൻ "ഓം സ്വസ്തിഭവന്തോബ്രുവന്തു മറ്റുള്ളവർ "ഓം സ്വസ്തി എന്ന് മൂന്നുരു." ഓം ഋദ്ധിംഭവന്തൊബ്രുവന്തു" മൂന്നുരു. മറ്റവർ "ഓം ഋദ്ധ്യതാം" മൂന്നുരു. എല്ലാവരും ഇരുന്ന് ഉരുളിവച്ച് ആപോഹിഷ്ടാദി നാൽപ്പത്തിയാറ് ഋക്കുകളെ ചൊല്ലി ബാലനെ തളിച്ച് അവസാന ഋക്ക് എല്ലാവരും ഒപ്പം ചൊല്ലി തളിക്കുക. "ഭദ്രന്നോ അപിവാതയമനഃ" എല്ലാവരും പുല്ല് താഴെയിട്ടാൽ അക്ഷതം കൊടുത്ത് "ശതംജീവ" എന്ന ഋക്ക് ചൊല്ലി ബാലന്റെ തലയിലിട്ട് ചരടെടുത്ത് ഇലയിൽ വച്ച് പുണ്യാഹത്തിൽ വെള്ളം വീഴ്ത്തി പവിത്രം കളഞ്ഞ് കാലുകഴുകി പവിത്രമിട്ട് വീണ്ടും ഇരുന്ന് പുണ്യാഹം തുടങ്ങികൂട്ടി "ഓം പുണ്യാഹംഭവതൊബ്രുവവന്തു" എന്ന് കഴിഞ്ഞാൽ മാത്രം പുണ്യാഹം വിട്ട് ഉണ്ണിയെ വാങ്ങി ഈ ചരട് കെട്ടിച്ച് ഭസ്മം നനച്ച് കുറി ഇടുവിച്ച് ഒരാൾക്ക് ദാനവും മുഹൂർത്തവും ചെയ്ത് അയാൾ "സുമുഹൂർത്തമസ്തു" എന്നു പറഞ്ഞാൽ ഉണ്ണിയെ പേര് വലതു ചെവിയിൽ വിളിക്കുക. "രാമവർമ്മാസി" എന്ന് മുന്നു തവണ പറയണം.

ഉണ്ണിയെ അമ്മയ്ക്ക് കൊടുത്ത് പുല്ലെടുത്ത് എഴുന്നേറ്റ് ഉരുളിപിടിച്ചു ചൊല്ലുക. "ഓം സ്മൈരാമവമ്മണെ സ്വസ്തിഭവന്തൊബ്രുവന്തു". മറ്റവർ "ഓം സ്മൈരാമവർമ്മണെ സ്വസ്തി" ചൊല്ല് പ്രസിദ്ധമായി ചെയ്തു മുടിച്ച് ഉണ്ണിയെ വാങ്ങി ഭാഷയായി. "രാമവർമ്മ" എന്ന് പേര് വിളിക്കുക. അമ്മയും മൂന്നു തവണ പേരു വിളിക്കുക. ചടങ്ങ് ദക്ഷിണ ചെയ്ത് ഗണപതി വിടർത്തുക. പെണ്ണായാൽ പേരിനോട് ''ദേ'' എന്നു കൂട്ടുക. "അംബികാദേ" "ഓം അസ്യൈഅമ്പികാദായെസ്വതിഭവനതൊബ്രുവന്തു". നാന്ദിമുഖം തുഷ്ണിയായി മതി (മന്ത്രമില്ലാതെ). പേരിടുന്ന ദിവസം കിടാവിനെ കുളിപ്പിക്കണം. അച്ഛനോ, അമ്മാവനോ നാമകരണക്രിയ ചെയ്യാം. ഇത്രയും സൗകര്യമില്ലെങ്കിൽ ഗണപതി നിവേദിച്ച് വിളക്കത്ത് പണം വച്ച് അമ്മയും കുട്ടിയും വലത്തിരുത്തി എല്ലാ കുറവുകൾക്കും പ്രായശ്ചിത്തദാനം (ഗോദാനം) ചെയ്യുക. ദാനം മുഹൂർത്തം ചെയ്ത് "സുമുഹൂർത്തമസ്തു" കേട്ട് ചെവിയിൽ "രാമവർമ്മാസി" എന്നു വിളിച്ച് മറ്റു നാലുപേരും കൂടി "രാമവർമ്മണെ സ്വസ്തി" എന്ന് ആശംസിച്ച് ഭാഷയായി പേര് വിളിച്ച് ഗണപതി മുടിക്കുക. നാലാളെ കിട്ടിയില്ലെങ്കിൽ ഒരാളെങ്കിലും വേണം.

## നിഷ്ക്രമണം - അന്നപ്രാശനം (ചോറൂണ്)

ഉണ്ണിയെ കുളിപ്പിച്ച് (അടിയാരാണ് ചെയ്യേണ്ടത്) തറ്റുടുത്ത് ഭാര്യ (ഉണ്ണിയുടെ അമ്മ) ഉണ്ണിയെ എടുത്ത് തുടർന്നിരുന്ന് പവിത്രമിട്ട് ഗണപതി നിവേദിച്ച് വിളക്കത്ത് പണം വച്ച് പ്രായശ്ചിത്തവും, നാന്ദീമുഖവും ചെയ്ത് നാന്ദീമുഖം കൂട്ടി ചെയ്യാം. ''ഏതന്മേനാന്ദീമുഖം ശ്രാദ്ധം വിശ്വേഭ്യോദേവേഭ്യഃ പിതൃപിതാമഹപ്രപിതാമഹേഭ്യഃ ഓം തൽസത്'' പുണ്യാഹം തുടങ്ങി കംസമിട്ടാൽ കഴുത്തിൽ കെട്ടിപ്പാനുള്ള ആഭരണമിട്ട് പ്രസിദ്ധമായി പുണ്യാഹം തുടങ്ങുമ്പോൾ പുഴുക്കൽ വെച്ചത് (ചോറ്) ഒരാൾ പുണ്യാഹക്കാർ ക്കൊപ്പം പിടിച്ചു നിൽക്കുക. അവർ ഇരുന്നാൽ നിലത്ത് വച്ച് പുണ്യാഹം ഉണ്ണിയെ തളിക്കുമ്പോൾ ചോറിനും തളിക്കുക. പുണ്യാഹം വശമില്ലെങ്കിൽ മൂന്ന് ഋക്ക് ചൊല്ലി തളിക്കുക. മോതിരം നിലത്തല്ലാതെ വച്ച് പുണ്യാഹം മുടിക്കുക. ഉണ്ണിയെ വാങ്ങിച്ച് ആഭരണങ്ങൾ കെട്ടിച്ച് കണ്ണെഴുതി കുറിയിടുവിച്ച് (ചന്ദനവും, ഭസ്മവും) കറുകയും പൂക്കളും ചൂടിക്കുക.

അമ്മ നിലം മെഴുകി ഒരു തൂശനില കീറി അടിയിൽ തിരിച്ചുവച്ച് അതിന്മേൽ ഉണ്ണാനുള്ള ഇല വച്ച് വലതുവശത്ത് ഒരു ഇല വച്ച് ഉണ്ണിയെ ഇരുത്തി ഉണ്ണിയുടെ ഇലയിൽ വെള്ളിക്കിണ്ണം വച്ച് രണ്ടിലയും വെള്ളിക്കിണ്ണത്തിലും ഉപസ്തരിച്ച് വലത്തിരിക്കുന്നവന് ആദ്യം വിളമ്പുക. ഇരുവർക്കും ചോറ് വിളമ്പി പഴവും ശർക്കരയും വിളമ്പി, വെള്ളിക്കിണ്ണത്തിൽ പുഴുക്കൽ മാത്രം വിളമ്പി ഏലിച്ചക്കറി (എരിശ്ശേരി), ഉപ്പുകറി (ഓലൻ), പുളിച്ചകറി (പുളിശ്ശേരി) മധുരക്കറി (പ്രഥമൻ) എന്നീ നാലുകറികളും ബാക്കി വിഭവങ്ങളും വിളമ്പി ഉപസ്തരിച്ചാൽ വെള്ളിക്കിണ്ണത്തിൽ നെയ്യും തേനും തൈരും വിളമ്പി ഞൗണ്ടി പിഴിഞ്ഞ് പവിത്രമിട്ട് ദാനവും മുഹൂർത്തവും ചെയ്ത് സുമൂഹൂർത്തം കേട്ടാൽ വെള്ളിക്കിണ്ണത്തിൽ നിന്നും എടുത്ത് മന്ത്രം ചൊല്ലി വായിൽ കൊടുക്കുക.

മന്ത്രം: -

*അന്നപതേന്നസ്യനോദേഹ്യ*
*നമീവസ്യശുഷ്മിണഃ*
*പ്രപ്രദാതാരം താരിഷ ഊർജ്ജന്നോ*
*ധേഹിദ്വിപദേ ചതുഷ്പദേ*

കൈ കഴുകി രണ്ടു വട്ടം തുഷ്ണി കൊടുത്ത് എല്ലാ കറികളും ക്രമത്തിൽ കൊടുത്ത് ഉപ്പും, വെള്ളവും കൊടുത്ത് അമ്മയും എല്ലാം കൊടുത്താൽ (വേണ്ടപ്പെട്ടവരും കൊടുക്കാം) ചടങ്ങ് ദക്ഷിണ ചെയ്ത് ഗണപതി മുടിക്കുക.

ആറാം മാസത്തിൽ ചോറു കൊടുക്കാം. ഏഴാം മാസത്തിലരുത്. പിന്നെ എല്ലാ മാസത്തിലും ആകാം. ക്രിയ ചെയ്യാൻ കഴിഞ്ഞില്ലെങ്കിൽ ഉണ്ണിയെ അലങ്കരിക്കൽ തുടങ്ങി കഴിവോളം ചെയ്യുക. ദാനത്തിന് ആളെ കിട്ടിയില്ലെങ്കിൽ മെഴുകി സങ്കൽപ്പിച്ച് മെഴുകിയിടത്ത് ദാനം ചെയ്തുവെച്ച് ചെയ്യുക. ഊണ് പിറന്നാൾ പോലെ ആവണം. ദധി, മധു,ഘൃതം കൂട്ടി ആദ്യം കൊടുക്കണം.

(തുടരും)

## പ്രമേയങ്ങൾ

ആഗസ്റ്റ് 14ന് ഇടപ്പള്ളിയിൽ ചേർന്ന സംസ്ഥാന സമിതി താഴെപ്പറയുന്ന പ്രമേയങ്ങൾ പാസ്സാക്കി സർക്കാരിന് സമർപ്പിച്ചു.

പ്രമേയം 1

I. ശ്രീപദ്മനാഭ സ്വാമിയുടെ സ്വത്തുക്കൾ ക്ഷേത്രത്തിൽ തന്നെ സംരക്ഷിക്കണം.

II. ക്ഷത്രിയരുടെ പൊളിറ്റിക്കൽ പെൻഷൻ (അടുത്തൂൺ) സർക്കാർ സർവീസിലെ മിനിമം പെൻഷനു തുല്യമായി വർദ്ധിപ്പിക്കുക.

III. സംസ്കൃത ഭാഷയ്ക്കും സംഗീതത്തിനുമുള്ള പ്രാധാന്യം കണക്കിലെടുത്ത് ഈ വിഷയങ്ങൾ പഠിപ്പിക്കുന്നതിനു യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുക.

iv. ശബരിമല ക്ഷേത്രഭരണത്തിൽ പന്തളം രാജകുടുംബത്തിന് അർഹമായ സ്ഥാനം നൽകുക.

v. മുന്നോക്ക സമുദായ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങളിൽ സമുദായ സംഘടനകളുടെ പ്രവർത്തനങ്ങളെപ്പറ്റി മുന്നോക്ക സമുദായ സംഘടനകളോടും വിശിഷ്യ ക്ഷത്രിയ ക്ഷേമസഭയോടും ചർച്ച ചെയ്യുക.

vi. മാലിഖാൻ തുക കാലാനുസ്യതമായി വർദ്ധിപ്പിക്കുക.

ലഘുപാചകം

ശാരദാവർമ്മ



## സ്പെഷ്യൽ പൊട്ടറ്റോ വട

| | |
|---|---|
| 1. ഉരുളക്കിഴങ്ങ് (പുഴുങ്ങി ഉടച്ചത്) | – രണ്ട് |
| 2. ചുവന്നുള്ളി (അരിഞ്ഞത്) | – അര കപ്പ് |
| കുരുമുളകുപൊടി | – ഒരു ടീസ്പൂൺ |
| മല്ലിയില | – ഒരു ടേബിൾസ്പൂൺ |
| റൊട്ടിപ്പൊടി | – രണ്ട് ടേബിൾസ്പൂൺ |

*തയ്യാറാക്കുന്ന വിധം*

ഉള്ളിയും കുരുമുളകുപൊടിയും, മല്ലിയിലയും കൂടി ചതച്ചെടുത്ത് അര സ്പൂൺ എണ്ണ ഒഴിച്ച് വഴറ്റി എടുക്കുക. ഇതോടൊപ്പം ഉരുളക്കിഴങ്ങും പാകത്തിന് ഉപ്പും, ഒരു ടേബിൾസ്പൂൺ റൊട്ടിപ്പൊടിയും ചേർത്ത് നന്നായി കുഴച്ച് ചെറിയ ഉരുളകളാക്കുക. ഓരോന്നായി എടുത്ത് റൊട്ടിപ്പൊടിയിൽ പൊതിഞ്ഞ് കൈവെള്ളയിൽ വച്ച് ചെറുതായി പരത്തുക. ഒരു പരന്ന തവിയിൽ രണ്ട് സ്പൂൺ എണ്ണ ഒഴിച്ച് ചൂടാകുമ്പോൾ വടകൾ നിരത്തി ചെറുതീയിൽ വച്ച് തിരിച്ചും മറിച്ചും ഇട്ട് ഇളം ബ്രൗൺ നിറമാകുമ്പോൾ കോരി എടുക്കുക. മല്ലിയില–ചട്ണിയോടൊപ്പം കഴിക്കാം.

## കടുക് മാങ്ങ

| | |
|---|---|
| പച്ച മാങ്ങ (തൊലി മാറ്റി ചതച്ചത്) | – ഒന്നര കപ്പ് |
| ചതച്ച മുളക് | – മൂന്ന് ടീസ്പൂൺ |
| കടുക് ചതച്ചത് | – ഒന്നര ടീസ്പൂൺ |
| കായപ്പൊടി | – കാൽ ടീസ്പൂൺ |

*തയ്യാറാക്കുന്നവിധം*

ചൂടായ ചീനച്ചട്ടിയിൽ രണ്ട് വലിയ സ്പൂൺ നല്ലെണ്ണ ഒഴിച്ച് ചൂടാകുമ്പോൾ മുളകും, കടുക് ചതച്ചതും കായപ്പൊടിയും ചേർത്ത് വഴറ്റുക. ഇതിലേക്ക് മാങ്ങയും പാകത്തിന് ഉപ്പും ചേർത്തിളക്കി വാങ്ങുക. ആറിയതിനുശേഷം ഉപയോഗിക്കാം. ചപ്പാത്തിക്കൊപ്പം ഒരു സൈഡ് ഡിഷായി കഴിക്കാം.

മിനിക്കഥ

## പെട്ര

ശിശിർവർമ്മ

ചരിത്രമുറങ്ങുന്ന നഗരത്തിലൂടെ ആർഷൻ നടക്കുകയാണ്. പെട്രാ, നീയെത്ര സുന്ദരിയാണ്. നിന്റെ അധിപയാകണമെന്ന മോഹം ആദ്യരാത്രിയിൽ സീസറുടെ ചെവിയിൽ ക്രിയോപാട്ര മന്ത്രിച്ചുവോ? സ്നാപകന്റെ പദചലനം കേട്ട് പുളകിതയായ യോർദാൻ നദിയിൽ അയാൾ മുങ്ങി. ഗായത്രി മന്ത്രം ഉരുവിട്ടു.

ഒട്ടകപ്പുറത്ത് നീങ്ങുന്ന സഞ്ചാരികൾ അയാളെ നോക്കിച്ചിരിച്ചു. അയാൾ ഓടക്കുഴൽ വാങ്ങാനായി കാലങ്ങൾക്കപ്പുറത്തേക്ക് നീങ്ങി.

നക്ഷത്രങ്ങളിൽ നിന്ന് ഊഞ്ഞാലിൽ ദേവതമാർ വരുന്നത് അയാൾ കണ്ടു. ഗ്രീക്കും റോമനും അറബിയും സംസ്കൃത ശ്ലോകങ്ങളും ചൊല്ലുന്ന ദേവതമാർ അയാളെ മാടിവിളിച്ചു. തന്നിൽ സുഷുപ്തിയിലായിരുന്ന ജന്മാന്തരബന്ധങ്ങളുടെ പൊക്കിൾക്കൊടിയിലൂടെ ജീവരക്തം സന്നിവേശിപ്പിച്ച് അമ്മയുടെ ഗർഭപാത്രത്തിൽ അയാൾ സച്ചിദാനന്ദമായി. ചുണ്ടിൽ 'ഓം തത്സത്' എന്ന മന്ത്രം താരാട്ടുപാട്ടായി അയാൾ അമ്മയെ ഉറക്കി. ●

# വളരുന്ന പ്രതിഭകൾ

## ദേവിവർമ്മയ്ക്ക് ഡോക്ടറേറ്റ്



'കൂടിയാട്ടത്തിലെ കേരളീയത' എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. എൻ. അജയകുമാറിന്റെ മേൽനോട്ടത്തിൽ തയ്യാറാക്കിയ ഗവേഷണപ്രബന്ധത്തിന് കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിൽ നിന്ന് പിഎച്ച്.ഡി. ബിരുദം കരസ്ഥമാക്കിയ ഡോ. ദേവി കെ. വർമ്മ. ആലപ്പുഴ എസ്.ഡി. കോളേജ് മലയാളവിഭാഗം അദ്ധ്യാപികയായ ദേവി കിളിമാനൂർ കൊട്ടാര അംഗവും ആർ.ആർ.വി. ബി.വി.എച്ച്.എസ്.എസ്. റിട്ട പ്രിൻസിപ്പൽ ആർ.കെ. വർമ്മയുടെയും റിട്ട. അദ്ധ്യാപിക രാജേശ്വരിയുടേയും പുത്രിയും ചേർത്തല കേരളവിലാസം കോവിലകത്ത് മനോജ് വർമ്മയുടെ പത്നിയുമാണ്. കിളിമാനൂർ കൊട്ടാരത്തിൽ ഡോക്ടറേറ്റ് നേടുന്ന ആദ്യ വനിതയാണ്.

## ജിഷ്ണുവിന് ശ്രീചിത്തിര തിരുനാൾ മെമ്മോറിയൽ അവാർഡ്



2010–11 ലെ ജയശ്രീ കലോത്സവത്തിൽ മൃദംഗ വായനയിൽ ജിഷ്ണു ആർ വർമ്മ ഒന്നാം സ്ഥാനം കരസ്ഥമാക്കി.എസ്. എം.വി. ഹൈസ്ക്കൂളിലെ 10–ാം സ്റ്റാൻഡേർഡ് വിദ്യാർത്ഥിയാണ്. അച്ഛൻ അനന്തപുരം കൊട്ടാരത്തിൽ കെ. രാഘവവർമ്മ (കിളിമാനൂർ ആർ.ആർ.വി. എച്ച്.എസ്.എസ്.അദ്ധ്യാപകൻ.) അമ്മ വയലിൻ അദ്ധ്യാപിക സി. അംബികാവർമ്മ (ഡയറക്ടർ ശ്രീ മൂകാംബിക സംഗീത വിദ്യാലയം) പ്രൊഫ. കടനാട് വി.കെ. ഗോപി, അഞ്ചൽ കൃഷ്ണയ്യർ എന്നിവരുടെ ശിക്ഷണത്തിലാണ് ജിഷ്ണു മൃദംഗം അഭ്യസിക്കുന്നത്.

## ധനഞ്ജയന് നാഷനൽ ടാലന്റ് സെർച്ചിൽ രണ്ടാംസ്ഥാനം



കേരളത്തിൽ നിന്നും നാഷണൽ ടാലന്റ് സെർച്ച് പരീക്ഷയിൽ പങ്കെടുത്തവരിൽ എളമക്കര ഭവാൻസ് വിദ്യാമന്ദിർ ഒമ്പതാം ക്ലാസ്സ് വിദ്യാർത്ഥി ധനഞ്ജയ് ആർ. വർമ്മ രണ്ടാം സ്ഥാനം കരസ്ഥമാക്കി. തുളിശ്ശാല കോവിലകത്ത് രാജീവിന്റേയും (ഡെപ്യൂട്ടി മാനേജർ, കൊച്ചിൻ റിഫൈനറീസ്) കൊരട്ടി സ്വരൂപത്തിൽ രാജേശ്വരി വർമ്മയുടെയും (ലക്ചറർ, ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, തുറവൂർ) മകനാണ്.

## പ്രശസ്ത വിജയം

ഇക്കഴിഞ്ഞ സംസ്ഥാന ഹയർ സെക്കണ്ടറി +2 പരീക്ഷയിൽ 95.75 ശതമാനം മാർക്കോടെ ഉന്നത വിജയം കൈവരിച്ച വിവേക്. ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗമായ ടി. എം. രാജമോഹനന്റെയും കെ.ഷീലയുടെയും മകനാണ്. ഇപ്പോൾ കാസർഗോഡ് എൽബിഎസ്. എഞ്ചിനീയറിംഗ് കോളേജ് ബി.ടെക് (മെക്കാനിക്കൽ) വിദ്യാർത്ഥിയാണ്.



## പ്രശസ്ത വിജയം



കോട്ടയം കല്ലറ സൗപർണ്ണികയിൽ രവിവർമ്മയുടെയും തിരുവല്ലാ തുകലശ്ശേരി പാലസിൽ മായാവർമ്മയുടെയും മകൻ ശരത് വർമ്മ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റിയിൽ നിന്നും ബി.ടെക് ൽ 81% മാർക്കോടെ ഫസ്റ്റ്ക്ലാസും ഡിസ്റ്റിംഗ്ഷനും കരസ്ഥമാക്കി. ഇപ്പോൾ Wipro–യിൽ പ്രോജക്ട് എൻജിനീയറായി ഉദ്യോഗം ലഭിച്ചിരിക്കുന്നു. മഹാറാണി സേതുപാർവ്വതീഭായി സ്മാരക സ്കോളർഷിപ്പ് നേടി പഠിച്ച് പാസ്സായി ഉദ്യോഗം ലഭിച്ചതിൽ ശരത്തിന്റെ രക്ഷിതാക്കൾക്ക് ക്ഷത്രിയസഭയോടും തിരുവിതാംകൂർ രാജകുടുംബത്തോടും ഉള്ള സന്തോഷവും കടപ്പാടും അറിയിച്ചിരിക്കുന്നു. ശരത്തിന് ക്ഷത്രിയ ക്ഷേമസഭയുടെ അഭിനന്ദനങ്ങൾ.



# പുസ്തകജാലകം

## *A Tale of Two Cultures

– Sreejalakshmi.S




***In the Shadow of Legends**
**– Sujata Sankranti,**
**Rupa Publications India Pvt. Ltd..**
**New Delhi**
**Pages- 275, Rs. 195/-**

Sujata Sankranti's debut novel "In the Shadow of Legends" is an explicit exposition of the soul of two ideologies- those of Indian and Russian. It is a story of the fortitude of Swati, one among the four children of the Shastris in a small town named Kattuvalli in Kerala. Shastri, the hardcore Gandhian's admiration for his icon's ideals was evergreen. References to the last prayer meeting of Gandhiji and the Padayatra he shared with the great Vinobaji are all exemplars of the author's insight into the contemporary Indian scenario. The richness of India's cultural heritage with particular reference to the orthodox Kerala society is admirably penned by the novelist.

Every nuance of the evil designs that pass through a human mind as depicted in the character of Vishnu maama, (who marries Mandakini, his niece, eyeing on her wealth), Anjaneya Shastri (who molests Gaurikutty) and Janardan (who axed Vishnu to death), illustrates the novelist's multidimensional perspective of the existential ideas. Simultaneously, the novelist has also been successful in convincingly portraying the intrinsic and highly relational knots binding the Shastri family members.

The statement "Unfortunately, life defies logic" seems to be the inherent philosophy of the novel. All the male members of the Shastri clan are axed to death in a terrorist attack. Mini (short for Mrinalini), the eldest daughter of Shastri, and one of the twins, leaves the house on her own. Manda (short for Mandakini), Mini's twin sister, who is pole apart from Mini in her character and behaviour, is left with her daughter Pavani who is mentally weak.

It is towards the end of the first part that the story takes a turn. Janardan is enrolled by Rameshan as a new recruit in a scouting squad. Rameshan wins over Janardan to the network of injustice for injustice.

Separate chapters have been devoted to characters like Bharati teacher, Janardan, Swati, Manda, Anandan and Misha who play a vital role in the story. The indepth knowledge and interest of the novelist in almost all genres of literature and culture are evident from her apt references to Changampuzha, Gandhiji, Marx, Angels, Dickens, Hardy, Tolstoy, "Cindrella", "Little Red RidingHood", "Vishu", "Onam" and "Ganesh Chathurthi".

It is in the second part that the story shifts to Russia. Swati flees to Russia in her pursuit of higher studies. There she meets Misha who gives her first skiing lessons.

Cont...Page 39

### അഭിജിത്തിന് NEST-ൽ മികച്ച റാങ്കും CBSE-ൽ സ്കോളർ ഷിപ്പും



കോഴിക്കോട് ഭാരതീയ വിദ്യാഭവൻ സ്കൂളിൽ നിന്നും സി.ബി.എസ്.ഇ. യിൽ 92% മാർക്കു വാങ്ങി പാസ്സായ അഭിജിത്ത് ഭാരത സർക്കാരിന്റെ അണുശക്തിവകുപ്പ് (ഡിപ്പാർട്ട്മെന്റ് ഓഫ് അറ്റോമിക് എനർജി) നടത്തുന്ന National Entrance Screenning Test (NEST) –ൽ മികച്ച വിജയം നേടി ഇപ്പോൾ Atomic Energy നടത്തുന്ന Centre for Excellence in Basic Sciences (CBS) ൽ മികച്ച സ്കോളർഷിപ്പ് നേടി 5 വർഷത്തെ എം.എസ്.സി.ക്ക് (Integrated) ചേർന്നിരിക്കുന്നു. മാവേലിക്കര കൊട്ടാരത്തിൽ രാജീവ് വർമ്മയുടെയും കിളിമാനൂർ കൊട്ടാരത്തിൽ അപർണ്ണയുടെയും മകനാണ് അഭിജിത്ത്.

### സഞ്ജയ് വർമ്മ

ഇക്കഴിഞ്ഞ 10–ാം ക്ലാസ് CBSE



പരീക്ഷയിൽ എല്ലാ വിഷയത്തിനും 'എ' ഗ്രേഡോടെ വിജയിച്ച സഞ്ജയ് വർമ്മ എസ്. പന്തളം കൊട്ടാരത്തിലെ എം. ആർ. സുരേഷ് വർമ്മയുടെയും കൊച്ചിരാജകുടുംബത്തിലെ (പാലസ് നമ്പർ 11) ലേഖയുടെയും മകനാണ്. തൃപ്പൂണിത്തുറ ചിന്മയാ വിദ്യാലയത്തിലെ പ്ലസ് വൺ വിദ്യാർത്ഥിയാണ്.

# വാർത്തകൾ – വിശേഷങ്ങൾ

## തിരുവനന്തപുരം ക്ഷത്രിയ ക്ഷേമസഭ

തിരുവനന്തപുരം ക്ഷത്രിയക്ഷേമസഭ യുടെ 2011ലെ ഓണാഘോഷം ഒക്ടോബർ2 ഞായറാഴ്ച വൈലോപ്പിള്ളി സംസ്കൃതി ഭവനിലെ കൂത്തമ്പലത്തിൽ നടന്നു. രാവിലെ 10 മണി മുതൽ വൈകുന്നേരം 5.30 വരെ തിരുവാതിര, ചെണ്ട മേളം, ഗാനാലാപനങ്ങൾ, നൃത്തനൃത്യങ്ങൾ, അഷ്ടപദി, നാടകം തുടങ്ങി വിവിധ കലാപരിപാടികൾ അംഗങ്ങൾ അവതരിപ്പിച്ചു. മാധ്യമങ്ങളിലൂടെ ശ്രദ്ധ നേടിയ "കാഞ്ചനസീത" എന്ന നാടകം സദസ്യർക്ക് ഏറെ കൗതുകം പകർന്നു.

ഓണാഘോഷങ്ങളുടെ ഉൽഘാടനം ശ്രീപദ്മനാഭദാസ ഉത്രാടംതിരുനാൾ മാർത്താണ്ഡവർമ്മ മഹാരാജാവ് നിലവിളക്കു കൊളുത്തി നിർവഹിച്ചു. വിശിഷ്ടാതിഥിയായി പങ്കെടുത്ത ബഹു. കേരള നിയമസഭാസ്പീക്കർ ശ്രീ. ജി. കാർത്തികേയൻ ഓണാഘോഷത്തോടനുബന്ധിച്ചു നടന്ന കലാ- കായിക മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനദാനം നിർവഹിച്ചു. ഉച്ച യ്ക്ക് ഗംഭീരമായ ഓണസദ്യയിൽ 250-ൽപരം പേർ പങ്കെടുത്തു.

## കരിവെള്ളൂർ യൂണിറ്റ് പ്രവർത്തന റിപ്പോർട്ട്

യൂണിറ്റ് എക്സിക്യുട്ടീവ് യോഗം 21.8.2011ന് പ്രസിഡന്റ് എൻ.കെ. കൃഷ്ണൻ ഉണിത്തിരിയുടെ അദ്ധ്യക്ഷതയിൽ നടന്നു. സെക്രട്ടറി വി.എം. കൃഷ്ണകുമാർ റിപ്പോർട്ട് അവതരിപ്പിച്ചു. ട്രഷറർ ടി.എം. ശ്രീകുമാർ വരവ് ചെലവ് കണക്ക് വായിച്ചു. സംസ്ഥാന വാർഷിക സമ്മേളന റിപ്പോർട്ടിന്റെ ചുരുക്കം, യൂണിറ്റിന്റെ പങ്കാളിത്തം, ബൈലോ ഭേദഗതി, ക്ഷാത്ര സന്ദേശം, വിവാഹ രജിസ്ട്രേഷൻ, REACT, സെൻസസ്, മുന്നോക്ക സമുദായ കോർപ്പറേഷൻ, ശ്രീ പത്മനാഭസ്വാമി ക്ഷേത്രത്തിലെ അമൂല്യനിധിശേഖരം സംബന്ധിച്ച സംസ്ഥാന കമ്മിറ്റിയുടെ നിലപാട്, ജോബ് സെന്റർ എന്നീ വിഷയങ്ങളെ ആസ്പദമാക്കി സംസ്ഥാന വൈസ് പ്രസിഡന്റ് കൂടിയായ ടി.എം. ശ്രീകുമാർ വിശദമായ ചർച്ച നടത്തി. ശ്രീകാമാക്ഷി ക്ഷേത്രം ഏറ്റെടുത്ത്നടത്തുന്നത് സംബന്ധിച്ച വിശദമായ ചർച്ച നടന്നു. ക്ഷേത്രം ക്ഷത്രിയസഭ ഏറ്റെടുക്കണമെന്നാണ് പൊതുചർച്ചയിൽ നിന്നും ഉരുത്തിരിഞ്ഞു വന്ന നിർദ്ദേശം. ഈ വിഷയത്തിൽ തുടർ ചർച്ചകൾക്കായി എൻ.കെ. നാരു ഉണിത്തിരി, എൻ.പി. കൃഷ്ണൻ ഉണിത്തിരി, കെ. ചന്ദ്രകാന്തൻ, എൻ.കെ. കൃഷ്ണൻ ഉണിത്തിരി, അഡ്വ. വി.എം. കൃഷ്ണകുമാർ എന്നിവരടങ്ങിയ സബ്കമ്മിറ്റിയെ ചുമതലപ്പെടുത്തി.

ഓണാഘോഷം11.9.2011ന് എൻ.കെ. കൃഷ്ണൻ ഉണിത്തിരിയുടെ ഭവനത്തിൽ വെച്ച് നടത്താൻ തീരുമാനിച്ചു. വിഭവങ്ങൾ മെമ്പർമാരുടെ ഭവനങ്ങളിൽ നിന്നും പാകം ചെയ്ത് യോഗസ്ഥലത്തെത്തിക്കുവാൻ തീരുമാനിച്ചു. പൂക്കളം, കുട്ടികളുടെ വിവിധ മത്സരങ്ങൾ, തിരുവാതിരകളി എന്നിവയും നടത്താൻ തീരുമാനിച്ചു. യൂണിറ്റിന്റെ ഈ വർഷത്തെ എൻഡോവ്മെന്റുകളും, ക്യാഷ് അവാർഡുകളും, പെൻഷൻ കുടിശ്ശികയും അന്നേ ദിവസം വിതരണം ചെയ്യാനും തീരുമാനിച്ചു. ഓണാഘോഷപരിപാടിയുടെ മുഖ്യാതിഥിയായി സ്റ്റേറ്റ് മുൻ പ്രസിഡന്റ് കെ.സി. മാനവർമ്മരാജയെ ക്ഷണിക്കുവാൻ തീരുമാനിച്ചു. സഭയുടെ പേരിലുള്ള ബേങ്ക് അക്കൗണ്ട് പുതിയ ഭാരവാഹികളായ എൻ.കെ. കൃഷ്ണൻ ഉണിത്തിരി (പ്രസിഡന്റ്) ടി.എം. ശ്രീകുമാർ (ട്രഷറർ) എന്നിവരുടെ പേരിലേക്ക് മാറ്റാനാവശ്യമായ നടപടി സ്വീകരിക്കുവാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തി. നേത്രദാന സമ്മതപത്രം ഓണാഘോഷപരിപാടിയിൽ വെച്ച് ബന്ധപ്പെട്ട അധികാരികൾക്ക് കൈമാറാൻ തീരുമാനിച്ചു.

### വാർഷിക ജനറൽ ബോഡിയോഗം

ക്ഷത്രിയക്ഷേസഭ കരിവെള്ളൂർ യൂണിറ്റ് വാർഷിക ജനറൽബോഡിയോഗം 10.7.11ന് വങ്ങാട്ടുമഠത്തിൽ നടന്നു. വി.എം. കൃഷ്ണകുമാർ സ്വാഗതം പറഞ്ഞു. പ്രസിഡന്റ് എൻ.പി. കൃഷ്ണൻ ഉണിത്തിരി, സി.കെ. പുരുഷോത്തമൻ, ഇ.എം. കൃഷ്ണകുമാർ, വത്സല സുബ്രഹ്മണ്യൻ, എൻ.പി. പുരുഷോത്തമൻ, സി. മാധവൻ എന്നിവർ ചർച്ചകളിൽ പങ്കെടുത്തു സംസാരിച്ചു. റിപ്പോർട്ടും വരവ്-ചെലവ് കണക്കും ഉന്നയിക്കപ്പെട്ട ഭേദഗതികളോടെ പാസ്സാക്കി.

പിന്നീട് 2011-13 വർഷത്തെ ഭാരവാഹികളുടെ തിരഞ്ഞെടുപ്പ് നടന്നു. വി.എം. ദാമോദരൻ റിട്ടേണിംഗ് ഓഫീസറായി ചുമതലയേറ്റു. വിജയകുമാര വർമ്മ നിർദ്ദേശിച്ച പാനൽ ടി.എം. ശ്രീകുമാർ പിന്താങ്ങുകയും യോഗം അത് ഐകകണ്ഠ്യേന അംഗീകരിക്കുകയും ചെയ്തു.

പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികൾ

എൻ.കെ. കൃഷ്ണൻ ഉണിത്തിരി (പ്രസിഡന്റ്) എൻ.പി. കൃഷ്ണൻ ഉണിത്തിരി, സി. മാധവൻ (വൈസ് പ്രസിഡന്റുമാർ), വി.എം. കൃഷ്ണകുമാർ (സെക്രട്ടറി), ടി.ആർ. സുദേവ വർമ്മ, എൻ.പി. ബാലകൃഷ്ണൻ (ജോ. സെക്രട്ടറിമാർ) ടി.എം. ശ്രീകുമാർ (ട്രഷറർ).

കമ്മിറ്റി അംഗങ്ങൾ: എൻ.കെ. നാരായണൻ ഉണിത്തിരി, വി.എം. ബാലകൃഷ്ണൻ, കെ.ചന്ദ്രകാന്തൻ, സി.കെ. രാഘവൻ, വി. എം. രാജൻ, ഇ.എം. കൃഷ്ണകുമാർ, പി.കെ. രാജശേഖവർമ്മ, സി.കെ. പുരുഷോത്തമൻ, വത്സല സുബ്രഹ്മണ്യൻ, എസ്.പി. ശശിധരൻ തമ്പാൻ, എൻ.പി. കാമാക്ഷി വർമ്മ, രാധാമണി ആർ. വർമ്മ, സി.കെ. ശ്രീധരവർമ്മ.

ഓഡിറ്റർ: എൻ.പി. പുരുഷോത്തമൻ

സംസ്ഥാനകമ്മിറ്റി അംഗങ്ങൾ: ടി.എം. ശ്രീകുമാർ, ശ്രീനിധി, കരിവെള്ളൂർ, വി. എം. കൃഷ്ണകുമാർ, അഡ്വക്കേറ്റ്, എൻ. പി. ബാലകൃഷ്ണൻ, കരിവെള്ളൂർ.

രക്ഷാധികാരികൾ: വി.എം. നാരായണൻ ഉണിത്തിരി, കോക്കാട്

എൻ.കെ. നാരു ഉണിത്തിരി, കരിവെള്ളൂർ.

തുടർന്ന് പുതിയ ഭാരവാഹികൾ ആദ്യയോഗം ചേർന്ന് ചുമതലയേറ്റെടുത്തുകൊണ്ട് താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

ശ്രീ. ശങ്കരനാഥ ജോത്സ്യരുടെ ജന്മദിന വാർഷികം 17.7.2011ന് ശ്രീ കാമാക്ഷി ട്രസ്റ്റുമായി യോജിച്ച് നടത്താൻ തീരുമാനിച്ചു.

2011 വർഷത്തെ വരിസംഖ്യാപിരിവ് 31.7.2011ന് പൂർത്തീകരിക്കണമെന്ന് തീരുമാനിച്ചു.

എല്ലാ മാസവും രണ്ടാമത്തെ ഞായറാഴ്ച എക്സിക്യുട്ടീവ് കമ്മിറ്റി യോഗം നടത്താൻ തീരുമാനിച്ചു.

ഈ വർഷത്തെ ഓണാഘോഷവും സ്കോളർഷിപ്പ് വിതരണവും 11.9.2011ന് ഞായറാഴ്ച കരിവെള്ളൂർ മണക്കാട്ട് വെച്ച് നടത്താൻ തീരുമാനിച്ചു.

ടി.ആർ. സുദേവവർമ്മ നന്ദി പറഞ്ഞു.

**വാർഷികപ്രവർത്തന റിപ്പോർട്ട്, പ്രധാന വിവരങ്ങൾ**

**യോഗങ്ങൾ:** റിപ്പോർട്ട് കാലയളവിൽ 6 ജനറൽ ബോഡിയോഗങ്ങളും 15 എക്സിക്യുട്ടീവ് കമ്മിറ്റി യോഗങ്ങളും നടന്നിട്ടുണ്ട്. കൂടാതെ 3 കുടുംബയോഗങ്ങളും നടന്നിട്ടുണ്ട്.

**മെമ്പർമാർ:** 2010-11 വർഷത്തിൽ 124 അംഗങ്ങൾ വരിസംഖ്യ അടച്ച് മെമ്പർമാരായിട്ടുണ്ട്.

**സ്കോളർഷിപ്പ്/എൻഡോവ്മെന്റ്:** എസ്. എസ്. എൽ.സി. പ്ലസ്ടു, ഡിഗ്രി, ഡിപ്ലോമ വിഭാഗങ്ങളിലായി 27,222 രൂപ സ്കോളർഷിപ്പ്/എൻഡോവ്മെന്റ് ആയി നൽകി വരുന്നുണ്ട്. പി.എം. സുബ്രഹ്മണ്യൻ 20000 രൂപയും എൻ.കെ. കൃഷ്ണൻ ഉണിത്തിരി 5000 രൂപയും എം.എം. നാരായണൻ ഉണിത്തിരിമാസ്റ്റർ 1111 രൂപയും, എൻ.വി.എം. നാരായണൻ ഉണിത്തിരിയുടെ സ്മരണയ്ക്കായി ശ്രീ. വി. എം. കൃഷ്ണകുമാർ 1111 രൂപയും ഈ ഇനത്തിൽ നൽകിവരുന്നുണ്ട്. നമ്മുടെ സമുദായത്തിലെ സമർത്ഥരായ 28 കുട്ടികൾക്ക് 2009, 2010 വർഷങ്ങളിൽ ഈ തുക വിതരണം ചെയ്തിട്ടുണ്ട്. 2011 വർഷത്തെ സംഖ്യ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

**കേന്ദ്രസ്കോളർഷിപ്പ്:** മഹാറാണി സേതുപാർവ്വതീഭായ് സ്മാരക വിദ്യാഭ്യാസ സ്കോളർ ഷിപ്പ് 2010 വർഷത്തിൽ നമ്മുടെ യൂണിറ്റിലെ എൻ.വി.എം. ശ്രീജേഷ് വർമ്മ (എൻജിനീയറിംഗ്) എന്ന കുട്ടിക്കാണ് ലഭിച്ചത്. 2011 വർഷത്തെ സ്കോളർഷിപ്പിന് ലഭിച്ച ഒരു അപേക്ഷ പരിഗണനക്കായി കേന്ദ്രസഭയ്ക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

**പെൻഷൻ:** 2010 ഏപ്രിൽ ഒന്നു മുതൽ ഏർപ്പെടുത്തിയ പെൻഷൻ (പ്രതിമാസം 200 രൂപ) നമ്മുടെ സമുദായത്തിലെ (1) എം.എം. സരസ്വതി പിള്ളയാർതിരി അമ്മ (2) മൂലക്കൽ കോയിക്കൽ കവിത (3) രോഹിണിനാൾ മാലിനി തമ്പുരാട്ടി എന്നിവർക്ക് നൽകി.

**REACT ധനസഹായം**

കേന്ദ്രസഭയുടെ നിയന്ത്രണത്തിൽ രൂപീകൃതമായ REACT ൽനിന്നും കരിവെള്ളൂർ വിജയകുമാരവർമ്മക്ക് ചികിത്സയ്ക്കായി 5000 രൂപ ലഭിച്ചിട്ടുണ്ട്.

**തിരുവാതിര സംഘം:** ക്ഷത്രിയരുടെ പാരമ്പര്യ ആഘോഷമായ തിരുവനാതിരകളിയുടെ നടത്തിപ്പിനായി മണ്ടൂർ കേന്ദ്രീകരിച്ച് ഒരു സംഘം രൂപീകരിച്ചിട്ടുണ്ട്. 8 പേരടങ്ങിയ ഈ സംഘം കോഴിക്കോട് വെച്ച് നടന്ന എം.സി. കേരളവർമ്മ അനുസ്മരണപരിപാടിയിലും കരിവെള്ളൂരിൽ വെച്ച് നടന്ന സംസ്ഥാന വാർഷിക യോഗത്തിലും തിരുവാതിര അവതരിപ്പിക്കുകയുണ്ടായി.

**നേത്രദാന/അവയവദാന സമ്മതപത്രം:** നേത്രദാന/ശരീര അവയവദാന സമ്മത പത്രം തയ്യാറാക്കി ദാതാവിന്റെ ഒപ്പ് വാങ്ങി സമർപ്പിക്കുന്നതു സംബന്ധിച്ച് പരിപാടി പൂർത്തീകരിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തുവാൻ തീരുമാനിച്ചു.

**ഡയറക്ടറി:** 2009 സെപ്തംബർ മാസം 6-ാം തീയതി ഈ യൂണിറ്റിലെ മെമ്പർമാരുടെ പൂർണ്ണവിവരം ഉൾക്കൊള്ളുന്ന ഒരു കുടുംബഡയറക്ടറി പുറത്തിറക്കുവാൻ സാധിച്ചു. വി.എം. കൃഷ്ണകുമാറിന്റെ നേതൃത്വത്തിലാണ് ഈ ഡയറക്ടറി പുറത്തിറക്കാൻ സാധിച്ചത്.

**ക്ഷാത്രസന്ദേശം:** ക്ഷാത്രസന്ദേശം വാർത്താപത്രികയ്ക്ക് കരിവെള്ളൂർ യൂണിറ്റിൽ നിന്നും 52 പേർ വരിക്കാരായിട്ടുണ്ട്. യൂണിറ്റിലെ സംഘടനാപരമായ എല്ലാ റിപ്പോർട്ടുകളും കൃത്യമായി അയച്ചു കൊടുക്കുകയും അവ കൃത്യമായി പ്രസിദ്ധീകരിക്കുകയും ചെയ്യാറുണ്ട്.

**സംസ്ഥാന സമ്മേളനം:** കേന്ദ്രസഭയുടെ 29-ാം വാർഷിക പൊതുയോഗം 27.6.2010ന് കരിവെള്ളൂരിൽ വെച്ച് നടത്തുന്നതിന് നമുക്ക് സാധിച്ചിട്ടുണ്ട്.

**ചിട്ടി:** നിലവിലുണ്ടായിരുന്ന ചിട്ടിയുടെ കാലാവധി അവസാനിച്ചതിനെത്തുടർന്ന് 50,000 രൂപ സലയുള്ള പുതിയ കുറി 2011 ജൂൺ മാസത്തിൽ ആരംഭിച്ചു. കാലാവധി അവസാനിച്ച കുറിയിൽ നിന്നും മുതൽ കുറി വക ലഭിച്ച 27500 രൂപ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്.

## കരപ്പുറം ക്ഷത്രിയസഭ, ചേർത്തല

കരപ്പുറം ക്ഷത്രിയസഭയുടെ ഒരു പൊതുയോഗം 15-8-11ൽ നൈഷധത്തിൽ വച്ച് പ്രസിഡന്റ് രവീന്ദ്രവർമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. സെക്രട്ടറി മെയ് മുതൽ ആഗസ്റ്റ് 15 വരെ ഉള്ള പ്രവർത്തനങ്ങളുടെ ഒരു വിശദമായ റിപ്പോർട്ട് സമർപ്പിച്ചു. താഴെപ്പറയുന്ന തീരുമാനങ്ങൾ എടുത്തു.

ഈ കാലങ്ങളിൽ നിര്യാതരായ പരിമണത്ത് കോവിലകത്ത് എൻ. ഉദയവർമ്മ, രാഘവപറമ്പിൽ കോവിലകത്ത് സുരേന്ദ്രവർമ്മ, നടുവിലേ കോവിലകത്ത് രാമവർമ്മ എന്നിവർക്കും പ്രശസ്തനായ ഭാഗവത ഹംസം മള്ളിയൂർ ശങ്കരൻ നമ്പൂതിരിയ്ക്കും സ്മരണാഞ്ജലി അർപ്പിക്കുകയും അവരുടെ ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്തു.

2010-2011 ലെ ഓണഫണ്ടിന്റെ വിതരണം നിർവഹിച്ചു.

2011-2012 ലേക്കുള്ള ഓണഫണ്ട് കളക്ഷൻ പൂർത്തിയാക്കി. ഇതിലേക്ക് സഹകരിച്ച എല്ലാ അംഗങ്ങളെയും അഭിനന്ദിച്ചു.

സെപ്റ്റംബർ 18-ാം തീയതി ഞായറാഴ്ച കേരള വിലാസത്തിൽ വച്ച് വിപുലമായ പരിപാടികളോടുകൂടി ഓണാഘോഷം നടത്തുവാൻ തീരുമാനിച്ചു.

ആഗസ്റ്റ് 14-ാം തീയതി ഇടപ്പള്ളിയിൽ വച്ചുനടന്ന കേന്ദ്രസഭയുടെ കമ്മിറ്റിയിലുണ്ടായ ചർച്ചകളും തീരുമാനങ്ങളും സഭാംഗങ്ങളെ അറിയിച്ചു.

സഭയുടെ റിലീഫ് ഫണ്ടിൽ നിന്ന് രൂപ. 5000/- നടുവിലെ കോവിലകത്ത് മഞ്ജുളാവർമ്മ യുടെ 2 മാസം പ്രായമായ കുട്ടിയുടെ ഓപ്പറേഷനുവേണ്ടി സഹായ മായി നൽകുവാൻ തീരുമാനിച്ചു.

## ക്ഷത്രിയക്ഷേമസഭ: 30-ാം സംസ്ഥാന വാർഷിക സമ്മേളനം

ക്ഷത്രിയക്ഷേമസഭയുടെ 30-ാം സംസ്ഥാന വാർഷിക സമ്മേളനം 2011 ആഗസ്റ്റ് 14-ാം തീയതി ഞായറാഴ്ച ഇടപ്പള്ളി തൃക്കണ്ണപുരം പാർത്ഥസാരഥി ഭജന മന്ദിരത്തിൽ വിപുലമായ പരിപാടി കളോടെ നടന്നു. രാവിലെ 10.30ന് ആരം ഭിച്ച സമ്മേളനത്തിൽ കേരളത്തിലെ വിവിധ ക്ഷത്രിയ യൂണിറ്റുകളിൽ നിന്നു മുള്ള പ്രതിനിധികൾ പങ്കെടുത്തു. സംസ്ഥാന പ്രസിഡന്റ് മാനവർമ്മ രാജയുടെ അദ്ധ്യക്ഷതയിൽ ആരംഭിച്ച യോഗത്തിൽ ഇന്ദിരാവർമ്മ ഈശ്വര പ്രാർത്ഥനയും ഇടപ്പള്ളി യൂണിറ്റ് പ്രസി ഡന്റ് കെ.കെ. വർമ്മ സ്വാഗതവും ആശം സിച്ചു. രണ്ടു വർഷക്കാലയളവിൽ പ്രതീ ക്ഷയോടെ ഏറ്റെടുത്ത മുഴുവൻ കാര്യ ങ്ങളും ചെയ്തു തീർക്കുവാൻ സാധിച്ചി ല്ലെങ്കിലും പ്രധാനപ്പെട്ട പല കാര്യങ്ങളും ഗൗരവത്തോടെ ഏറ്റെടുക്കുവാനും കുറേ യൊക്കെ കാര്യങ്ങൾ പ്രാവർത്തികമാക്കു വാനും സാധിച്ചതായി അദ്ധ്യക്ഷൻ അറി യിച്ചു. തുടങ്ങിവെച്ച കാര്യങ്ങൾ പൂർത്തീ കരിക്കുവാനും സഭാംഗങ്ങളുടെ ക്ഷേമ ത്തിന് പുതിയ പദ്ധതികൾ ആരംഭിക്കു വാനും കഴിയട്ടെ എന്നദ്ദേഹം ആശംസിച്ചു. വിശദമായ വാർഷികപ്രവർത്തന റി പ്പോർട്ട് സെക്രട്ടറി സുഭാഷ്കുമാർ വർമ്മയും വരവു ചെലവു കണക്കുകൾ ട്രഷറർ രാജരാജവർമ്മയും അവതരിപ്പി ച്ചത് വിശദമായ ചർച്ചകൾക്കുശേഷം ഐകകണ്ഠ്യേന അംഗീകരിച്ചു. സംസ്ഥാന വൈസ് പ്രസിഡന്റ് ശശികു മാർ വർമ്മ അവതരിപ്പിച്ച നിയമാവലി ഭേദ ഗതി വിശദമായ ചർച്ചകൾക്കു ശേഷം അംഗീകരിച്ചു. വിവിധ യൂണിറ്റുകളെ പ്രതിനിധീകരിച്ച് ഇ.കെ. രാജവർമ്മ (വെ ള്ളാരപ്പള്ളി), കിഷോർ കുമാർ വർമ്മ, കെ. എൽ. ശ്രീകൃഷ്ണദാസ്, എം. രവിവർമ്മ രാജ, പ്രസാദ് വർമ്മ തമ്പുരാൻ (തിരുവ നന്തപുരം) ഹരികൃഷ്ണവർമ്മ, ഉദയവർമ്മ (ചേർത്തല), കൃഷ്ണവർമ്മ (വൈക്കം), സരോജവർമ്മ, സുനിത വർമ്മ (തൃപ്പൂണി ത്തുറ), പ്രദീപ് കുമാർരാജ, അഡ്വ. കൃഷ്ണ വർമ്മ (കോഴിക്കോട്) ബാലരാമവർമ്മ തുട ങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു സംസാ രിച്ചു. ചർച്ചയിൽ ഉയർന്നുവന്ന സംശയ ങ്ങൾക്ക് ശശികുമാർ വർമ്മ, സുഭാഷ് കുമാർ വർമ്മ, എം. രവിവർമ്മരാജ, രാമ വർമ്മ എന്നിവർ വിശദീകരണം നൽകി. ശ്രീ സുകുമാരവർമ്മയുടെ അഭാവത്തിൽ മദ്ധ്യമേഖല റിപ്പോർട്ട് മനോജ്‌വർമ്മ വായി ച്ചവതരിപ്പിച്ചു. വിവിധ വിഷയങ്ങളിലുള്ള പ്രമേയങ്ങൾ രവിവർമ്മരാജയും ശശികു മാർ വർമ്മയും അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു.(പ്രമേയങ്ങളുടെ പൂർണ്ണ രൂപം അടുത്തലക്കത്തിൽ). അടുത്ത രണ്ടു വർഷത്തേക്കുള്ള ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസർ രാമ വർമ്മയുടെ നേതൃത്വത്തിൽ നിർവഹിച്ചു.

**ഇവർ പുതിയ സാരഥികൾ**

പി. ജി.ശശികുമാർ വർമ്മ (തിരുവനന്തപുരം) പ്രസിഡന്റും വിജയ വർമ്മ (ഇടപ്പള്ളി), ജനറൽ സെക്രട്ടറിയു മായി 45 പേരടങ്ങുന്ന സംസ്ഥാന കമ്മറ്റി



പി. ജി.ശശികുമാർ വർമ്മ



വിജയവർമ്മ

യെയാണ് തെരഞ്ഞെടുത്തത്. (വിശദമായ പേരുവിവരം അന്യത്ര)

കമ്മിറ്റി അംഗങ്ങൾ: കെ.സി. മാന വർമ്മരാജ, പി. സുഭാഷ്കുമാർ വർമ്മ, റ്റി. സി. കൃഷ്ണവർമ്മരാജ, വി.സി. കൃഷ്ണ വർമ്മരാജ, എൻ.പി. ബാലകൃഷ്ണൻ, സി. കെ. കേരള വർമ്മ, പി.സി. കേരളവർമ്മ, പി.വി. രവിവർമ്മ, പി.സി. ശരത് കുമാർ, പി.സി. ഗോദവർമ്മ, പി. കെ. ഉദയവർമ്മ, പി. ഗോദവർമ്മ, ശർമ്മിള വർമ്മ, കെ.ബി. രാമചന്ദ്രൻ, ശ്രീജിത്, എം.ആർ. വേണു ഗോപാൽ വർമ്മ, പി.ആർ. ഉദയവർമ്മ, എൻ. രാമചന്ദ്രൻ, എൻ. ആർ. കേരള വർമ്മ, സുകുമാര വർമ്മ, മധുകുമാർ വർമ്മ, റ്റി.സി. വിജയകൃഷ്ണൻ, പി.കെ. ജയചന്ദ്രവർമ്മ, ജി. രാമവർമ്മ, എസ്. അജയ് കുമാർ വർമ്മ, ആർ. രാജരാജ വർമ്മ, ആർ. രാമവർമ്മ, എം. രവിവർമ്മ രാജ, പി.എ. ഗോദവർമ്മ രാജ, അനിൽകു മാർ പണ്ടാല, കെ.കെ. വർമ്മ, സി.കെ. കെ. വർമ്മ, സി.കെ.കെ. തമ്പാൻ, സരോ ജം, വിനോദ് വർമ്മ, കെ. രവിവർമ്മ തിരു മുൽപാട്.

ഉച്ച കഴിഞ്ഞുള്ള സാംസ്കാരിക സമ്മേളനത്തിൽ ഈ വർഷത്തെ മഹാ റാണി സേതുപാർവ്വതിഭായി സ്മാരക സ്കോളർഷിപ്പിന്റെ വിതരണം ക്ഷണിക്ക പ്പെട്ട വ്യക്തി അഡ്വ. വി. ശങ്കരരാജ നിർവ്വ ഹിച്ചു. സ്കോളർഷിപ്പ് ലഭിച്ച കുട്ടികൾക്ക് ശശികുമാർവർമ്മ ആശംസയും കെ.കെ വർമ്മ നന്ദിയും പ്രകാശിപ്പിച്ചു. യോഗം 4 മണിയോടുകൂടി പര്യവസാനിച്ചു. ഇടപ്പള്ളി യൂണിറ്റിന്റെ വിവിധ കലാപരിപാടികളോ ടുകൂടി വാർഷികാഘോഷങ്ങളുടെ തിര ശ്ശീല വീണു.

## സാംസ്കാരികം

### തൃപ്പൂണിത്തുറ വനിതാ കഥകളി സംഘത്തിന്റെ വിദേശയാത്ര – ശൈലജ വർമ്മ

പ്രസിദ്ധ കഥകളി ഭാഗവതർ ശ്രീ ചേർത്തല തങ്കപ്പപണിക്കർ ആശാന്റെ കീഴിൽ, 1981ൽ കഥകളി സംഗീതം പഠി യ്ക്കുവാൻ ആരംഭിച്ച എനിക്ക് തൃപ്പൂണി ത്തുറ വനിതാ കഥകളി സംഘത്തോ ടൊപ്പം വിദേശത്തു പോകുവാനുള്ള ഭാഗ്യം ലഭിച്ചപ്പോൾ സന്തോഷത്തിനതിരില്ലായിരു ന്നു. ഞങ്ങൾ 12 പേരാണ് പോകുവാൻ തീരുമാനിച്ചത്. ട്രൂപ്പ് മാനേജർ സതി വർമ്മയും കൂടെ ഉണ്ടായിരുന്നു.

തൃപ്പൂണിത്തുറക്കാരിയായ അമേരിക്ക യിലെ ചിത്ര ശോഭാമേനോനും കുടുംബ വുമാണ് ഞങ്ങളെ അമേരിക്കയിലെത്തി യ്ക്കുവാൻ പ്രയ ത്നിച്ചത്. 2002 മേയ് 25ന് ഞങ്ങൾ 12 പേർ ദോഹയി ലേക്ക് വിമാനം കയറി. അവിടെ നിന്നും ലണ്ടൻ വഴി കെന്നഡി



ശൈലജവർമ്മ



വനിതാ ട്രൂപ്പ്, തൃപ്പൂണിത്തുറ

വിമാനത്താവളത്തിൽ ഇറങ്ങുമ്പോൾ രാത്രി 9 മണി. പറഞ്ഞറിയിക്കാൻ പറ്റാത്ത പുതിയൊരനുഭവം. 20 മണിക്കൂർ യാത്ര, രാത്രി കാണാത്ത യാത്ര, ന്യൂയോർക്ക്, ന്യൂജേഴ്സി, ഫ്ളോറിഡ, കാനഡ, ഹ്യൂസ്റ്റൻ, ഓസ്റ്റിൻ, ഡാലസ്, പിറ്റ്സ്ബർഗ്, എന്നീ സ്ഥലങ്ങളിലായി 16 കളികൾ അവതരിപ്പിച്ചു.

എത്ര കണ്ടാലും മതിവരാത്ത 'നയാഗ്ര' വെള്ളച്ചാട്ടം. ലോകത്തിലെ അത്ഭുതങ്ങളിൽ ഒന്ന്. ഒമ്നിമാക്സ് തീയേറ്ററിൽ എക്സ്പഡീഷൻ ടു കാലിഫോർണിയ എന്ന ത്രീഡി സിനിമ, സെന്റ് ലൂയിസിൽ ചുണ്ണാമ്പ് കൊണ്ടുള്ള ഗുഹ, മുന്തിരി തോട്ടത്തിൽ വൈൻ എടുക്കുന്ന സമ്പ്രദായം, വാൾട്ട് ഡിസ്നി വരച്ച കാർട്ടൂൺ കഥാപാത്രങ്ങൾ, ഇങ്ങിനെ എന്തെല്ലാം എന്തെല്ലാം... ഒരു കാർ റേസിലും പങ്കെടുത്തു. അങ്ങിനെ 3 മാസം ശോഭ ചേച്ചിയുടെ വീട്ടിൽ താമസിച്ചു, ഓഗസ്റ്റ് 14ന് മടങ്ങിയ ഞങ്ങൾക്ക് വീണ്ടും ഒരവസരം കൂടി ഉണ്ടാകും എന്ന് ഒരിക്കലും പ്രതീക്ഷിച്ചില്ല.

2011 ജൂൺ 12 വീണ്ടും അമേരിക്കയിലേക്ക് യാത്രയായി. നെടുമ്പാശ്ശേരിയിൽ നിന്ന് ദൽഹി വഴി ന്യൂയോർക്ക്. ഇത്തവണ ഒന്നര മാസമേയുള്ളു എന്നൊരു സമാധാനമായിരുന്നു മനസ്സ് നിറയെ. ലവണാസുരവധം, കർണ്ണശപഥം, പഞ്ചവടി, കല്യാണസൗഗന്ധികം, പ്രഹ്ലാദ ചരിതം, കിരാതം, പൂതനാമോക്ഷം, ദക്ഷയാഗം, എന്നീ കഥകൾ പല സ്ഥലങ്ങളിലായി അവതരിപ്പിച്ചു. ഹ്യൂസ്റ്റനിലെ ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ വെച്ചു ഒരു കഥകളിപദ കച്ചേരിയും സോപാന സംഗീതവും അഷ്ടപദിയും പാടാനുള്ള ഭാഗ്യവും ഞങ്ങൾക്ക് ലഭിച്ചു.

ടെക്സാസിലെ എഡ്വേർഡ് യൂണിവേഴ്സിറ്റിയിൽ ദക്ഷയാഗം കഥകളി കഴിഞ്ഞു വന്നപ്പോൾ അവിടത്തെ മലയാളി കുടുംബത്തിലെ ശ്യാമള ചേച്ചി ഞങ്ങൾക്ക് (പാട്ടുകാർക്ക്) ഒരു സ്നേഹോപഹാരം (സാരി) തന്നത് സന്തോഷത്തോടെ ഓർക്കുന്നു. 2012 ലേയ്ക്കും ഒരു കഥകളി അവർ ബുക്ക് ചെയ്തു. അങ്ങിനെ അമേരിക്കയിൽ നിന്നും ജൂലൈ 27ന് ഞങ്ങൾ എല്ലാവരും നെടുമ്പാശ്ശേരിയിൽ വിമാനം ഇറങ്ങുമ്പോൾ എന്റെ സ്വന്തം നാട്, കേരളം കണ്ടപ്പോൾ മനസ്സ് അറിയാതെ പാടി...

(കേരളം...കേരളം...കേളി കൊട്ടുയരുന്ന കേരളം...കേളീ കദംബം പൂക്കും കേരളം... കേര കേളി സദനമാണെൻ കേരളം)

**ഡോ. കൃഷ്ണൻ നമ്പൂതിരി വയലാർ അവാർഡ് നിർണ്ണയസമിതിയിൽ**

ഇത്തവണത്തെ വയലാർ രാമവർമ്മ സാഹിത്യപുരസ്കാരം പ്രശസ്ത കഥാകൃത്തും നോവലിസ്റ്റുമായ കെ.പി. രാമനുണ്ണിയുടെ 'ജീവിതത്തിന്റെ പുസ്തകം' എന്ന നോവലിന് ലഭിച്ചു. എം. മുകുന്ദൻ, ഡോ. എം. കൃഷ്ണൻ നമ്പൂതിരി, ഉമ്മർ തറമേൽ എന്നിവരടങ്ങുന്ന സമിതിയാണ് അവാർഡ് നിർണ്ണയം നടത്തിയത്. ഡോ. കൃഷ്ണൻ നമ്പൂതിരി കാലടി സംസ്കൃത സർവ്വകലാശാല തൃശൂർ കേന്ദ്രം ഡയറക്ടറും ക്ഷത്രിയക്ഷേമസഭ തൃശൂർ യൂണിറ്റംഗവുമാണ്.

## വിവാഹം

**മനോജ്– ഷീന**

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് മുൻ പ്രസിഡന്റ് എൻ.കെ. നാരായണൻ ഉണിത്തിരിയുടെയും പരേതയായ കെ.ടി.എൻ. നളിനിയുടെയും മകൻ മനോജും, വെള്ളൂർ നന്ദനത്തിൽ പി. അനന്തകൃഷ്ണന്റെയും ടി. ദാക്ഷായണിയുടെയും മകൾ കുമാരി ഷീനയും തമ്മിലുള്ള വിവാഹം 14.9.2011ന് പയ്യന്നൂർ ശ്രീവത്സം ഓഡിറ്റോറിയത്തിൽ വെച്ച് സമംഗളം നടന്നു.

**ജലജ– ഗിരീഷ്കുമാർ**

ക്ഷത്രിയക്ഷേമസഭ കരിവെള്ളൂർ യൂണിറ്റ് അംഗമായ സി.കെ. കുഞ്ഞിനാരായണവർമ്മയുടെയും സത്യഭാമയുടെയും മകൾ കുമാരി ജലജയും ചെന്നൈ ജെ.ബി. നഗറിൽ പരേതനായ വിജയൻ തമ്പാന്റെയും ശ്രീമതി ലളിതാംബികത്തമ്പുരാട്ടിയുടെയും മകൻ ഗിരീഷ്കുമാറും തമ്മിലുള്ള വിവാഹം ആഗസ്റ്റ് 18ന് ഏച്ചിക്കുളങ്ങര ശ്രീനാരായണപുരം ക്ഷേത്രത്തിൽ വെച്ച് സമംഗളം നടന്നു.

## ഷഷ്ടിപൂർത്തി

കൊടുങ്ങല്ലൂർ കണ്ണെഴുത്തുമഠത്തിൽ രാമവർമ്മയുടേയും ഇടപ്പള്ളി ആൽത്തറമഠത്തിൽ കമലാദേവിയുടേയും മകളും മണക്കുളം രാമാനുജരാജയുടെ പത്നിയുമായ ശ്രീമതി ജയപ്രഭയുടെ 60-ാം പിറന്നാൾ ആഗസ്റ്റ് 7ന് ആൽത്തറമഠത്തിൽ ബന്ധുമിത്രാദികളുടെ സാന്നിദ്ധ്യത്തിൽ ആഘോഷിച്ചു.

## നിര്യാതരായി

**മങ്കുതമ്പുരാൻ**

തൃപ്പൂണിത്തുറ: സംഗീതവിദുഷിയും കൊച്ചി രാജകുടുംബത്തിലെ വലിയമ്മ തമ്പുരാനുമായ തൃപ്പൂണിത്തുറ കോട്ടയ്ക്കകം ചന്ദ്രവിലാസം പാലസിൽ മങ്കുത്തമ്പുരാൻ (97) അന്തരിച്ചു.



കേരള സംഗീത നാടക അക്കാദമി പ്രഥമ ചെയർപേഴ്സനാണ്. മൈസൂരിലായിരുന്നു അന്ത്യം. മുരിയ മംഗലത്തു മനയ്ക്കൽ നീലകണ്ഠൻ നമ്പൂതിരിപ്പാടിന്റെയും കൊച്ചി രാജകുടുംബാംഗം മങ്കുട്ടിത്തമ്പുരാന്റെയും മകളായി കൊല്ല വർഷം 1089, വൃശ്ചികം 17നായിരുന്നു മങ്കുത്തമ്പുരാന്റെ ജനനം.

മങ്കുത്തമ്പുരാന്റെ മിക്ക കച്ചേരികൾക്കും ഗുരുനാഥൻ ചെമ്പൈ ആയിരുന്നു പക്കമേളം ഒരുക്കിയിരുന്നത്. വയലിനിൽ ചെമ്പൈയും മൃദംഗത്തിൽ പാലക്കാട് മണി അയ്യരും ആയുള്ള മങ്കുത്തമ്പുരാന്റെ കച്ചേരികൾ അക്കാലത്ത് ആസ്വാദകരെ ഏറെ ആകർഷിച്ചിരുന്നു. 1950ൽ കോഴിക്കോട് ആകാശവാണി നിലയം പ്രവർത്തനമാരംഭിച്ചപ്പോൾ സംഗീത പരിപാടികളുടെ ഉദ്ഘാടനം നടത്തിയത് മങ്കുത്തമ്പുരാനായിരുന്നു 1974ൽ ആകാശവാണി തൃശ്ശൂർ നിലയത്തിന്റെ ഉദ്ഘാടന ദിവസം ഗുരുവും ശിഷ്യയും കച്ചേരി അവതരിപ്പിച്ചു. 1957ൽ ഇ.എം. എസ്. മന്ത്രിസഭയുടെ കാലത്ത് സംഗീത നാടക അക്കാദമി സ്ഥാപിക്കപ്പെട്ടപ്പോൾ അതിന്റെ അദ്ധ്യക്ഷ സ്ഥാനത്ത് മങ്കുത്തമ്പുരാനായിരുന്നു.

പരേതനായ മാധവൻ നമ്പൂതിരിയാണ് ഭർത്താവ്. ഏക മകൾ: സുലോചന തമ്പുരാൻ. റിട്ട. പി.ആൻഡ് ടി എൻജിനീയർ പാലിയക്കര കൊച്ചനിയൻ രവിവർമ്മ മരുമകനാണ്.

**പങ്കിപിള്ളയാർതിരി അമ്മ**

കരിവെള്ളൂർ തെക്കേ മണക്കാട് എൻ.കെ. പങ്കിപിള്ളയാർതിരി അമ്മ (90) നിര്യാതയായി. ഭർത്താവ് പരേതനായ കോരേടത്തു മഠത്തിൽ രാമവർമ്മ. മക്കൾ: സരസ്വതി, ഉണ്ണിക്കൃഷ്ണൻ (റിട്ട. മിലിട്ടറി), പരേതനായ പത്മനാഭൻ, മരുമക്കൾ: എൻ. എസ്. ശങ്കരൻ നമ്പൂതിരി (തിമിരി ഹൈസ്കൂൾ റിട്ട.) ടി.എം. ഉഷാകുമാരി (മണക്കാട്).

**ഉദയവർമ്മ**

പരിമണത്തു കോവിലകത്ത് ഉദയവർമ്മ (67) സ്വവസതിയായ രാജേഷ് ഭവനിൽ 24 - 7 - 2011ൽ നിര്യാതനായി.

**സുരേന്ദ്രവർമ്മ**

ചേർത്തല രാഘവപറമ്പിൽ കോവിലകത്ത് സുരേന്ദ്രവർമ്മ (80) സ്വവസതിയിൽ 10.8.11ൽ നിര്യാതനായി.

**രാമവർമ്മ**

ചേർത്തല വാരനാടുനടുവിലെ കോവിലകത്ത് രാമവർമ്മ (62) 9/8/11ൽ കടിയക്കോൽ മഠത്തിൽ നിര്യാതനായി. ഭാര്യ: ശാന്താദേവി. മക്കൾ: അപർണ്ണാദേവി, കാശിനാഥൻ (കലാമണ്ഡലം) മരുമകൻ: രതീഷ്.

**കമലാവർമ്മ**

തൃപ്പൂണിത്തുറ: കൊച്ചി രാജകുടുംബാംഗം പരേതനായ ആർ.ആർ. വർമ്മയുടെ ഭാര്യ റിട്ട. അദ്ധ്യാപിക കമല



വർമ്മ (89) നിര്യാതയായി. ചിന്മയ വിദ്യാലയത്തിന്റെ പ്രസിഡന്റും അഭയ ചാരിറ്റബിൾ സൊസൈറ്റി സ്ഥാപകാംഗവുമായിരുന്നു. മക്കൾ: കെ. വി. രാജഗോപാൽ, മീന, നളിനി, മാലിനി. മരുമക്കൾ: ഇന്ദു, മാധവൻ, വിജയകുമാർ, വേണുഗോപാൽ.

**തങ്കമണി തമ്പുരാൻ**

തൃപ്പൂണിത്തുറ: കൊച്ചി രാജകുടുംബാംഗം കോട്ടയ്ക്കകം ഗോകുലം പാലസിൽ തങ്കമണി



തമ്പുരാൻ (86) അന്തരിച്ചു. നെല്ലിക്കോട് മാമണ്ണ് മനയ്ക്കൽ പരേതനായ അഷ്ടമൂർത്തി നമ്പൂതിരിയുടെ ഭാര്യയാണ്. മക്കൾ: അരുണാദേവി തമ്പുരാൻ, സുധാദേവി തമ്പുരാൻ (ബാംഗ്ലൂർ), വരദാദേവി തമ്പുരാൻ, സുരേഷ് കുമാർ (യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ്, എറണാകുളം) മൃദുലാദേവി തമ്പുരാൻ (എൻ. എസ്. എസ്. സ്കൂൾ തൃപ്പൂണിത്തുറ) മരുമക്കൾ: എം. എം. വാസുദേവൻ നമ്പൂതിരി (ബാംഗ്ലൂർ) എം.പി. ഹരീന്ദ്രനാഥൻ (റിട്ട. കൊച്ചി സർവകലാശാല) മിനിവർമ, സുധീർ വർമ (മെഡിക്കൽ റപ്രസന്റേറ്റീവ്) പരേതനായ രാമവർമ്മ രാജ.

**ചക്രധരവർമ്മ**

പാലക്കാട്: വയലാർ രാമവർമ്മയുടെ മകൾ ഇന്ദുലേഖയുടെ ഭർത്താവ് ചക്ര



ധരവർമ്മ (58) 2011 ആഗസ്റ്റ് 24ന് അന്തരിച്ചു. കരുനാഗപ്പള്ളിചങ്ങൻകുളങ്ങര കൊയ്പ്പള്ളിമഠം സോമവർമ്മയുടെയും ഇന്ദിരാഭായിയുടെയും മകനാണ്.

ഖത്തറിലെ പാർസൺസ് ഇന്റർനാഷണൽ കൺസൾട്ടന്റ് കമ്പനി ജീവനക്കാരനായിരുന്നു. ഗാനരചയിതാവ് വയലാർ ശരത്ചന്ദ്രവർമ ഭാര്യാസഹോദരനാണ്.

മക്കൾ: കവിത, രേവതി, മരുമക്കൾ: സുരേഷ് വർമ (ദുബായ്)ജയകൃഷ്ണൻ (ഡൽഹി), സഹോദരങ്ങൾ: കൃഷ്ണകുമാർ, അജിതകുമാരി, ആരോമൽ ദേവി, അമൃതശ്രീ.

**ഡോ. സി. തങ്കം**

ചിറ്റനൂർ കോവിലകത്തെ ഡോ. സി. തങ്കം (87) ആഗസ്റ്റ് 23-ാം തീയതി അന്ത



രിച്ചു. ആദ്യകാല കമ്മ്യൂണിസ്റ്റ് നേതാവും സാമൂഹ്യ പ്രവർത്തകനുമായിരുന്ന പരേതനായ ശർമ്മാജിയാണ് ഭർത്താവ്. ഇവർ രചിച്ച 'ശിശിരത്തില ഓക്കുമരം' എന്ന പുസ്തകത്തിന് ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അവാർഡ് ലഭിച്ചിട്ടുണ്ട്.

കമ്മ്യൂണിസ്റ്റ് സൈദ്ധാന്തികനായിരുന്ന പരേതനായ സി. ഉണ്ണിരാജ, പരേതയായ ഡോ. സി.കെ. തമ്പായി, സി. സരോജിനി, ജസ്റ്റിസ് സി.എസ്. രാജൻ എന്നിവരാണ് സഹോദരങ്ങൾ.

മക്കൾ: ഡോ. ശങ്കർ, ഡോ. ശാന്തി, അശോക്, അനിത മരുമക്കൾ: ഡോ. ഉമ, സതീഷ്, ഡോ. മിനി.

**കൃഷ്ണവർമ്മ**

കൊടുങ്ങല്ലൂർ പുത്തൻകോവിലകത്ത് കൃഷ്ണവർമ്മ (50) ഒക്ടോബർ 1-ാം തീയതി വൈക്കം പിറവം റോഡിൽ വച്ച് ഉണ്ടായ ഒരു ട്രെ യിൻ അപകടത്തിൽ നിര്യാതനായി. രഞ്ജി ട്രോഫി ക്രിക്കറ്റിൽ കേരളത്തെ പ്രതിനിധാനം ചെയ്തിട്ടുണ്ട്. കേരളാ ജൂനിയർ ക്രിക്കറ്റ് ടീം സെലക്ഷൻ കമ്മിറ്റിയിൽ അംഗമായിരുന്നു. ഭാര്യ:കോട്ടയ്ക്കൽ കോവിലകത്തെ കൈരളിവർമ്മ, മകൾ: കാളിന്ദി.

**രാഗിണിവർമ്മ, കൊടുങ്ങല്ലൂർ**

കൊടുങ്ങല്ലൂർ ചിറയ്ക്കൽ കോവിലകത്ത് രാഗിണിതമ്പുരാട്ടി (49) ആഗസ്റ്റ് 31-ാം തീയതി നിര്യാതയായി. അമ്പലപ്പുഴ പുത്തൻ കോവിലകത്ത് പി.ആർ. ജയകുമാർ ആണ് ഭർത്താവ്. മകൾ: രാജശ്രീ.

**കൃഷ്ണവർമ്മ**

ബാലുശ്ശേരി: പുല്ലങ്കോട് ഇല്ലത്ത് പരേതനായ വിഷ്ണുനമ്പൂതിരിയുടെ മകൻ



കുളപുറത്ത് കോവിലകത്ത് കൃഷ്ണവർമ [59]അന്തരിച്ചു. അമ്മ: പരേതയായ അംബികാദേവി തമ്പുരാട്ടി. ഭാര്യ: പത്മജതമ്പായി. മക്കൾ: കൃപ.കെ.വർമ്മ,കിരൺ. കെ. വർമ്മ. മരുമകൻ: മുകുന്ദ് വർമ. സഹോദരങ്ങൾ: ഉദയവർമ, കേരളവർമ,വിജയം വർമ.

**അനുജത്തി തമ്പുരാട്ടി**

മാങ്കാവ് പടിഞ്ഞാറെ കോവിലകത്തെ വലിയ തമ്പുരാട്ടിയായ അനുജത്തി തമ്പുരാട്ടി(83) സെപ്തംബർ16-ാം തീയതി നിര്യാതയായി. ഭർത്താവ്: പരേതനായ പുതുശ്ശേരി കൃഷ്ണൻ നമ്പൂതിരി. മക്കൾ: മാനവേദൻ രാജ(വളയനാട് ദേവസ്വം), അനുജൻ രാജ (FCI, തിരുവനന്തപുരം), പ്രസന്നൻ(കരിവെള്ളൂർ). മരുമക്കൾ: വിമല തമ്പുരാട്ടി(പൂഞ്ഞാർ), ശോഭന വർമ്മ(പാലിയേക്കര) രാഘവ വർമ്മ (KSRTC,പയ്യന്നൂർ)

**കെ. കുഞ്ഞുണ്ണിരാജ**

കൊടുങ്ങല്ലൂർ ചിറയ്ക്കൽ കോവിലകത്ത് കെ. കുഞ്ഞുണ്ണിരാജ (68) സെപ്റ്റംബർ 7-ാം തീയതി നിര്യാതനായി. പരേതരായ ഭാർഗ്ഗവി തമ്പുരാട്ടിയുടെയും കിഴക്കേ കുത്തുള്ളി കൃഷ്ണൻ നമ്പൂതിരിയുടെ യും മകനാണ്.

**പി.കെ.എം. രാജ**

കോഴിക്കോട് സാമൂതിരി കോവിലകത്ത് നാലാംസ്ഥാനി പി.കെ.എം.രാജ (ഉണ്ണിയേട്ടൻ (87) സെപ്റ്റംബർ 30ന് തൃപ്പൂണിത്തുറയിൽ മകന്റെ വസതിയിൽ അന്തരിച്ചു. മാവേലിക്കര വലിയ കൊട്ടാരത്തിൽ സരളാരാജയാണ് ഭാര്യ. രാഷ്ട്രീയ സ്വയം സേവക സംഘത്തിന്റെ സജീവ പ്രവർത്തകനായിരുന്നു പരേതൻ. മക്കൾ: മോഹൻ രാജ, നന്ദകുമാർ രാജ, ശോഭരാജ. മരുമക്കൾ: പ്രീതി രാജ (സാമൂതിരി കോവിലകം), ഗീതാ രാജ (തൃപ്പൂണിത്തുറ), അനിയൻ രാജ (സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ).

**ലഫ്. കേണൽ സുകുമാരവർമ്മ**

കിളിമാനൂർ കൊട്ടാരത്തിൽ ലഫ്. കേണൽ സുകുമാരവർമ്മ (83) ആഗസ്റ്റ് 2ന്



ഇടപ്പള്ളിയിൽ നിര്യാതനായി. ഇന്ത്യൻകരസേനയിൽ (core of EME) ദീർഘകാലം സേവനമനുഷ്ഠിച്ച കേണൽ വർമ്മ ആഭ്യന്തര മന്ത്രാലയ ത്തിന്റെ കീഴിൽ മിസൈൽ ടെക്നോളജിയിലും പ്രവർത്തിച്ചിരുന്നു. കിളിമാനൂർ പാലസ് മാനേജിംഗ് കമ്മിറ്റി പ്രസിഡന്റായിരിക്കെ രാജാരവിവർമ്മ ചിത്രശാല നവീകരണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. കിളിമാനൂർ കൊട്ടാരം യു.പി. സ്കൂളി ന്റെ മാനേജരായിരുന്നു. കൊട്ടാരത്തിന്റെ വികസനപ്രവർത്തനങ്ങളിൽ ദീർഘവീക്ഷണത്തോടെ മുൻകൈ എടുത്തിട്ടുണ്ട്. മാവേലിക്കര വലിയകൊട്ടാരത്തിൽ കൗസല്യാഭായി തമ്പുരാട്ടിയാണ് ഭാര്യ. മക്കൾ: ഡോ. അജിത് കുമാർ വർമ്മ, (ഡയബറ്റിക് സർജൻ, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്) ഷീലാവർമ്മ (അദ്ധ്യാപിക, കേന്ദ്രീയവിദ്യാലയം, നേവൽബേസ്) രാജീവ് വർമ്മ, (സിവിൽ എൻജിനീയർ, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, കോഴിക്കോട്) നിർമ്മലാവർമ്മ (വിദ്യോദയാ സ്കൂൾ, കൊച്ചി) അപർണ്ണ (ഭാരതീയ വിദ്യാഭവൻ, കോഴിക്കോട്)

*പുസ്തകജാലകം തുടർച്ച*

The third part of the novel gives an elaborate view of the cultural heritage of Russia through Misha, his mother Irena and his Babushka ie., grandmother. What is all the more striking is the picturisation of parallel stories through Swati which fortifies the statement- "Human nature is the same, whether it is in the Indian sub-continent or in European Russia". The depiction of the activity of skiing and the ceremony of marriage in Russia is an excellent example of the author's power of keen observation and attention to minute details. Since this part is rather elaborate and descriptive, the reader may sometimes deviate from the rhythm of reading.

The chapter "White Nights" is highly romantic- the Midnight Sun has sanctified and blessed the love of Swati and Misha and they experience an exquisite moment of bliss. This memorable moment, in Swati's case, is good enough for a life time.

The novel ends in the shadow of legends, with Swati planning to move to Lakshadweep with Pavani and Misha, (Pavani's son).

The subtle sense of suspense suitably moulded into every chapter, helps to keep alive the reader's interest. For the literary enthusiast, reading of this novel will be an enlightening and enriching experience.




# വരനെ ആവശ്യമുണ്ട്

## BOX No. 458

Kshatriya girl, 25Yrs, (14-4-1986 1161 Medam 1) B.Tech (Computer) presently working in a private firm seeks alliance from parents of Engineers or other well settled professionals.

| | | | |
|---|---|---|---|
| ബു | ര ശു സ | ച | ല |
| ഗു | Rasi രാശീ | | - |
| - | | | മാ |
| കു | മ | ശി | - |

| | | | |
|---|---|---|---|
| ല ഗു | ര | - | സ |
| - | Navamsa നവാംശകം | | ബു മാ |
| - | | | ച കു |
| ശി | മ | ശു | - |

## BOX No. 459

ക്ഷത്രിയ യുവതി 25 വയസ്സ് (1-12-1986) അനിഴം നക്ഷത്രം. M.SC. ബയോടെക്നോളജി 5'5" ഉയരം 45Kg.wt. അച്ഛൻ പന്തളം രാജ കുടുംബാംഗം. അമ്മ കിളിമാനൂർ കൊട്ടാരം. ബാംഗ്ലൂരിൽ താമസം. അനുയോജ്യരായ ക്ഷത്രിയ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ജാതകക്കുറിപ്പ് സഹിതം ആലോചനകൾ ക്ഷണിക്കുന്നു.

ഗുമാ ബു

| | | | | | |
|---|---|---|---|---|---|
| | സ | - | - | മാ | |
| സ | ഗു കു | ഗ്രഹനില | | ല | |
| ഭ്യ കു | - | | | - | ശി |
| മ | - | ര മ ച | ബു ഭ്യ | ശി | |

രച ല

## BOX No. 460

ക്ഷത്രിയ യുവതി, 28 വയസ്സ്. (7-10-1983) ചോതി നക്ഷത്രം. 165 സെ. മീ. ഉയരം. എം.എസ്.സി. അമേരിക്കയിൽ മോളിക്യുലർ ബയോളജിയിൽ എം.എസ്. കഴിഞ്ഞു. ഇപ്പോൾ കോഴിക്കോട് താമസം. അച്ഛൻ ബാലുശ്ശേരി കോവിലകം. അമ്മ കൊച്ചുമഠത്തിൽ കോവിലകം. (കരുനാഗപ്പള്ളി) അനുയോജ്യരായ ക്ഷത്രിയ യുവാക്കളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. Ph:0496– 2640132, 9349731510 Email: kudayavarma@gmail.com

| | | | |
|---|---|---|---|
| - | - | സ | ല |
| - | ഗ്രഹനില | | മാ |
| - | | | ശു കു |
| - | ഗു ശി | ച മ | ര ബു |

| | | | |
|---|---|---|---|
| - | - | - | ശു ല |
| ബു ശി | നവാംശകം | | ര കു |
| മ | | | സ |
| ച | - | - | - |

1159 കന്നി 21ന് വെള്ളിയാഴ്ച രാത്രി പിറ്റെന്നാൾ ഉദിപ്പാൻ 14 നാഴിക 18 വിനാഴിക ഉള്ളപ്പോൾ (12.35 am) ജനനം മുതൽ 16 കൊല്ലം 0 മാസം 23 ദിവസം സർപസ്യശിഷ്ടദശ

## BOX No. 461

Kshatriya (Samantha) girl, aged 25, (DOB 02-06-1986, Star Uthrattathi), MA (Sociology) with good academic records, now preparing for NET, invites suitable alliance from parents of educated and employed kshatriya/Samantha youths. Mother from Zamorine Family. Kindly contact with Horoscope Contact Phone 04712372506/09447520585.

## BOX No. 462

Kshatriya girl, 26 Yrs, Punartham Star, Height 142 cm, Doing Final year Post Graduation in Audiology and speech language at Manipal. Seeks proposals from parents of Kshethriya Youth, along with biodata.

ച ഗു

| | | | | | |
|---|---|---|---|---|---|
| ര ശു | കു ശു | സ | - | ച | ശി |
| കു | ര | ഗ്രഹനില | | - | |
| | ബു ഗു | | | - | മ |
| സ | - | ല മ മാ | ശി | - | ല ബു |

മാ

ജനനശിഷ്ടം 14 വർഷം 8 മാസം വരെ വ്യാഴദശ.

## BOX No. 463

നമ്പൂതിരി യുവതി 30വയസ്സ്. (17-3-1981 1156 മീനം 4) ആയില്യം നക്ഷത്രം. B.Tech. ബാംഗ്ലൂരിൽ ബഹുരാഷ്ട്ര കമ്പനിയിൽ സോഫ്റ്റ്വെയർ എൻജിനീയർ 5'2" ഉയരം. നല്ല നിറം. തുല്യമായ/ഉയർന്ന യോഗ്യതയും ഉദ്യോഗവുമുള്ള സ്വ/സമാന സംസ്കാര സമുദായ യുവാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു.

| ച | ഗു | മ ശി മാ | ശു | |
|---|---|---|---|---|
| ര കു | - | - | മാ | |
| ബു ശു | ഗ്രഹനില | | ച സ | ര |
| ശി | | | ല | |
| - | മ | - | മ ഗു | |

സ ബു ല കു

1156 മീനം 4-ാംനു ചൊവ്വാഴ്ച (17-3-1981) 105.37pm ആയില്യം നക്ഷത്രം. ബുധദശ